# ഒല്ലൂക്കര

# ബ്ലോക്ക് പഞ്ചായത്ത്

## ഛൗരാവകാശ രേഖ

# 2025-2026

പ്രസിദ്ധീകരണം - 19-02-2026

ഓരോ ഭരണ സ്ഥാപനങ്ങളിലും നിർണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് വിവിധ ഇനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും, അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെ ടുത്തി പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ. തദ്ദേശ ഭരണ സംവിധാനത്തിൽ ഒരു പൗരന് അവകാശപ്പെട്ടത് എന്തൊക്കെ എന്നത് അവർക്കറി യനുള്ള അവകാശം ഉണ്ടാക്കുക എന്നത് പ്രാഥമിക കർത്തവ്യമാണ് പൗരാവകാശ രേഖ പ്രസിദ്ധപ്പെടു ത്തുന്ന വഴി അവകാശത്തോടെ അവ ലഭ്യമാക്കാനുള്ള വഴിയും സുതാര്യമാക്കുന്നു. പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം കൃത്യമായും ലഭ്യമാക്കുന്നത് സംബന്ധിച്ച് അറിവ് നൽകുന്നതിനും ഐ. എസ്. ഒ. സേവന ഗുണമേന്മ നിലവാര അംഗീകാരം നിലനിർത്തു ന്നതിനുമായുള്ള റീ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായും കൂടിയാണ് ബ്ലോക്ക് പഞ്ചായത്ത് പൗരാവ കാശരേഖ പ്രസിദ്ധീകരിക്കുന്നത്. സുതാര്യവും കാര്യക്ഷമ വുമായ ഭരണക്രമത്തിന് വഴിയൊരുക്കുക എന്ന ലക്ഷ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് അനായാസേനെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഈ പൗരാവകാശ രേഖ കൂടുതൽ ഉപകാരപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു.

വിശ്വസ്തതയോടെ,
**ശ്രീമതി ശ്രീവിദ്യ രാജേഷ്**
പ്രസിഡന്റ്
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

# പൊതുവിവരങ്ങൾ

1956 ഒക്ടോബർ 2ന് നിലവിൽ വന്ന ഒല്ലൂക്കര വികസന ബ്ലോക്ക്, പഞ്ചായത്തീരാജ് നിയമം നിലവിൽ വരികയും ത്രിതല പഞ്ചായത്ത് സംവിധാനം വ്യസ്ഥാപിതമാക്കുകയും ചെയ്തതോടെ 1996 ഒക്ടോബർ 2ന് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ആയി പരിണമിച്ചു. മാടക്കത്തറ, നടത്തറ, പാണഞ്ചേരി, പുത്തൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തൃതി 266.73 ചതുരശ്ര കി. മീറ്റർ ആണ്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവിവരങ്ങൾ, ജനസംഖ്യ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ പട്ടികരൂപത്തിൽ കൊടുക്കുന്നു.

**ഗ്രാമപഞ്ചായത്തുകൾ**

| | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | ഫോൺ നമ്പർ ആഫീസ് | മൊബൈൽ |
|---|---|---|---|---|
| 1. | മാടക്കത്തറ | ശ്രീ. സണ്ണി ചെന്നിക്കര | 2695537 | 9747103472 |
| 2. | നടത്തറ | ശ്രീ. ജോബി ജോസ് സി | 2316284 | 9656506858 |
| 3. | പാണഞ്ചേരി | ശ്രീമതി മിനു വർഗ്ഗീസ് | 2282051 | 9846206639 |
| 4. | പുത്തൂർ | ശ്രീമതി. ബിന്ദു സേതുമാധവൻ | 2352443 | 9497065087 |

**ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ**

| ന. | ഡിവിഷന്റെ പേര് | ഡിവിഷൻ അംഗം | ആഫീസ് | മൊബൈൽ |
|---|---|---|---|---|
| 1. | കട്ടിലപൂവ്വം | ശ്രീമതി ജെയ്മി ജോർജ്ജ് | 2370430 | 9400645110 |
| 2. | പാണഞ്ചേരി | ശ്രീ. അബുബക്കർ കെ.എ | ” | 9847594689 |
| 3. | മൈലാട്ടുംപാറ | ശ്രീമതി മിനി ടീച്ചർ | ” | 9061256781 |
| 4 | പീച്ചി | ശ്രീ. മാത്യൂ നൈനാൻ | ” | 9495552118 |
| 5. | മരോട്ടിച്ചാൽ | ശ്രീ. ടി.കെ ശ്രീനിവാസൻ തണ്ടാശ്ശേരി | ” | 9961540760 |
| 6. | വലക്കാവ് | ശ്രീ. അഭിലാഷ് കെ.സി | ” | 9995759533 |
| 7. | വെട്ടുകാട് | ശ്രീമതി. മിനി ഉണ്ണികൃഷ്ണൻ | ” | 7558856072 |
| 8. | പുത്തൂർ | ശ്രീ. അഖിൽ പി.എസ് | ” | 8129966569 |
| 9. | ഇരവിമംഗലം | ശ്രീമതി ബിന്ദു കാട്ടുങ്ങൽ | ” | 9656962507 |
| 10. | മരത്താക്കര | ശ്രീമതി പ്രിൻസി അക്കരപ്പുറം | ” | 9778147802 |
| 11. | മൂർക്കനിക്കര | ശ്രീമതി. ഗീത രവീന്ദ്രാക്ഷൻ | ” | 8281809009 |
| 12. | മുളയം | ശ്രീമതി. ശ്രീവിദ്യ രാജേഷ് | ” | 9349793644 |
| 13. | കോട്ടേപ്പാടം | ശ്രീമതി. രാജി ഗരീജ | ” | 9526421197 |
| 14. | മാടക്കത്തറ | ശ്രീ. പി. ആർ. സുരേഷ് ബാബു | ” | 9495419953 |

## ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ:

| ന | ഡിവിഷന്റെ പേര് | ജില്ലാപഞ്ചായത്ത് അംഗം | മൊബൈൽ |
|---|---|---|---|
| 1. | പീച്ചി | ശ്രീ. പി.എസ്. വിനയൻ | 9495566484 |
| 2. | വാഴാനി | ശ്രീമതി മേരി തോമസ് | 9446873858 |
| 3. | പുത്തൂർ | ശ്രീമതി ഓമന ഇ.എ | 9446936891 |

| നിയമസഭാ നിയോജക മണ്ഡലം (നിയമസഭാഅംഗം - MLA) | | മൊബൈൽ |
|---|---|---|
| ഒല്ലൂർ | അഡ്വ. കെ. രാജൻ | 9961375280 |

| പാർലമെന്റ് മണ്ഡലം (പാർലമെന്റ് അംഗം - MP) | | മൊബൈൽ |
|---|---|---|
| തൃശൂർ | ശ്രീ. സുരേഷ്ഗോപി | 9495999777 |

### ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് - വാർഡുകൾ, ഡിവിഷനുകൾ

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | വിസ്തൃതി | വാർഡുകളുടെ എണ്ണം | ബ്ലോക്ക് ഡിവിഷനുകളുടെ പേര് |
|---|---|---|---|---|
| 1 | മാടക്കത്തറ | 25.04 | 18 | മാടക്കത്തറ, കട്ടിലംപൂവ്വം, കോട്ടേപാടം |
| 2 | നടത്തറ | 20.01 | 20 | മൂർക്കനിക്കര, വലക്കാവ്, മുളയം |
| 3 | പാണഞ്ചേരി | 141.71 | 24 | പീച്ചി, വലക്കാവ്, കോട്ടേപാടം, പാണഞ്ചേരി, മൈലാട്ടുംപാറ |
| 4 | പുത്തൂർ | 79.7 | 24 | മരോട്ടിച്ചാൽ, പുത്തൂർ, മരത്താക്കര, വെട്ടുകാട്, ഇരവിമംഗലം |
| ബ്ലോക്ക് ആകെ | | 266.73 | 86 | |

# കേരള സംസ്ഥാന – മന്ത്രിമാരും വകുപ്പുകളും

| | |
|---|---|
| ശ്രീ. പിണറായി വിജയൻ | മുഖ്യമന്ത്രി |
| അഡ്വ. കെ.രാജൻ | റവന്യൂ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| ശ്രീ. റോഷി അഗസ്റ്റ്യൻ | ജലവിഭവ വകുപ്പ് മന്ത്രി |
| ശ്രീ. കെ. കൃഷ്ണൻകുട്ടി | വൈദ്യുതി വകുപ്പ് മന്ത്രി |
| ശ്രീ. എം.കെ. ശശീന്ദ്രൻ | വനം വന്യജീവി വകുപ്പ് മന്ത്രി |
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി |
| ശ്രീ. കെ. ബി. ഗണേഷ്കുമാർ | ഗതാഗത വകുപ്പ് മന്ത്രി |
| ശ്രീ. അബ്ദുറഹിമാൻ | സ്പോർട്സ്, വഖഫ്, ഹജ്ജ്, പോസ്റ്റ്സ്&ടെലഗ്രാഫ്, റെയിൽവെ വകുപ്പ് മന്ത്രി |
| അഡ്വ. ജി.ആർ അനിൽ | ഭക്ഷ്യപൊതുവിതരണം, കൺസ്യൂമർ അഫയേഴ്സ്, ലീഗൽ മെട്രോളജി വകുപ്പ്മന്ത്രി |
| ശ്രീ. കെ. ബാലഗോപാലൻ | ധനകാര്യവകുപ്പ് മന്ത്രി |
| ഡോ. ആർ. ബിന്ദു | ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി |
| ശ്രീമതി ജെ. ചിഞ്ചുറാണി | മൃഗസംരണ, ക്ഷീരവികസന വകുപ്പ് മന്ത്രി |
| ശ്രീ. എം. ബി. രാജേഷ് | തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി |
| അഡ്വ. പി.എ. മുഹമ്മദ് റിയാസ് | പൊതുമരാമത്ത്, വിനോദ സഞ്ചാര വകുപ്പ് മന്ത്രി |
| ശ്രീ. പി. പ്രസാദ് | കൃഷിവകുപ്പ് മന്ത്രി |
| ശ്രീ. ഒ. ആർ. കേളു | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വകുപ്പ് മന്ത്രി |
| ശ്രീ. പി. രാജീവ് | നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി |
| ശ്രീ. വി. ശിവൻകുട്ടി | പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി |
| ശ്രീ. വി. എൻ. വാസവൻ | സഹകരണ, തുറമുഖ, ദേവസ്വം വകുപ്പ് മന്ത്രി |
| ശ്രീമതി വീണാജോർജ്ജ് | ആരോഗ്യം, വനിത-ശിശു വികസന വകുപ്പ് മന്ത്രി |
| ശ്രീ. സജി ചെറിയാൻ | സാംസ്കാരികം, ഫിഷറീസ്, യുവജനക്ഷേമം വകുപ്പ് മന്ത്രി |

# നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | മൊബൈൽ നമ്പർ |
|---|---|---|
| ഉമ. ടി. എൻ | LSGD Assistant Executive Engineer | 9447772742 |
| ജയ ഒ. ആർ | LSGD Assistant Engineer | 7510118577 |
| ഷൈനിമോൾ കെ.ബി | Scheduled Caste Development Officer | 9846016694 |
| രമ കെ. എൽ | Child development Project Officer | 7034465377 |
| രമ്യ എം.വി | Assistant Director of Agriculture | 7907805265<br>9383471450 |
| പ്രബിൻ വി.പി | Industrial Extension officer | 8943441139 |
| ജയലക്ഷ്മി കെ | Dairy Extension officer | 9496839675 |
| ഡോ. രാജീവ് ആർ | Medical Superintendent CHC | 9747438048 |
| സജിത കെ.പി | Veterinary Surgeon | 9446443535 |

# ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

# ജീവനക്കാരുടെ വിവരണങ്ങൾ

| | | | |
|---|---|---|---|
| 1 | ബിഡിഒ/സെക്രട്ടറി | | 8281040587 |
| 2 | ജോയിന്റ് ബിഡിഒ (ഇ ജി എസ്) | ലത എം | 995921769 |
| 3 | ജോയിന്റ് ബിഡിഒ (ആർ.എച്ച്) | സന്തോഷ് കെ.എഫ്. | 9847738378 |
| 4 | എക്സ്റ്റൻഷൻ ഓഫീസർ (പി.& എം) | ഭുവനേശ്വർ ടി.ബി | 9846193497 |
| 5 | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | ജ്യോതി ടി ജോർജ്ജ് | 9400511887 |
| 6 | വനിതാ ക്ഷേമ ഓഫീസർ | രേഖ എം.ആർ | 9400505492 |

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ

| | | | |
|---|---|---|---|
| 1 | വെള്ളാനിക്കര | ഷാജു എം.എ | 9544449694 |
| 2 | കരുവാൻകാട് | രശ്മി പി.സി | 9496346952 |
| 3 | നടത്തറ | ഷൈജ എം. വി | 9946146925 |
| 4 | മൂർക്കനിക്കര | അനുപിയ കെ. എസ് | 8848853006 |
| 5 | പട്ടിക്കാട് | പീറ്റർ സി. ജി | 8593850501 |
| 6 | കണ്ണാറ | സ്വാലിഹ പി. എ | 7559008234 |
| 7 | വാണിയംപാറ | ശ്രാവൺ പി.എസ് | 7907645399 |
| 8 | പൂത്തൂർ | സിബി തോമസ് സി | 8281160031 |
| 9 | മാന്ദാമംഗലം | രാഖി എ. യു | 8075133250 |
| 10 | മരത്താക്കര | ലാലിഘോഷ് | 9447691242 |

## ഓഫീസ് സ്റ്റാഫ്

| | | | |
|---|---|---|---|
| 1 | ഹെഡ് ക്ലാർക്ക് | സാഹിത സി.എ | 9446026497 |
| 2 | ഹെഡ് അക്കൗണ്ടന്റ് | സുമിത ബേബി | 9388163577 |
| 3 | സീനിയർ ക്ലാർക്ക് | റംല വി. എ | 9747041987 |
| 4 | സീനിയർ ക്ലാർക്ക് | ലിജി എ. വി | 9495039490 |
| 5 | ക്ലാർക്ക് | പ്രസീത വി.എൻ | 7907600043 |
| 6 | ടൈപ്പിസ്റ്റ് | രഞ്ജിനി പി.ആർ | 94000541407 |
| 7 | ഡ്രൈവർ | പ്രവീൺ | 9605302147 |
| 8 | ഓഫീസ് അസിസ്റ്റന്റ് | രജിത കെ. | 9207054308 |
| 9 | ഓഫീസ് അസിസ്റ്റന്റ് | ശ്രുതി കെ.ബി | 9605508095 |
| 10 | പി ടി എസ് | സജീഷ്കുമാർ എസ് | 9633971818 |
| 11 | അക്രഡിറ്റഡ് എഞ്ചിനിയർ<br>എം.ജി.എൻ.ആർ.ഇ.ജി.എസ് | അനില പുഷ്പൻ | 8943765648 |
| 12 | അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ്<br>എം.ജി.എൻ.ആർ.ഇ.ജി.എസ് | ഷൈനി കെ.എഫ് | 8089437457 |
| 13 | ഡ്രൈവർ പ്രസിഡന്റിന്റെ വാഹനം | അരുൺ | 6235697544 |

# ജനസംഖ്യ വിവരം

ഒല്ലൂക്കര ബ്ലോക്കിലെ വിവിധ ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യ വിവരങ്ങൾ 1997 ലേയും 2011 ലേയും സെൻസസ് റിപ്പോർട്ട് അടിസ്ഥാനമാക്കി തഴെ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ 20 വർഷക്കാലത്തെ ജനസംഖ്യ വർദ്ധനവ് സ്ത്രീപുരുഷഅനുപാതവും ഇതിൽ പ്രതിഫലിക്കുന്നു.

1997നും 2011നും ഇടയിലുള്ള കാലയളവിൽ ബ്ലോക്കിലെ ജനസംഖ്യ പ്രതിവർഷം 1.75 എന്ന കണക്കിൽ വർദ്ധിക്കുന്നതായി മനസ്സിലാക്കാം. 1981-91 കാലയളവിൽ അത് 1.872% എന്ന കണക്കാക്കിയിട്ടുണ്ട്.

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ നാല് ഗ്രാമപഞ്ചായത്തുകളിലായി 266.73 ച. കീ. മീറ്ററിൽ 140921 പേർ വസിച്ചുവരുന്നു. വിശദമായ ജനസംഖ്യ സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ജനസംഖ്യ വിവരങ്ങൾ – ഗ്രാമപഞ്ചായത്ത് തിരിച്ച്

**1997 ലെ ജനസംഖ്യ**

| ഗ്രാമ | വിസ്തീർണ്ണം | വീടുകളുടെ | വാർഡുകൾ | ജനസംഖ്യ | | | | |
|---|---|---|---|---|---|---|---|---|
| **പഞ്ചായത്ത്** | | **എണ്ണം** | | **ആൺ** | **പെൺ** | **ആകെ** | **എസ് സി** | **എസ്.ടി** |
| പുത്തൂർ | 79.07 | 7792 | 14 | 19462 | 20170 | 39632 | 4747 | 234 |
| നടത്തറ | 20.21 | 6211 | 12 | 1544 | 16362 | 31857 | 222 | 143 |
| പാണഞ്ചേരി | 141.71 | 7513 | 14 | 18283 | 18733 | 37116 | 3405 | 760 |
| മാടക്കത്ര | 25.04 | 4243 | 10 | 10943 | 11574 | 22517 | 1758 | 601 |
| | | | **2011 ലെ ജനസംഖ്യ** | | | | | |
| പുത്തൂർ | 79.07 | 12662 | 23 | 26329 | 24267 | 50596 | 4452 | 264 |
| നടത്തറ | 20.91 | 9212 | 17 | 15408 | 15944 | 31352 | 2010 | 254 |
| പാണഞ്ചേരി | 141.71 | 12412 | 23 | 22792 | 23956 | 46778 | 3925 | 1233 |
| മാടക്കത്ര | 25.04 | 8240 | 16 | 12226 | 12708 | 24934 | 2155 | 01 |

## വിവിധ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യാനുപാതം കാണിക്കുന്ന പട്ടിക

**1997 ൽ**

| **ഗ്രാമപഞ്ചായത്ത്** | **ആൺ** | **പെൺസ്ത്രീ – പുരുഷ അനുപാതം** | |
|---|---|---|---|
| മാടക്കത്ര | 10176 | 10788 | 1058 |
| നടത്തറ | 15495 | 16362 | 1060 |
| പാണഅഞ്ചേരി | 18283 | 18833 | 1030 |
| പുത്തൂർ | 19462 | 20170 | 1030 |
| **2011 ൽ** | | | |
| മാടക്കത്ര | 12226 | 12708 | 1039 |
| നടത്തറ | 15408 | 15944 | 1034 |
| പാണഞ്ചേരി | 22792 | 23986 | 1044 |
| പുത്തൂർ | 22873 | 23237 | 10163 |

## വിവിധ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യാനുപാതം കാണിക്കുന്ന പട്ടിക

2020 ൽ

| ഗ്രാമപഞ്ചായത്ത് | പുരുഷൻ | സ്ത്രീ | ആകെ | സ്ത്രീപുരുഷ അനുപാതം |
|---|---|---|---|---|
| മാടക്കത്ര | 14960 | 15582 | 30522 | 1040 |
| നടത്തറ | 17142 | 17265 | 34407 | 1007 |
| പാണഞ്ചേരി | 25956 | 26540 | 52496 | 1022 |
| പുത്തൂർ | 28208 | 26339 | 52547 | 1004 |

**ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പോലീസ് സ്റ്റേഷനുകൾ**

ഒല്ലൂർ, പീച്ചി, മണ്ണുത്തി. വിയ്യൂർ

**ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ**

പീച്ചിഡാം, കച്ചിത്തോട് ഡാം, പട്ടത്തിപ്പാറ വെള്ളച്ചാട്ടം, വല്ലൂർകുത്ത് വെള്ളച്ചാട്ടം

# പൗരാവകാശരേഖ

രാജ്യപുരോഗതിക്കായുള്ള അന്വേഷണത്തിൽ പൗരാവകാശ സംരക്ഷണത്തിന് ഗണനീയമായ സ്ഥാനമുണ്ട്. നാടിന്റെ യഥാർത്ഥ ഉടമകൾ ഭീതിയുടെയും അധികാരഗർവ്വിന്റെയും ചാട്ടവാറടിയുടെയും നിഴലിൽ പീഡിപ്പിക്കപ്പെടുമ്പോൾ സർക്കാർ തീർത്തും ജനവിരുദ്ധമായിപ്പോകും. സ്വാതന്ത്ര്യത്തിന്റെ ആറ് ദശകങ്ങളിൽ ഇന്ത്യൻ അനുഭവം അതായിരുന്നു. കൊളോണിയൽ ഭൂതകാലം സമ്മാനിച്ച ബ്യൂറോക്രസിയുടെ നിർവ്വികാരതയും ഫ്യൂഡൽ ഭൂതകാലത്തിന്റെ ശാപമായ ഭയവും പ്രതികരണശേഷിക്കുറവും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. സങ്കീർണ്ണമായ ഈ സാഹചര്യങ്ങളിൽ സർക്കാർ സംവിധാനം ജനോപകാരപ്രദമാക്കുന്നതിനുവേണ്ടിയുള്ള അന്വേഷണത്തിന്റെ ആദ്യചുവടാണ് പൗരാവകാശരേഖ.

**എന്താണ് പൗരാവകാശരേഖ**

നിലവിലുള്ള കോട്ടങ്ങൾ പരിഹരിച്ച് സർക്കാരിന്റെ പ്രവർത്തനങ്ങളിൽ എല്ലാതലങ്ങളിലും മാറ്റം വരുത്തുന്നതിന് ഫലപ്രദമായ ഒരു മാർഗ്ഗം കണ്ടുപിടിക്കുക എന്നതാണ് പൗരാവകാശരേഖയുടെ ഉദ്ദേശം. ഇത് കടലാസിൽ മാത്രമാകാതെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാവുന്നതായിരിക്കണം. സർക്കാർ സംവിധാനത്തേയും പൗരന്മാരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതും ലക്ഷ്യബോധത്തോടെ പ്രാവർത്തികമാക്കാൻ കഴിയുന്നതുമായിരിക്കണം. പൗരന്റെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുന്ന വർദ്ധിച്ച പൊതുജനപ്രതിബദ്ധതയും സുതാര്യതയും നിലനിർത്തുന്നതിന് പുറമെ മര്യാദയോടെയും ക്ഷമതയോടെയും ഉള്ള പ്രവർത്തനശൈലിയും നടപ്പിലാക്കേണ്ടതുണ്ട്.

പൗരാവകാശരേഖകൊണ്ട് ഉദ്ദേശിക്കുന്നത് പൗരന്മാർക്ക് കൂടുതൽ അധികാരം നൽകുക എന്നതാണ്. ജനങ്ങൾക്ക് അറിയുന്നതിനും തെരഞ്ഞെടുക്കുന്നതിനുമുള്ള അവകാശത്തിന്റെ അംഗീകാരമാണ് അത്. വളരെ കാലമായി തുടർന്നുവരുന്ന ദാതാവിനുള്ള മേൽക്കൈ ഇനിമേൽ ഉപഭോക്താവിനായിരിക്കട്ടെ, ഇതാണ് പൗരാവകാശ പത്രികയിൽ ഊന്നിപറയുന്ന കാര്യം. സർക്കാരിനും ഉപഭോക്താക്കൾ ഉണ്ടെന്നുള്ളത് പലപ്പോഴും വിസ്മരിക്കപ്പെടുന്നു. സർക്കാർ ആർക്കുവേണ്ടി നിലനിൽക്കുന്നുവോ ആരെ സേവിക്കാൻവേണ്ടി നിലനിൽക്കുന്നുവോ ആ ജനങ്ങളാണ് സർക്കാരിന്റെ ഉപഭോക്താക്കൾ. ഓരോ പൗരനും തനിക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് നേരിട്ടോ അല്ലാതെയോ നികുതികൾ വഴി പണം നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്ന നിലവാരത്തിനുള്ള സേവനം ലഭിക്കുന്നതിന് അവന് അവകാശമുണ്ട്. ഇതാകട്ടെ ഓരോ സേവനത്തിനും അനുസരണമായ ചെലവിലും ക്ഷമതയോടും കൂടിയതും ആകുകയും വേണം. സ്റ്റേറ്റ് നിയമങ്ങൾ നടപ്പിലാക്കുകയും നികുതി പിരിക്കുകയും നീതി നടപ്പിലാക്കുകയും ചെയ്യുന്നിടങ്ങളിലെല്ലാം ഇത്തരം കാര്യങ്ങളും മാന്യമായി നിർവ്വഹിക്കേണ്ടതുണ്ട്.

ഇക്കാരണങ്ങളാൽ സർക്കാരിന്റെ പ്രവർത്തനശൈലിയിൽ സമൂലമായ ഒരു മാറ്റം ഉണ്ടാകേണ്ട സമയമായിരിക്കുന്നു. മുകളിൽനിന്ന് താഴേക്ക് അടിച്ചേൽപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥ മേധാവിത്തരീതിയിൽനിന്നും പൗരന്മാർക്കും സമൂഹത്തിനും അധികാരം നൽകുന്നതിനും എല്ലാതലങ്ങളിലും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുപ്പിച്ചുകൊണ്ടുള്ളതുമായ രീതിയിലേക്ക് മാറേണ്ടിയിരിക്കുന്നു.

വിവിധ വകുപ്പുകളുടേയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം വിലയിരുത്തുന്നതിന് സമഗ്രമായ ഒരു പരിപാടി ഉണ്ടായിരിക്കേണ്ടതാണ്. ഇത് പുറമേനിന്നുള്ള ഒരു ഏജൻസിയിലൂടെ ആകരുത്. അതാത് സംഘടനകൾക്കും അവയുടെ ഉപഭോക്താക്കളായ പൗരന്മാർക്കും പങ്കാളിത്തമുള്ള ഒരു പദ്ധതിയിലൂടെ ആകാം. നല്ല നിലയിൽ ആവിഷ്ക്കരിക്കപ്പെട്ടതും പ്രഖ്യാപിതവുമായ അടിസ്ഥാന മാനദണ്ഡങ്ങൾവെച്ചായിരിക്കണം പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത്. ഏതെങ്കിലും തരത്തിൽ ഉപഭോക്താക്കളുമായി നേരിട്ട് സമ്പർക്കം വേണ്ടിവരുന്ന ഏതൊരു സർക്കാർതല സ്ഥാപനവും ഇത്തരം ഒരു മാനദണ്ഡം പുലർത്തിയിരിക്കണം.

പൗരാവകാശരേഖ സേവനമേഖലയെ ഉപഭോക്താക്കുടെ കണ്ണിലൂടെയാണ് കാണുന്നത്. വിരസവും ഒരേതരത്തിലുള്ളതുമായ ശൈലി എല്ലാ സർവ്വീസ് മേഖലയിലും അടിച്ചേൽപ്പിക്കുന്നതിനുള്ള ഒരു സമവാക്യമല്ല ഇത്. ഓരോ സേവനമേഖലയ്ക്കും ഏറ്റവും യോജിച്ച രീതിയിൽ നിലവാരം ഉയർത്തുന്നതിന് ഉതകുന്ന ആശയങ്ങളുടെയും കർമ്മോത്സുകതയുടെയും ഒരു കലവറയാണ്. നമ്മുടെ സർക്കാർ സേവന സ്ഥാപനങ്ങൾ, കഴിവ്, ഊർജ്ജസ്വലത, ശ്രദ്ധ, പ്രതിബദ്ധത ഇവയുടെ ഒക്കെ ഒരു സ്രോതസ്സായിരിക്കണമെന്ന് പൗരാവകാശരേഖ പറയുന്നു. അതുകൊണ്ടുതന്നെ ഇത്തരം ഗുണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പൗരന്മാരിൽ വിശ്വാസവും ഉദ്യോഗസ്ഥർക്ക് അഭിമാനവും ഉണ്ടാകാവുന്നതരത്തിൽ സേവനം ലഭ്യമാക്കുകയാണ് പൗരാവകാശരേഖയുടെ ലക്ഷ്യം. പൗരാവകാശരേഖയുടെ

ഒരു ബ്ലൂപ്രിന്റ് തയ്യാറാക്കുമ്പോൾ മേന്മ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം, നിലവാരം, മൂല്യം, വിശ്വാസ്യത, സുതാര്യത എന്നിവ യ്ക്കാണ് ഊന്നൽ നൽകേണ്ടത്.

**വ്യക്തതയും സുതാര്യതയും**

പൊതുജനസേവന സ്ഥാപനങ്ങൾ എങ്ങനെ നടത്തപ്പെടുന്നു എന്നതിൽ തീരെ രഹസ്യസ്വഭാവവും പാടില്ല. ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിയമങ്ങൾ, നടപടിക്രമങ്ങൾ, അതിനുവരുന്ന ചെലവ്, ആരാണ് ഉത്തരവാദപ്പെട്ടവർ, അവർ ഈ നിലവാരങ്ങൾ പാലിക്കുന്നുണ്ടോ, ഇല്ലയോ എന്നിവയെല്ലാം വ്യക്തമായിരിക്കണം. സർക്കാർ സേവനസ്ഥാപനങ്ങളിൽ ഇരിക്കുന്നവർ ബിനാമികളാകരുത്. അവരുടെ സുരക്ഷിതത്വത്തിന് ഭീഷണിയുണ്ടെന്ന് ഉറപ്പുള്ള സന്ദർഭങ്ങളിലൊഴികെ പൊതുജനവുമായി ഇടപെടേണ്ടി വരുന്ന എല്ലാവരും പേരെഴുതിയ ബാഡ്ജുകൾ ധരിക്കണം. എഴുത്തുകളിലും ഫോൺ സംഭാഷണങ്ങളിലും പേരുകൾ വെളിപ്പെടുത്തുകയും വേണം.

**ഇൻഫർമേഷൻ**

ഏതെല്ലാം സേവനങ്ങളാണ് ലഭിക്കുക എന്നതിന്റെ കൃത്യമായ വിവരം ഏവർക്കും മനസ്സിലാകുന്ന ഭാഷയിൽ എപ്പോൾ വേണമെങ്കിലും സൗകര്യമുണ്ടായിരിക്കണം. ലക്ഷ്യങ്ങളോടൊപ്പം പൂർണ്ണമായി ഓഡിറ്റ് ചെയ്യപ്പെട്ടതിന്റെയും വിവരവും പ്രസിദ്ധപ്പെടുത്തണം. കഴിയാവുന്നിടത്തോളം വിവരങ്ങൾ താരതമ്യം ചെയ്യാൻ പറ്റുന്ന രൂപത്തിലായാൽ ഏറ്റവും നല്ലത് നേടാനുള്ള ശ്രമം സാധിക്കാം.

**ചോയ്സ്**

കഴിയാവുന്നിടത്തളം ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങളെപ്പറ്റി അവർക്കുള്ള അഭിപ്രായങ്ങൾ കൃത്യമായും നിരന്തരമായും ആരായണം. എങ്കിലേ ഏതുതരം സേവനമാണ് നൽകേണ്ടതെന്ന് തീരുമാനിക്കാൻ കഴിയൂ.

**വിവേചനമില്ലായ്മ**

ജാതി - വർഗ്ഗ - ലിംഗ വിവേചനമില്ലാതെ സേവനം ലഭ്യമായിരിക്കണം. ആവശ്യമുള്ളിടത്ത് വ്യത്യസ്ത ഭാഷയിൽ വിവരങ്ങൾ ലഭ്യമാക്കണം.

**പ്രാപ്യത**

സ്റ്റാഫിന്റെ സൗകര്യത്തിനനുസരിച്ചല്ല, ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ചാവണം സർക്കാർ സേവനസ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. അതായത് തുറന്ന് പ്രവർത്തിക്കുന്ന സമയത്തിൽ ആവശ്യാനുസരണം മാറ്റവും പെട്ടെന്ന് സഹായം ആവശ്യമുള്ളപ്പോൾ ബന്ധപ്പെടുന്നതിന് നമ്പറുകളും ഉണ്ടായിരിക്കണം.

**വിശ്വാസ്യത**

നിലവിലുള്ള വ്യവസ്ഥയിൽ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ പ്രവർത്തനത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ ഉത്തരവാദിത്തം കൃത്യമായി നിശ്ചയിക്കപ്പെടുന്നില്ല. പാളിച്ചകൾക്ക് അനുയോജ്യമായ ശിക്ഷയും നൽകപ്പെടുന്നില്ല. ഇതാണ് പൊതുവായ ധാരണ. ജനങ്ങൾ നൽകുന്ന പരാതികൾ തീരെ അശ്രദ്ധമായി കൈകാര്യം ചെയ്യപ്പെടുന്നതിന്റെ പ്രധാന കാരണം ഇതാണ്. അതുകൊണ്ട് പരാതികളിന്മേൽ നടപടിയുണ്ടാകുമെന്നും പാളിച്ചകൾക്ക് ഉത്തരവാദിത്തം നിശ്ചയിക്കപ്പെടുമെന്നും എടുത്ത തീരുമാനങ്ങൾ അറിയിക്കുമെന്നും എല്ലാം പ്രതീക്ഷിക്കാൻ പൗരന്മാർക്ക് അവകാശമുണ്ടായിരിക്കണം. എങ്കിൽ മാത്രമേ ഗവൺമെന്റ് തല സംവിധാനത്തിന് വിശ്വാസ്യതയും സുതാര്യതയും ഉണ്ടാകൂ.

**പാളിച്ചകൾ വരികയാണെങ്കിൽ**

ഏറ്റവും കുറഞ്ഞത് ഒരു വിശദീകരണമോ, ക്ഷമാപണമോ ലഭിക്കുന്നതിന് പൗരന് അവകാശമുണ്ട്. ട്രെയിൻ വൈകിയതെന്തുകൊണ്ട് അല്ലെങ്കിൽ ഡോക്ടർക്ക് പറഞ്ഞ സമയത്ത് രോഗിയെ കാണാൻ കഴിയാതിരുന്നത് എന്തുകൊണ്ട് എന്ന് അയാളോട് പറയുക

തന്നെ വേണം. പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ എപ്പോൾ വേണമെങ്കിലും ലഭ്യമാക്കണം. ഗൗരവമായ ഒരു പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കണം. തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കാൻ അതിൽനിന്ന് പാഠങ്ങൾ പഠിക്കുകയും വേണം. ഇപ്പോൾ സംഭവിക്കുന്നതു പോലെ പരാതിയുടെ പരിഹാരത്തിനായി തൂണുകൾതോറും നടക്കേണ്ട ഗതിക്കേട് ഇല്ലാതാക്കണം. തന്റെ പ്രശ്നത്തിന് തൃപ്തികരമായ ഒരു ഉത്തരം അല്ലെങ്കിൽ പരിഹാരമാർഗ്ഗം നൽകാൻ കഴിയുന്ന വ്യക്തിയോട് പ്രശ്നങ്ങൾഅവതരിപ്പിക്കാൻ പൗരന് കഴിയണം. മറുപടികൾ ലഭിക്കുന്നതിന് അനന്തമായ താമസം, ഒരു മറുപടിയും ലഭിക്കാത്ത അവസ്ഥ ഇവ മാറണം. അങ്ങനെ സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കാൻ പൗരന് അവകാശമുണ്ടായിരിക്കണം.

**പൗരാവകാശ രേഖയിലെ സേവനങ്ങൾ ആർ നൽകും?**

വിവിധ തലത്തിലുള്ളഎല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളും അവരുടെ നിലവാരം നിശ്ചയിക്കുകയും നടപ്പാക്കുകയും വേണം. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടം, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയും ജനങ്ങൾക്ക് പലതരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളും ഇതിൽ പ്പെടും. ഉപഭോക്താക്കളുമായി ചർച്ച ചെയ്ത് അവരുടെ സൗകര്യത്തിനനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കാവുന്ന സമയപരിധി നിശ്ചയിക്കപ്പെടണം. ഇത് ഏവർക്കും കാണാൻ കഴിയുംവിധം പ്രസിദ്ധപ്പെടുത്തുകയും പ്രദർശിപ്പിക്കുകയും വേണം. പ്രാദേശിക ഭാഷയിൽ നൽകാനുള്ള സംവിധാനവും ഉണ്ടായിരിക്കണം. ഇങ്ങനെ പ്രദർശിപ്പിക്കപ്പെടുന്ന നിലവാരങ്ങൾ ആത്മാർത്ഥതയോടെ പിന്തുടരുന്നു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്തവും ബാദ്ധ്യതയും ഉണ്ടായിരിക്കണം. ഒരിക്കൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ ഇടക്കിടെ വിലയിരുത്തി മെച്ചപ്പെടുത്തണം. നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുകയും വേണം.

സാധുവായ വിശദീകരണമോ ന്യായമോ ഇല്ലാതെ സേവന മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുകയാണെങ്കിൽ പരാതി പരിഹാരത്തിന് കൃത്യമായ നടപടിക്രമങ്ങൾ ഉണ്ടായിരിക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ എളുപ്പത്തിൽ കാണുന്നതിന് കഴിയണം. പരാതികൾക്ക് മറുപടി ലഭിക്കുന്നതിന് സമയനിബന്ധനയും ഉണ്ടായിരിക്കണം. വിവരങ്ങൾ ആവശ്യമുള്ളപ്പോൾ എളുപ്പത്തിലും സുതാര്യതയും ലഭിക്കണം. ഇന്ന വിവരത്തിന് ഇന്നയാളെ സമീപിക്കണമെന്ന് വ്യക്തമായിരിക്കണം. കഴിയാവുന്നതും കൗണ്ടറിൽനിന്ന് ഉപഭോക്താക്കളെ തള്ളിവിടാതെ ഒരു ഏകജാലക സംവിധാനം ഉണ്ടാകുന്നത് നല്ലതാണ്.

ഒരു സാധാരണ പൗരന് പൗരാവകാശരേഖ കൊണ്ട് ലഭിക്കവുന്ന ഏറ്റവും വലി. പ്രയോജനം "കൗണ്ടറിന് പുറകിലെ ആൾ" തനിക്ക് പറായനുള്ളത് കേൾക്കുമെന്ന വിശ്വാസമാണ്. ഇന്ന് ഇതില്ല എന്നത് ദുഃഖകരമായ സത്യമാണ്. മിനിമം നിലവാരം എങ്കിലും പുലർത്തുന്നതും വ്യവസ്ഥ ചെയ്യപ്പെട്ടതും മാന്യമായതും സമർത്ഥവുമായ സേവനം ഒരു പൗരൻ എന്ന നിലക്ക് തനിക്ക് പ്രതീക്ഷിക്കാമെന്നും ആവശ്യപ്പെടാമെന്നും ഉള്ള അറിവ് അയാൾക്കുണ്ടാകും. കാര്യങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ലെങ്കിൽ പരാതികളുടെ പരിഹാരത്തിനായി എന്തുചെയ്യണം, ആരെ സമീപിക്കണം എന്നെല്ലാം അയാൾകക് അറിയാൻ കഴിയും.

പ്രധാനമായും മറ്റൊരു കാര്യം ആലസ്യം, നിഷ്ക്രിയത്വം, ഭയം എന്നിവയിൽ നിന്ന് മോചനം നേടുന്നതിനും കാര്യക്ഷമമല്ലാത്തതും, കുത്തഴിഞ്ഞതും, അഴിമതി നിറഞ്ഞതുമായ ഭരണസംവിധാനത്തിനെതിരെ ശബ്ദമുയർത്തുന്നതിനും അവഗണിക്കാനാകാത്ത ഒരു ശക്തിയായി വളരുന്നതിനും പൗരന് കഴിയും എന്നതാണ്. എല്ലാത്തിനും ഉപരിയായി ഒടുവിലതാ ശരിക്കും ജനങ്ങൾക്കു വേണ്ടിയുള്ള ഭരണകൂടം എന്ന് അഭിമാനം കൊള്ളുന്നതിന് അവന് സാധിക്കും.

ഓരോന്നും നടപ്പിൽ വരുത്തുമ്പോൾ ആവശ്യമായ നിലവാരങ്ങളും നടപടിക്രമങ്ങളും ബന്ധപ്പെട്ട അധികാരികൾ വ്യക്തമായി കാണിച്ചിരിക്കണം. നടത്തിപ്പിന് പ്രയാസം നേരിടുമ്പോഴും പരാതികൾ പരിഹരിക്കണമെങ്കിലോ ആരെ സമീപിക്കണമെന്ന വ്യക്തമായ നിർദ്ദേശമുണ്ടായിരിക്കണം. ഓരോ വിഭാഗത്തിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെന്ന് വെളിപ്പെടുത്തുകയും ഓരോരുത്തരും പേരെഴുതി ബാഡ്ജുകൾ ധരിക്കുകയും വേണം. പരാതി പരിഹരിക്കുന്നതിന് താമസം നേരിടുമ്പോൾ സമീപിക്കേണ്ട ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപേര്, കാണാൻ കഴിയുന്ന സമയം ഇവയും കൃത്യമായി പ്രസിദ്ധീകരിക്കണം. എല്ലാറ്റിനും ഉപരി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പെരുമാറ്റത്തിൽ മാതൃക പുലർത്തുകയും ജനങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുകയും വേണം. ഇത്തരം വ്യക്തമായ സേവന നിലവാരങ്ങളുടെ സംഹിത അടങ്ങുന്ന പൗരാവകാശ രേഖ ഗവൺമെന്റിന്റെ എല്ലാ തലങ്ങളിലുമുള്ള സ്ഥാപനങ്ങൾക്ക് ഉണ്ടാക്കാവുന്നതും വിവരണം ചെയ്യാവുന്നതുമാണ്.

# സേവനാവകാശ നിയമം 2012 പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമം | സേവനം | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) | ഗ്രാമപഞ്ചായത്തിന്റെ ((SECC) ലിസ്റ്റിൽ അർഹത നേടിയവർ രേഖകളോടുകൂടിയ അപേക്ഷയും ലഭിച്ച് 30 ദിവസത്തിനകം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ഡയറക്ടർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് |
| 2 | പി.എം.എ.വൈ വീട് നിർമ്മാണത്തിനുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് | സ്റ്റേജ് പൂർത്തിയാക്കിയ അപേക്ഷ സമർപ്പിച്ച് 7 ദിവസത്തിനകം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ഡയറക്ടർ |
| 3 | വീട് നിർമ്മാണത്തിനുള്ള ഗഡുക്കളുടെ വിതരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബ്ലോക്കിൽ ലഭിച്ച് 5 ദിവസത്തിനകം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ഡയറക്ടർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് |
| 4 | ബിപിഎൽ സർട്ടിഫിക്കറ്റ് (മറ്റു വകുപ്പുകളിൽ നിന്ന് ഭവനനിർമ്മാണ ആനുകൂല്യം കിട്ടാനുള്ള എൻഒസി ലഭിക്കുന്നതിന് ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് | ബിപിഎൽ സർട്ടിഫിക്കറ്റ് ഏതാവശ്യത്തിനാണെന്ന് വ്യക്തമാക്കുന്ന വെള്ള കടലാസിലുള്ള അപേക്ഷ, ബന്ധപ്പെട്ട വില്ലേജ് എക്സറ്റൻഷൻ ഓഫീസറുടെ ശുപാർശ സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചതിനു ശേഷം ഒരു ദിവസത്തനകം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ഡയറക്ടർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് |
| 5 | സ്വച്ഛ ഭാരത് മിഷൻ (റ്റി.എസ്.സി) | ഗ്രാമപഞ്ചായത്തിന്റെ മുൻഗണനാ ലിസ്റ്റും | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ഡയറക്ടർ |

# ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിവരുന്ന പൊതുസേവന പ്രവർത്തനങ്ങൾ

## I പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) PMAY (G)

ഇന്ത്യയിലെ ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരുമായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആവാസ് യോജന (ഗ്രാമീൺ). മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പാർപിടം. വാസയോഗ്യമായ വീട് എന്നത് ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ്. 2016 നവംബർ 20 ആഗ്രയിൽ ആരംഭിച്ചു.സോഷ്യോ എക്കണോമിക് കാസ്റ്റ് സെൻസസ്സ് (SECC) (സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സ് 2011 അടിസ്ഥാനമാക്കി തയ്യാറാക്കിയ ലിസ്റ്റ്, ആവാസ് ലിസ്റ്റ് എന്നിവയിൽ നിന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നു. PMAY (G) ജനറൽ എസ് സി വിഭാഗങ്ങൾക്ക് 4,00,000/- രൂപയും PMAY (G) -ST വിഭാഗത്തിന് 6,00,000/- രൂപയും ലഭ്യമാക്കുന്നു.

**പദ്ധതിയുടെ സവിശേഷതകൾ**

മുൻ പദ്ധതികളിൽനിന്നും വ്യത്യസ്തമായി ബി.പിഎൽ പട്ടിക അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പിൽ നിന്നും മാറി 2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി) പട്ടികയിൽനിന്നുമാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

- ★ പൂർണ്ണമായും ഇലക്ട്രോണിക്സ് സംവിധാനത്തിലുള്ള നിർവ്വഹണമാണ് നടത്തുന്നത്.
- ★ അടുക്കള ഉൾപ്പെടെ കുറഞ്ഞത് 25 ചതുരശ്ര മീറ്റർ (269 ച.മീ അടി) തറ വിസ്തീർണ്ണമുള്ള വീടുകളാണ് നിർമ്മിക്കേണ്ടത്.
- ★ വീടിനോടൊപ്പം നിർബന്ധമായും കക്കൂസ് നിർമ്മിക്കേണ്ടതാണ്. കക്കൂസ് നിർമ്മിച്ചെങ്കിൽ മാത്രമേ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കരുതുകയുള്ളൂ.
- ★ കേന്ദ്ര സർക്കാർ സമതല പ്രദേശങ്ങളിലുള്ളവർക്ക് 1,20,000/- രൂപയും ദുർഘട പ്രദേശങ്ങളിലുള്ളവർക്ക് 1,30,000/- രൂപയും ധനസഹായമായി അനുവദിക്കുന്നു.
- ★ സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ലഭ്യമാണ്.
- ★ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് എക്കൗണ്ട് വഴി നൽകുന്നു.
- ★ വീട് നിർമ്മാണത്തിന് സാങ്കേതികപിന്തുണ നൽകുന്നതിനുള്ള സംവിധാനം ലഭ്യമാണ്.
- ★ ഗുണഭോക്താവിന് 70,000/- രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാണ്.
- ★ ഗുണഭോക്താവിന് മൊബൈൽ ആപ്പ് വഴി ബെനിഫിഷറി ലോഗിൻ ചെയ്യാവുന്നതാണ്. പി.എം.എ.വൈ (ജി) മുഖേന രജിസ്റ്റർ ചെയ്യുമ്പോൾ ഗുണഭോക്താവിന്റെ മൊബൈൽ നമ്പറിൽ ലഭിക്കുന്ന രജിസ്റ്റർ നമ്പർ, മൊബൈൽ നമ്പർ, ആധാർ നമ്പർ, തൊഴിൽ കാർഡ് നമ്പർ എന്നിവയിൽ ഏതെങ്കിലും ഒന്നുപയോഗിച്ച് ലോഗിൻ ചെയ്ത് ലഭിച്ച തുകയും മറ്റ് വിവരങ്ങളും മനസ്സിലാക്കുവാൻ കഴിയും.

**ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിൽനിന്നും ഭവനരഹിതരായി കണ്ടെത്തിയ കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭാ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

**ഗുണഭോക്താവിനുള്ള അർഹതമാനദണ്ഡങ്ങൾ**

1. ഇന്ത്യൻ പൗരനായിരിണം
2. നിലവിലുള്ള ആവാസ് പ്ലസ് ലിസ്റ്റിലെ ഗുണഭോക്താവായിരിക്കണം
3. അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിണം

4. വാസയോഗ്യമല്ലാത്ത വീടില്ലാത്ത ഭൂമിയുള്ള ആളായിരിക്കണം
5. 15,000 രൂപ മാസവരുമാനമില്ലാത്ത അംസമുള്ള കുടുംബങ്ങൾക്ക്
6. വീട് നിർമ്മാണത്തിന് കേന്ദ്രസഹായമോ, സബ്സിഡിയോ ലഭിക്കാത്ത ആളായിരിക്കണം
7. കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന് ഭൂമിയുണ്ടായിരിക്കണം

**രജിസ്ട്രേഷൻ**

അർഹതയുള്ളതായി കാണുന്ന ഗുണഭോക്താക്കളെ ഇലക്ട്രിക് സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നു. കുടുംബത്തിലെ വനിതാ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. രജിസ്ട്രേഷൻ സമയത്ത് ഹജരാക്കേണ്ട രേഖകളുടെ വിവരം താഴെ കൊടുക്കുന്നു.

★ പാസ്പോർട്ട് സൈസ് ഫോട്ടോ
★ ആധാർ കാർഡ് പകർപ്പ്
★ തൊഴിൽ കാർഡ് പകർപ്പ്
★ ബാങ്ക് അക്കൗണ്ട് പാസ് ബുക്ക് പകർപ്പ്
★ മൊബൈൽ നമ്പർ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യുന്നതിനുള്ള കൺസന്റ്

ഭവനപദ്ധതിയുടെ ധനസഹായം ലഭ്യമാക്കേണ്ട ബാങ്ക് അക്കൗണ്ടുകൾ സ്ഥിരമായി ഇടപാടുകൾ നടത്തുന്ന അക്കൗണ്ടായിരിക്കേണ്ടതാണ്. നോ ഫ്രിൽ അക്കൗണ്ട് (ചെറിയ തുകകൾ മാത്രം മാറാവുന്ന അക്കൗണ്ടുകൾ) സീറോ ബാലൻസ് അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിലെ അക്കൗണ്ടുകൾ എന്നിവ പിഎംഎവൈ പദ്ധതിക്കായി പരിഗണിക്കുന്നതല്ല.

**ധനസഹായം**

കേന്ദ്ര ധനസഹായം മൂന്ന് ഗഡുക്കളായി അനുവദിക്കുന്നതാണ്. ഒന്നാം ഗഡു അനുമതിപത്രം ലഭിക്കുമ്പോൾ തുകയുടെ 40%വും രണ്ടാംഗഡു ലിന്റൽ ഉയരം പൂർത്തിയാകുമ്പോൾ 40%വും മൂന്നാംഗഡു വീട് പൂർത്തിയാവുമ്പോൾ ബാക്കി 20%വും ലഭിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം അനുബന്ധമായി ലഭ്യമാക്കുന്നതുമാണ്.

**ഗുണഭോക്താക്കൾക്ക് സഹായധനം അനുവദിക്കൽ**

ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭഘട്ടത്തിൽ എത്ര തവണകളായി ധനസഹായം നൽകണം എന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്. ഏറ്റവും കുറഞ്ഞത് മൂന്ന് തവണകളായി ധനസഹായം നൽകാവുന്നതാണ്. വീട് നിർമ്മാണം താഴെ പറയുന്ന പ്രകാരം 7 ഘട്ടങ്ങളായി നടത്തേണ്ടതാണ്.

1. വീട് അനുവദിക്കൽ
2. അസ്ഥിവാരം
3. അടിത്തറ
4. വിൻഡോസിൽ
5. കട്ടളമട്ടം
6. മേൽക്കൂര
7. പൂർത്തീകരണം

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പി.എം.എ.വൈ പ്രവർത്തനങ്ങൾ

| Sl.No | Name of | Allotment total Target 2024-2025 | | |
|---|---|---|---|---|
| | | SC/ST | MIN/OTH | TOTAL |
| 1 | Madakkathra | 8 | 68 | 76 |
| 2 | Nadathara | 33 | 50 | 83 |
| 3 | Pananchery | 45 | 232 | 277 |
| 4 | Puthur | 59 | 163 | 222 |
| | TOTAL | 145 | 513 | 658 |

**ഐ.എ.വൈ മുൻകാല പ്രവർത്തനങ്ങൾ**

പി.എം.എവൈ (ജി) യുടെ മുൻകാല ഭവന നിർമ്മാണ പദ്ധതിയിൽ (ഐ.എ.വൈ) 2015-16 വർഷം വരെ വിവിധഘട്ടങ്ങളിലായി പൂർത്തീകരിക്കാൻ സാധിക്കാതിരുന്ന ഗുണഭോക്താക്കൾക്ക് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെയും ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെയും സാമ്പത്തിക സഹായത്തോടെ 8 എസ്.സി കുടുംബങ്ങളുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് സാധിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ 26 വീടുകൾ പൂർത്തീകരിക്കുന്നതിന് സാധിച്ചു. (ജനറൽ-1, എസ്.സി-16, എസ്.ടി-9) എ.ഐ.എ.വൈ പദ്ധതിയിൽ കാലങ്ങളായി വിവിധ തലങ്ങളിലായി പണി മുടങ്ങി കിടന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് ഈ ഉദ്യമത്തിലൂടെ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2025 -26 പുതിയ സർവ്വെ നടന്നിട്ടുണ്ടെങ്കിലും ഗുണഭോക്തൃലിസ്റ്റ് അന്തിമ ആക്കിയിട്ടില്ല.

## PMAY (G) ഭവന നിർമ്മാണ പദ്ധതി

| വിഭവ സമാഹരണം | മറ്റുള്ളവ | എസ്.സി | എസ്.ടി |
|---|---|---|---|
| കേന്ദ്ര വിഹിതം | 72,000 | 72,000 | 72,000 |
| സംസ്ഥാനവിഹിതം | 48,000 | 48,000 | 48,000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 98,000 | 63,000 | 133,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 112,000 | 72,000 | 152,000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 70,000 | 45,000 | 95,000 |
| പട്ടികജാതി വകുപ്പ് വിഹിതം | | 100,000 | |
| പട്ടികവർഗ്ഗ വകുപ്പ് വിഹിതം | | | 100,000 |
| ആകെ | 400,000 | 400,000 | 600,000 |

## II മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

ഗ്രാമീണമേഖലയിലെ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുകയും അതുവഴി ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2008-2009 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി ആരംഭിച്ചു.

### പദ്ധതിയുടെ സംയോജന സാധ്യത

വീടുനിർമ്മാണത്തിന് തറ നിരപ്പാക്കൽ ബേസ്മെന്റ്, ഭിത്തി, മേൽക്കൂര എന്നിവയുടെ അവിദഗ്ധ തൊഴിൽ ഘടകം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ഗുണഭോക്താവിന് വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി 90 ദിവസത്തെ തൊഴിൽ ലഭിക്കുന്നതാണ്.

ബേസ്മെന്റ് വരെ 28 ദിവസം

ചുമർ മട്ടം (ലിന്റൽ ലെവൽ വരെ) 24 ദിവസം

മേൽക്കൂര വരെ 10 ദിവസം

പൂർത്തീകരണം 28 ദിവസം

ഗുണഭോക്താവിനും മറ്റു കുടുംബാംഗങ്ങൾക്കുമായി മാത്രം 90 ദിവസത്തെ തൊഴിൽ ചെയ്യാം. ഗുണഭോക്താവിന്റെ കുടുംബം 100 ദിവസത്തെ തൊഴിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മറ്റ തൊഴിലാളികളുടെ സേവനവും വീട് നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

കൂടാതെ അനുബന്ധ നിർമ്മിതികളായ കിണർ, കക്കൂസ്, മഴവെള്ള സംഭരണി, കാലിത്തൊഴുത്ത്, കമ്പോസ്റ്റ് കുഴി, മഴക്കുഴി, ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കൽ, കൈയാല നിർമ്മാണം തുടങ്ങിയ പ്രവർത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതാണ്.

### പദ്ധതി ഒറ്റനോട്ടത്തിൽ

2005 സെപ്റ്റംബർ 5ന് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന പദ്ധതി

നിയമം - ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

6 അദ്ധ്യായങ്ങളിലായി 34 വകുപ്പ്, 2 ഷെഡ്യൂൾ

ഷെഡ്യൂൾ 1 - ഏറ്റെടുക്കുന്ന പ്രവർത്തികളും അവയുടെ നിർവ്വഹണവും

ഷെഡ്യൂൾ 2 - തൊഴിലാളികളുടെ അവകാശങ്ങൾ, ചുമതലപ്പെട്ടവരുടെ കടമകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006 ഫെബ്രുവരു 2 ന് നിലവിൽ വന്നു.

2008 ഏപ്രിൽ 1 മുതൽ ഒല്ലൂക്കര ബ്ലോക്കിൽ നിലവിൽ വന്നു

2008 ഒക്ടോബർ 2ന് മഹാത്മാഗാന്ധി എന്ന് നിയമത്തിന്റെ മുന്നിലും പദ്ധതിയുടെ മുന്നിലും കൂട്ടിച്ചേർത്തു.

**ലക്ഷ്യങ്ങൾ**

1. നിഷ്ക്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും, സ്ഥായിയായതും ഉൽപാദനക്ഷമവുമായ ആസ്തികൾ സൃഷ്ടിച്ചുകൊണ്ട് ഗ്രാമപ്രദേശത്തു താമസിക്കുന്ന അവിദഗ്ധ തൊഴിൽ ചെയ്യാൻ തയ്യാറുള്ള എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ തൊഴിൽ നൽകുക.
2. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുക
3. വിവിധ വിഭാഗങ്ങളുടെ ബോധപൂർവ്വമായ സാമൂഹ്യ ഉൾച്ചേർക്കൽ
4. പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം

**തൊഴിലിന് ഡിമാൻഡ് ചെയ്യാനുള്ള മാർഗ്ഗങ്ങൾ**

1. ഓഫീസിൽ നേരിട്ട്
2. ഫ്രണ്ട് ഓഫീസ് മുഖേന രേഖാമൂലം
3. ഫോൺ മുഖേന
4. വാർഡ് മെമ്പർമാർ മുഖാന്തിരം
5. മേറ്റ് മാർ മുഖാന്തിരം
6. അംഗൻവാടി വർക്കർ മുഖാന്തിരം
7. തൊഴിലുറപ്പ് പദ്ധതി സ്റ്റാഫ് മുഖാന്തിരം
8. ബിപിഒയ്ക്ക് നേരിട്ട് അപേക്ഷിക്കാം
9. തൊഴിൽ കാർഡിന് പിറകിൽ നൽകിയിട്ടുള്ള ടോൾഫ്രീ നമ്പർ മുഖാന്തിരം

കുറഞ്ഞത് 14 ദിവസത്തേക്കും കൂടിയത് 100 ദിവസത്തേക്കും അപേക്ഷിക്കാം. എന്നു മുതൽ എന്നുവരെയെന്ന് വ്യക്തമാക്കണം. കൈപ്പറ്റ് രശീത്/രജിസ്ട്രേഷൻ നമ്പർ സൂക്ഷിക്കണം.

**തൊഴിലിടത്തെ സൗകര്യങ്ങൾ**

1. ശുചിത്വമുള്ള കുടിവെള്ളം
2. വിശ്രമിക്കാനുള്ള തണൽ
3. പ്രഥമ ശുശ്രൂഷയ്ക്കുള്ള സൗകര്യവും 15 ഇനം മുരുന്നുകളടങ്ങിയ ഫസ്റ്റ് എയിഡ് ബോക്സ്
4. 5 വയസ്സിൽ താഴെയുള്ള 5 കുട്ടികളുണ്ടെങ്കിൽ തൊഴിലാളികളിൽ ഒരാളെ ആയയായി നിയോഗിക്കാനുള്ള വ്യവസ്ഥ
5. തൊഴിലിടത്തുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സ
6. അപകടം മൂലം പ്രവർത്തിയെടുക്കാൻ പറ്റാത്ത അവസരങ്ങളിൽ പകുതി കൂലി
7. മരണത്തിനും, സ്ഥിരമായ അംഗവൈകല്യത്തിനും 75000/- രൂപ നഷ്ടപരിഹാരം

## പരാതി പരിഹാര സംവിധാനം

1. വാർഡ് തലത്തിൽ- പഞ്ചായത്ത് അംഗം അദ്ധ്യക്ഷനായ റോസ്ഗാർ ദിവസ്
2. പഞ്ചായത്ത് തലത്തിൽ- പ്രസിഡന്റ് അദ്ധ്യക്ഷനായ റോസ്ഗാർ ദിവസ്
3. പഞ്ചായത്ത് രജിസ്ട്രേഷൻ ഓഫീസർ
4. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ
5. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ
6. സംസ്ഥാന മിഷൻ ഡയറക്ടർ
7. സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗ്യാരന്റി കമ്മീഷണർ
8. ഓംബുഡ്സ്മാൻ - 04872363601 ombudsmantsrmgnrega@gmail.com
9. ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റി
10. ടോൾഫ്രീ നമ്പർ 1800 425 1004 (Toll free)

## ബ്ലോക്ക് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിലെ തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | എസ്.സി. | എസ്.ടി | മറ്റുള്ളവർ | സജീവ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | മാടക്കത്തറ | 4349 | 611 | 1 | 5710 | 2186 |
| 2 | നടത്തറ | 3285 | 766 | 76 | 3496 | 1088 |
| 3 | പാണഞ്ചേരി | 6598 | 1190 | 675 | 7097 | 2989 |
| 4 | പുത്തൂർ | 6006 | 1513 | 161 | 5723 | 2316 |
| | ആകെ | 20238 | 4080 | 913 | 22026 | 8634 |

| തൊഴിൽ ദിനങ്ങൾ - കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ | | | | | |
|---|---|---|---|---|---|
| | 2024-25 | 2023-24 | 2022-23 | 2021-22 | 2020-2021 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ | 293380 | 337872 | 350651 | 369108 | 374703 |
| ശരാശരി തൊഴിൽ ദിനം | 65.45 | 69.11 | 67.94 | 64.78 | 66.03 |
| തൊഴിലെടുത്ത കുടുംബങ്ങൾ | 4535 | 4889 | 5161 | 5698 | 5738 |
| 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങൾ | 1750 | 1944 | 2027 | 1917 | 2021 |

| ഏറ്റെടുത്ത പ്രവൃത്തികൾ - കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ | | | | | |
|---|---|---|---|---|---|
| ഏറ്റെടുത്ത പ്രവൃത്തികൾ | 999 | 2339 | 2579 | 2768 | 2252 |
| നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ | 231 | 617 | 1368 | 1703 | 1662 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 768 | 1722 | 1193 | 1065 | 590 |

| ചെലവ് - കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ | | | | | |
|---|---|---|---|---|---|
| കൂലിയിനത്തിൽ നൽകിയ തുക | 1204.43 | 1122.56 | 1089.95 | 1089.58 | 1115.76 |
| മെറ്റീരിയൽ തുക | 1018.82 | 77.9 | 240.51 | 266.32 | 251.18 |
| ശതമാനം | 119.16 | 6.49 | 18.08 | 19.64 | 18.38 |
| അഡ്മിൻ തുക | 66.44 | 47.25 | 48.25 | 35.3 | 44.66 |

## മുഖ്യലക്ഷ്യം

1. ഗ്രാമപ്രദേശങ്ങളിൽ അതിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുകയും അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉൽപ്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുക.
2 ദരിദ്രരുടെ ഉപജീവനുമായി ബന്ധപ്പെട്ട് വിഭാവടിത്തറ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രകൃതിവിഭവ സംഭരണ പ്രവർത്തികൾ ഊന്നൽ നൽകുക
3. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളേയും പദ്ധതിയിൽ ഉൾചേർക്കുക
4. പഞ്ചായത്ത് രാജ് തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## പദ്ധതിയുടെ സവിശേഷതകൾ

1 നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
2 ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
3 സ്ത്രീക്കും പുരുഷനും തുല്യവേതനം
4 പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുന്തിയ പരിഗണന
5 തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടുപിടിക്കുകയും ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.
6 ആസൂത്രണത്തിനും നിർവ്വഹണത്തിനും തികഞ്ഞ സുതാര്യത
7 കരാറുകാരോ ഇടനിലക്കാരോ തൊഴിലവസരം നഷ്ടപ്പെടുത്തുന്ന യന്ത്രസാമഗ്രികളോ പാടില്ല
8 അവിദഗ്ധ തൊഴിൽ ഘടകവും സാധന ഘടകവും യഥാക്രമം 60:40 എന്ന അനുപാതത്തിൽ (പഞ്ചായത്ത് തലത്തിൽ) പ്രവൃത്തികൾ ഏറ്റെടുക്കാം
9 പൊതുജന പങ്കാളിത്തത്തോടെയുള്ള ലേബർ ബഡ്ജറ്റിംഗ്
10 ബാങ്ക്/പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം
11 സ്ത്രീകൾക്ക് മുൻഗണന, കുറഞ്ഞത് 1/3 ഭാഗം തൊഴിലാളികൾ സ്ത്രീകൾ ആയിരിക്കണം
12 കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
13 പൊതുജനങ്ങൾ തന്നെ പദ്ധതി ഓഡിറ്റ് ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം

## തൊഴിലാളികളുടെ അവകാശങ്ങൾ

1 തൊഴിലിന് സൗജന്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിൽ കാർഡ് ലഭിക്കുന്നതിനുമുള്ള അവകാശം
2 തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശം
3 പ്രവൃത്തികൾ നിഷേധിക്കാനുള്ള അവകാശം
4 ആവശ്യപ്പെടുന്ന സമയത്ത് തൊഴിവ് ലഭിക്കാനുള്ള അവകാശം
5 100 ദിവസത്തിൽ കുറയാതെ തൊഴിൽ ലഭിക്കാനുള്ള അവകാശം (ഒരു കുടംബത്തിന്)
6 തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം

7 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം (ആദ്യത്തെ ഒരു മാസം വേതന നിരക്കിന്റെ 1/4 ഭാഗവും രണ്ടാംമാസം മുതൽ വേതന നിരക്കിന്റെ 1/2 ഭാഗവും)

8 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം

9 യഥാസമയം വേതനം ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം കിട്ടാനുള്ള അവകാശം (നൽകാത്ത വേതന തുകയുടെ 0.05% നിരക്കിൽ)

10 സ്ത്രീക്കും പുരുഷനും തുല്യവേതനം ലഭിക്കാനുള്ള അവകാശം

11. പണിസമയത്ത് കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ എന്നിവ ലഭ്യമാക്കാനുള്ള അവകാശം

12 പ്രവൃത്തിസ്ഥലത്തു വെച്ചുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യം

13 ആശുപത്രിയിൽ കിടന്നു ചികിത്സ വേണ്ടിവരുമ്പോൾ പകുതി വേതനം (പ്രവൃത്തി തീരുന്ന ദിവസം വരെ മാത്രം)

14 പ്രവൃത്തയിലേർപ്പെട്ടിരിക്കുമ്പോഴോ പ്രവൃത്തിയുടെ ആഘാതം മൂലമോ അപകട മരണമോ സ്ഥിരമായ വൈകല്യമോ സംഭവിച്ചാൽ ഏക്സ്ഗ്രേഷ്യാ (25000 രൂപ)

15 5 വയസ്സിൽ താഴെയുള്ള അഞ്ചോ അതിൽ കൂടുതലോ കുട്ടികൾ തൊഴിലാളികളോടൊപ്പം വരുകയാണെങ്കിൽ അവരെ ശുശ്രൂഷിക്കാൻ ആയയുടെ സേവനം

16 തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികൾക്ക് മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന എക്സ്ഗ്രേഷ്യാ

17 പ്രവൃത്തി സ്ഥലവും തൊഴിലാളികളുടെ വീടും തമ്മിൽ 5 കിലോമീറ്ററിൽ അധികം ദൂരമാണെങ്കിൽ 10% തുക കൂടി അധിക വേതനം

18 പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ടാൽ 3 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം

**തൊഴിലിനുള്ള അപേക്ഷയും തൊഴിൽ അനുവദിക്കലും**

തൊഴിൽ കാർഡ് ലഭ്യമായ കുടുംബത്തിന് ഒരു വർഷം 100 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്.(വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പരമ്പരാഗത വനവാസികൾക്ക് സ്വന്തമായി മറ്റു ഭൂമിയില്ലെങ്കിൽ, 150 ദിവസത്തെ തൊഴിലിന് അർഹതയുണ്ട്.) തൊഴിൽ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ ഗ്രാമപഞ്ചായത്താഫീസിൽ വാക്കാലോ/രേഖ മൂലമോ നൽകാം. ഒറ്റയായും കൂട്ടായും അപേക്ഷിക്കാം. മിനിമം 14 ദവസത്തേക്കും പരമാവധി 100 ദിവസത്തേക്കും അപേക്ഷ നൽകാം. അപേക്ഷ സ്വീകരിക്കുമ്പോൾ കൈപ്പറ്റ് രശീത് ലഭിക്കും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കും. പഞ്ചായത്തിലെ ഏതു വാർഡിലും തൊഴിൽ അനുവദിക്കാം. അനുവദിക്കുന്ന പ്രവൃത്തി ലേബർ ബഡ്ജറ്റിലും വാർഷിക കർമ്മപദ്ധതിയിലും ഉൾപ്പെട്ടതായിരിക്കണം.

**ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

**i വിഭാഗം എ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ**

1. ജലസംരക്ഷണ പ്രവൃത്തികൾ-കിണറുകൾ, കുളങ്ങൾ തുടങ്ങിയ കുടിവെള്ള സ്ത്രോതസ്സുകൾ,തടയണകൾ, അടിയണകൾ, ചെക്ക് ഡാമുകൾ, സ്റ്റോപ്പുഡാമുകൾ, മഴവെള്ള സംഭരണികൾ തുടങ്ങിയവ

2. നീർത്തട പരിപാലന പ്രവൃത്തികൾ - കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രഞ്ചുകൾ, കൽത്തടയണകൾ, ഗാബ്രിയോൺ ബണ്ടുകൾ, നീരുറവയുടെ പരിപോഷണ പ്രവൃത്തികൾ
3. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളും തോടുകളും കനാൽ എന്നിവയുടെ നിർമ്മാണവും
4. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ
5. മരങ്ങൾ വെച്ചുപിടിപ്പിക്കലും വനവൽക്കരണവും
6. പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ

**ii വിഭാഗം ബി : വ്യക്തിഗത ആസ്തികളും പൊതു ആസ്തികളും (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബാംഗങ്ങൾക്ക് മാത്രം)**

1. ഭൂമിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന പ്രവൃത്തികൾ, ഭൂവികസനം, കിണറുകൾ, കുളങ്ങൾ, ജലകൊയ്ത്തു നിർമ്മിതികൾ
2. ഹോർട്ടികൾച്ചർ, പട്ടുനൂൽകൃഷി, തോട്ടവിള, ഫാം ഫോറസ്ട്രി തുടങ്ങിയ ഉപജീവന ആസ്തികൾ, തരിശുഭൂമി വികസിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവൃത്തികൾ
3. തരിശുഭൂമി വികസിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവൃത്തികൾ
4. ഇന്ദിര ആവാസ് യോജനയുൾപ്പെടെ സർക്കാർ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള അവിദഗ്ധ കായിക തൊഴിൽ ഘടകം
5. മൃഗസംരക്ഷണ പ്രവൃത്തികൾ - കാലിത്തൊഴുത്ത് , ആട്ടിൻകൂട്, പന്നിക്കൂട്, കോഴിക്കൂട്
6. പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ, മത്സ്യം ഉണക്കി സൂക്ഷിക്കുന്നതിനുള്ള കേന്ദ്രങ്ങൾ

**iii വിഭാഗം സി: സ്വയം സഹായ സംഘങ്ങൾക്കുള്ള പൊതു ആസ്തികൾ**

1. ഗ്രാമീണ ശുചിത്വ പ്രവൃത്തികൾ - അങ്കണവാടി, സ്കൂൾ ടോയ്ലറ്റുകൾ, പൊതു ടോയ്ലറ്റുകൾ
2. ഓടകൾ, കലുങ്കുകൾ, ഉൾപ്പെടെയുള്ള റോഡുകൾ
3. കളിസ്ഥലങ്ങൾ
4 ജലനിർഗ്ഗമന ഓടകൾ, സ്റ്റോം വാട്ടർ ഡ്രെയിനുകൾ തുടങ്ങിയ വള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ
5 നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്നത് മാത്രം
6. ഭക്ഷ്യധാന്യ സംഭരണികൾ
7. തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾ
8. സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റു പ്രവൃത്തികൾ

**ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ**

- പ്രകടമല്ലാത്തതും അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികൾ, പുല്ലുനീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, സാധാരണ പ്രവൃത്തികൾ (വിത്ത് വിതയ്ക്കൽ, തൈനടീൽ, വളമിടീൽ, കൊയ്ത്ത്, കള പറിക്കൽ തുടങ്ങിയവ)ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എന്നിവ നീക്കം ചെയ്യാവുന്നതാണ്.

- ✉ വിത്ത്, വളം, കീടനാശിനി എന്നിവ അനുവദനീയമല്ല.
- ✉ തോട്ടവിളകൾക്കും ഹോർട്ടികൾച്ചറിൽ ഉൾപ്പെടുന്ന ദീർഘകാല വിളകൾക്കും, 3 വർഷം വരെ വെള്ളമൊഴിക്കുന്നതിനും, കളനീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ പരിഗണിക്കാവുന്നതാണ്.
- ✉ ഭക്ഷ്യധാന്യം, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നീ ഇനത്തിൽപ്പെട്ട ഹ്രസ്വകാലവിളകൾക്കുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ല (ഉദാ. വഴ, കപ്പ, ചേന, ഇഞ്ചി, ചേമ്പ്, മഞ്ഞൾ, തക്കാളി, വഴുതന തുടങ്ങിയവ)

### മേറ്റ് (MATE)

തൊഴിലാളികൾ പ്രവൃത്തിയെടുക്കുന്ന ഓരോ പ്രവൃത്തിയിലും മേൽനോട്ടത്തിലും, പ്രവൃത്തി സ്ഥലത്ത് മേറ്റുമാരെ നിയോഗിക്കേണ്ടതാണ്. 20ന് മുകളിൽ തൊഴിലാളികൾ ഉള്ള പ്രവൃത്തികൾക്ക് അളവ് രേഖപ്പെടുത്തണം. അർദ്ധ വിദഗ്ദ തൊഴിലാളിക്ക് അർഹമായ വേതനം നൽകി മേറ്റിനെ നിയോഗിക്കുന്നതാണ്. 09-02-2021 തിയ്യതിയിലെ സി.ഡി.2/253/2020 ത.സ്വ.ഭ.വ. മേറ്റുമാർക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

1. തൊഴിൽ കാർഡുള്ള വനിത
2. കുടുംബശ്രീ അംസമായിരിക്കണം.
3. 2017-18 മുതൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 25 ദിവസത്തെ അവിദഗ്ധ തൊഴിൽ ചെയ്ത വ്യക്തിയായിരിണം.
4. കുറഞ്ഞത് 10-ാം ക്ലാസ്സ് പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് 8-ാം ക്ലാസ്സ് പൂർത്തിയാക്കിയാൽ മതിയാകും.
5. പ്രായപരിധി, തെരഞ്ഞെടുക്കുന്ന വർഷം ജനുവരി 1ന് 18 വയസ്സ് മുതൽ 60 വയസ്സ് വരെ
6. പരിശീലനം ലഭിച്ചവർ.

### മേൽനോട്ടവും അളവെടുക്കലും

പഞ്ചായത്തിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എൻഞ്ചിനയർ, ഓവർസീയർ എന്നിവർ എല്ലാ പ്രവൃത്തികളുടേയും മേൽനോട്ടം നിർവ്വഹിക്കേണ്ടതാണ്. ആഴ്ചയിലൊരിക്കലോ പ്രവൃത്തി പൂർത്തീകരിക്കുമ്പോഴോ എൻഞ്ചിനീയർ/ഓവർസിയർ മെഷർമെന്റ് രേഖപ്പെടുത്തി, ചെക്ക് മെഷർ ചെയ്യുന്നതിനായി അധികാരപ്പെടുത്തിയവരെ ഏൽപ്പിക്കേണ്ടതാണ്. ചെക്ക് മെഷർ ചെയ്ത പ്രവൃത്തികൾക്ക് വേതന വിതരണം നടത്താവുന്നതാണ്.

### വേതന വിതരണം

ഇലക്ട്രോണിക് ഫണ്ട് മനേജ്മെന്റ് സിസ്റ്റം (eFMS) മുഖേനയാണ് വേതന വിതരണം നടത്തുന്നത്. പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ Digital Signature രേഖപ്പെടുത്തി ഫണ്ട് ട്രാൻസ്ഫർ ഓർഡർ (F.T.O) നോഡൽ ബാങ്കിലേക്ക് അയയ്ക്കുന്നു. അവിടെനിന്നും തൊഴിലാളികളുട അക്കൗണ്ടിലേയ്ക്ക് വേതനം ക്രെഡിറ്റ് ചെയ്യുന്നു. തിരുവനന്തപുരം വെള്ളയമ്പലത്തുള്ള S.B.T ശാഖയാണ് നോഡൽ ബാങ്കായി പ്രവർത്തിക്കുന്നത്.

### നാഷണൽ ഇ.എഫ്.എം.എസ്

വേതന വിതരണത്തിലെ കാലത്താമസം ഒഴിവാക്കുന്നതിനായി അവിദഗ്ധ തൊഴിലാളികൾക്കുള്ള വേതന വിതരണം പൂർണ്ണമായും ദേശീയതലത്തിൽ ഒരു നോഡൽ ബാങ്കിൽ നിന്നും വിതരണം ചെയ്യുന്ന രീതിയിൽ ആക്കിമാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അതാതു തൊഴിലാളികൾക്കുള്ള വേതനം കേന്ദ്രഗ്രാമവികസന മന്ത്രാലയം വഴി അതാതു ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നു. മെറ്റീരിയൽ അഡ്മിനിസ്ട്രേഷൻ ചെലവുകൾക്കുള്ള തുക നിലവിലുള്ളതു പോലെ സംസ്ഥാനം മുഖേന ലഭ്യമാക്കുന്നതാണ്.

### സാധന സാമഗ്രികളുടെ സംരക്ഷണവും വിനിയോഗവും

തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തികൾക്ക് 40% തുകക്ക് സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ 40% എന്ന പരിധി ക്രമീകരിച്ചാൽ മതിയാകും. താഴെ പറയുന്ന ഇനങ്ങൾ സാധനസാമഗ്രികൾ എന്ന ഘടകങ്ങളിൽ ഉൾപ്പെടും.

1. പാറ, മണൽ, സിമന്റ്, ഇഷ്ടിക തുടങ്ങിയ നിർമ്മാണ വസ്തുക്കൾ
2. വിദഗ്ധ /അർദ്ധവിദഗ്ധ തൊഴിലാളികളുടെ വേതനം
3. പണി ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനും പരിപാലനത്തിനുമുള്ള ചെലവ്
4. സാധനസാമഗ്രികളുടെ സംഭരണത്തിനുപയോഗിക്കുന്ന മുറി വാടക
5. സാധനസാമഗ്രികളുടെ കയറ്റിറക്കു കൂലി ട്രാൻപോർട്ടിങ്ങ് ചാർജ്ജുകൾ
6. അനുവദനീയമായ യന്ത്രങ്ങളുടെ വാടക

സാധനസാമഗ്രികളുടെ സംഭരണവും വിനിയോഗവും സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ 31/3/201 ൽ കൈ. നം. 93/2012/ത.സ്വ.ഭവ. എന്ന സർക്കാർ ഉത്തരവിൽ നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി പഞ്ചായത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തിക്കുന്നു. ഓരോ പ്രവർത്തിയിലും വേണ്ട സാധനസാമഗ്രികളുടെ എണ്ണവും അളവും സബ് കമ്മിറ്റി തിട്ടപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വാങ്ങുന്നു. 20,00 രപക്ക് മുകളിലുള്ള പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. സാമഗ്രികൾ എഞ്ചിനിയർ ഏറ്റുവാങ്ങി മാറ്റിനെ ഏൽപ്പിക്കുന്നു. സാധനസാമഗ്രികളുടെ നിരക്കും വിദഗ്ധതൊഴിലാളികളുടെ വേതനനിരക്കും ജില്ലാതല കമ്മിറ്റിയാണ് നിശ്ചയിക്കുന്നത്. പ്രാദേശിക കമ്പോള നിരക്കുകൾക്കനുസരിച്ചാണ് ജില്ലാതലതസമിതി നിരക്ക് നിശ്ചയിക്കുന്നത്. 2016-16 വർഷം മുതൽ സാധനഘടകത്തിന്റെ തുക വിതരണം ചെയ്യുന്നത് ഇ.എഫ്.എം.എസ് സംവിധാനം വഴിയാണ്.

### സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ആയുർദൈർഘ്യം വർദ്ധനവും കുറഞ്ഞ ശിശുമരണനിരക്കും നമ്മുടെ ആരോഗ്യരംഗത്തെ മികച്ച നേട്ടങ്ങളാണെങ്കിലും വർദ്ധിച്ച തോതിലുള്ള രോഗാതുരത ഈ നേട്ടങ്ങളെ നിഷ്പ്രഭമാക്കുന്നു. ജലജന്യങ്ങളായ പകർച്ചവ്യാധികളിൽനിന്നുള്ള മോചനത്തിനും വലിയ പ്രാധാന്യമാണുള്ളത്. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സാനിറ്ററി കക്കൂസുകൾ നിർമ്മിക്കുക, കുടിവെള്ളം സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന ഖരദ്രാവക മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം നടത്തുക, വ്യക്തി ശുചിത്വം സമൂഹശുചിത്വം ഇവ പാലിക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ ജലജന്യരോഗങ്ങളിൽ നിന്ന് സംസ്ഥാനത്തെ വിമുക്തമാക്കുവാൻ സാധിക്കുകയുള്ളൂ. ഈ സൗകര്യം സാക്ഷാത്കരിക്കുന്നതി

നായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്വച്ഛ്ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ താഴെ കൊടുക്കുന്നു.

1. ഗ്രാമീണ പൊതുജീവിത നിലവാരം ഉയർത്തുക
2. ഗ്രാമപ്രദേശങ്ങളിൽ ശുചിത്വ ആരോഗ്യ പരിപാടികൾ മെച്ചപ്പെടുത്തുക
3. ബോധവത്കരണം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ വഴി ശുചിത്വാരോഗ്യത്തിന്റെ ആവശ്യകത വളർത്തുക.
4. സ്കൂളുകളിൽ പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുക അതുവഴി ശുചിത്വശീലം കുട്ടികളിൽ വളർത്തുക
5. ചെലവ് കുറഞ്ഞ ആവശ്യാധിഷ്ഠിത സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുക
6. ജലജന്യ ശുചിത്വത്തിന്റെ സ്വഭാവം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ കുറയ്ക്കുക. ജില്ലാ സാനിറ്റേഷൻ സമിതി തയ്യാറാക്കി സർക്കാരിൽനിന്നും അംഗീകാരം വാങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തിലെ സമിതികളാണ്.

## III ശുചിത്വ മേഖലയിലെ പദ്ധതിപ്രവർത്തനങ്ങൾ

നാല് ഗ്രാമപഞ്ചായത്തുകളിലായി 11 വില്ലേജുകൾ ഉണ്ട്. നടത്തറ, പാണഞ്ചേരി, മാടക്കത്തറ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 11 വില്ലേജുകളും ഒഡിഎഫ് പ്ലസ് ആയി അംഗീകരിച്ചിട്ടുണ്ട്. ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് ഓഫീസ് പരിസരത്തും നടത്തിവരുന്നു. എല്ലാ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിലും, സ്ഥാപനങ്ങളിലും സന്ദർശനം നടത്തി അജൈവ മാലിന്യം ശേഖരിക്കുകയും പഞ്ചായത്തുകളിലെ എം.സിഎഫിൽ എത്തിക്കുകയും ചെയ്യുന്നു. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ആ.ആർ.എഫിൽ എത്തിക്കുന്ന പ്ലാസ്റ്റിക് പൊടിച്ച് റോഡ് നിർമ്മാണത്തിനായി നൽകുന്നു.

ഗ്രാമപ്രദേശത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ, അംഗൻവാടികൾ തുടങ്ങിയവയിൽ മതിയായ ശുചിത്വ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയിലൂടെ വീടുകളിൽ സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നൽകിയും, പഞ്ചായത്തുകളിലെ വികസനഫണ്ടുകൾ ഉപയോഗിച്ച് വേസ്റ്റ് ബിനുകൾ, കിച്ചൻബിൻ, ബയോഗ്യാസ് പ്ലാന്റ്, ബയോ കമ്പോസറ്റ് ബിൻ എന്നിവ നൽകി ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നു. ശുചിത്വബോധവത്കരണത്തിന്റെ ഭാഗമായി സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ചുമരെഴുത്തുകൾ, ഹോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെ.ഷീൻ, നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നുണ്ട്. ആർ.ആർ.എഫിലേക്ക് ഫയർ & സേഫ്റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

**തുടർപ്രവർത്തനങ്ങൾ**

1. പ്രചാരണ പ്രവർത്തനങ്ങൾ, ശുചിത്വാവശ്യങ്ങളുടെ അടിസ്ഥാന സ്ഥിതി വിവരശേഖരണം എന്നിവ വഴി ജില്ലയിലെ ആവശ്യം കണക്കാക്കി പ്രൊജക്ടുകൾ തയ്യാറാക്കുന്നു.
2. ബോധവത്കരണ പ്രചരണ പരിപാടി ജനങ്ങളിൽ ആവശ്യകത സൃഷ്ടിക്കുക വഴി ശുചിത്വ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
3. ഗ്രാമീണ ഉൽപ്പാദന വിതരണ കേന്ദ്രം സാങ്കേതികമായും സാമ്പത്തികമായും അനുയോജ്യമായ

ശുചിത്വ സൗകര്യങ്ങൾക്കുള്ള ഭൗതിക ഉപകരണങ്ങളും നൽകുകയാണ് ലക്ഷ്യം.

4. വ്യക്തികൾക്ക് ഗാർഹിക കക്കൂസ്
   ഗ്രാമപഞ്ചായത്തുകളിൽ കക്കൂസില്ലാത്ത കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇതിൽ നിന്ന് ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് 12000/- രൂപ ധനസഹാം ലഭിക്കുന്നതാണ്.
5. സമൂഹ ശുചിത്വ കക്കൂസ്
   ജനവാസം കൂടിയ പ്രദേശങ്ങളിൽ ഓരോ കുടുംബത്തിനും പ്രത്യേക കക്കൂസ് നിർമ്മിക്കുവാൻ സാധ്യമല്ലാതെ വരുമ്പോൾ ശുചിത്വ സമുച്ചയം നിർമ്മിക്കാവുന്നതാണ്. ഒരു യൂണിറ്റിന് പരമാവധി 2,00,000/- രൂപ വരെ ഇതിനെ ചെലവഴിക്കാവുന്നതാണ്.

**ലക്ഷ്യങ്ങൾ**

1. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ഒഴിവാക്കിയും ശുചിത്വ ശീലങ്ങൾ വളർത്തിയും ഗ്രാമീണ ജനങ്ങളുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുക.
2. 2019-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലെയും ശുചിത്വ സൗകര്യങ്ങൾ പൂർണ്ണമാക്കി സ്വച്ഛ്ഭാരത് എന്ന നേട്ടം കൈവരിക്കുക.
3. ബോധവത്കരണം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിച്ച് ശുചിത്വ സൗകര്യങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക.
4. പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ സുചിത്വ സൗകര്യങ്ങൾ കുറഞ്ഞ ചിലവിൽ അനുയോജ്യ സാങ്കേതിക വിദ്യകളുപയോഗിച്ച് സൃഷ്ടിക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
5. ഗ്രാമപ്രദേശങ്ങളിലെ പൊതുശുചിത്വം ഉറപ്പാക്കുന്നതിനായി ഖരദ്രവ മാലിന്യ പരിപാലനത്തിന് പ്രത്യേക ഊന്നൽ നൽകി സമൂഹത്തിന്റെ നേതൃത്വത്തിൽ പരിസര ശുചിത്വ സംവിധാനങ്ങൾ വികസിപ്പിക്കുക.

**എസ്.ബി.എം ഘടകങ്ങൾ (ഗ്രാമീൺ)**

**1. പ്രാരംഭ പ്രവർത്തനങ്ങൾ**

എ) അടിസ്ഥാന ശുചിത്വ സർവ്വേ വിവരങ്ങൾ പരിഷ്കരിച്ച് തയ്യാറാക്കൽ

ബി) വിവിധ തലങ്ങളിൽ ബന്ധപ്പെട്ട പ്രധാന പങ്കാളികൾക്കുള്ള അവബോധന പ്രവർത്തനങ്ങൾ

സി) സംസ്ഥാന പദ്ധതി തയ്യാറാക്കൽ

**2. ഐ.ഇ.സി.**

ശുചിത്വ സൗകര്യങ്ങളുടെ ആവശ്യം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്ഥായിയായി ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സഹായിക്കും. ഓരോ പ്രദേശത്തിന്റെയും സാമൂഹിക സ്വഭാവത്തിന് അനുസൃതമായി ഐ.ഇ.സി സംഘടിപ്പിക്കാവുന്നതാണ്. ആരോഗ്യകരമായ ശുചിത്വശീലങ്ങൾ ജീവിതത്തനന്റെ ഭാഗമാക്കുന്നതിനുവേണ്ടി സമൂഹത്തിന്റെ നാനാതുറയിലുള്ള വിഭാ ഗങ്ങളിലും അനുകൂല മനോഭാവം രൂപീകരിക്കുന്നതിനുതകുന്നതായിരിക്കണം ഐ.ഇ.സി.,ഐഇ.സി. പ്ലാറ്റിൽ വ്യക്തി ബന്ധിത വിവരങ്ങൾ വിജ്ഞാനവ്യാപനം. ഓരോ കുടംബത്തിലേക്കുമുള്ള ഐ,ഇ.സി, അവിടെനിന്നും വിവിധ ഭാഗങ്ങളിൽ എത്തിക്കുവാൻ തരത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവ ആവിഷ്കരിക്കണം. പൊതു സമൂഹത്തിനെ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കൊപ്പം സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചും അംഗനവാടി

ടീച്ചർമാർ, മാതൃസമിതികൾ, അദ്ധ്യാപകർ, സ്കൂൾ പിടിഎ, ആശാവർക്കർമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു നടപ്പിലാക്കണം. സ്കൂളുകളിൽ പെൺകുട്ടികൾക്കായി മെൻസ്ട്രുവൽ ഹൈജീൻ വിഷയത്തിലുള്ള പരിപാടികളും സംഘടിപ്പിക്കണം.

**3. ശേഷി വികസനം**

ഓരോ ജില്ലയിലും വിവര വിജ്ഞാന വ്യാപനത്തിനുവേണ്ടി നീക്കിവെച്ച തുകയുടെ 0.75% തുകയാണ് ശേഷി വികസനത്തിനായി വകയിരുത്തിയിട്ടുള്ളത്. വാർഡ് ശുചിത്വ ആരോഗ്യ ശുചിത്വ ഭാരവാഹികൾ / അംഗങ്ങൾ വിവിധ തലത്തിലുള്ള ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, എസ്.എച്ച്.ജി., അദ്ധ്യാപകർ, ആരോഗ്യപ്രവർത്തകർ തുടങ്ങി വിവിധ വിഭാഗം പങ്കാളികളുടെ ശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ഓരോ പരിപാടിയും ഏറ്റെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**4. ഗാർഹിക കക്കൂസുകൾ**

ഗാർഹിക സാനിറ്ററി കക്കൂസ് എന്നത് മനുഷ്യമലം സംസ്ക്കരിക്കുന്ന ഭാഗവും, ജലസംഭരണി, കൈകഴുകുവാനുള്ള വാഷ്ബെയ്സിൻ, സൂപ്പർ സ്ട്രെച്ചർ, സോക്കേജ് പിറ്റ് എന്നിവ അടങ്ങുന്നതാണ്. ഗ്രാമങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കക്കൂസ് ഉണ്ടാവുക എന്നുള്ളത് ലക്ഷ്യം.

വ്യക്തിഗതഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്കും ലഭ്യമാക്കാവുന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾ എസ്.സി/എസ്.ടി, ചെറുകിട നാമമാത്ര കർഷകർ, കിടപ്പാടമുള്ള ഭരഹിത തൊഴിലാളികൾ, ശാരീരിക വൈകല്യം ഉള്ളവർ, സ്ത്രീ കുടുംബനാഥയായിട്ടുള്ളവർ എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| ഒരു കക്കൂസിന്റെ യൂണിറ്റ് കോസ്റ്റ് | - | 15,400/- രൂപ |
| ശുചിത്വമിഷൻ വിഹിതം | - | 12,000/- രൂപ |
| പഞ്ചായത്ത് വിഹിതം | - | 34,000/- രൂപ |

ODF പ്രഖ്യാപിച്ച സ്ഥിതിയിൽ ഇനിയും നിലവിൽ കക്കൂസ് ഇല്ലാത്തവരും, എസ്.ബിഎം ലിസ്റ്റിൽ ഇല്ലാത്തവരുമായ പരിമിതമായ എണ്ണം അനുവദിക്കുന്നു. പൊതുവായ ശുചിത്വസംവിധാനങ്ങൾ കൂടി ഏർപ്പെടുത്തിയതിന്റെ ഭാഗമായി നാല് പഞ്ചായത്തുകളും ODF+ നിലവാരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ട്.

**5. റൂറൽ സാനിറ്ററി മാർട്ട് - പ്രൊഡക്ഷൻ സെന്റർ**

സാനിറ്ററി കക്കൂസുകളും ഇതര ശുചിത്വസൗകര്യങ്ങളും പണിയുന്നതിനുള്ള സാധന സാമഗ്രികൾ മിതവിലയ്ക്ക് ഗ്രാമീണ ജനങ്ങൾക്ക് ലഭ്യമാക്കുവാനും, സേവനോപദേശങ്ങൾ നൽകുന്നതിനുമുള്ള സംരംഭമാണ് ഇത്. സാമൂഹ്യലക്ഷ്യം മുൻനിർത്തിയുള്ള വ്യാപാര സ്ഥാപനമാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്. വനിതാ എസ്.എച്ച്ജി പഞ്ചായത്ത്, സന്നദ്ധ സംഘടനകൾ എന്നിവർക്ക് ഈ സ്ഥാപനം നടത്താൻ കഴിയും. ജില്ലയിൽ ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ടിൽനിന്നും പലിശരഹിത വായ്പയായി 5,00,000/- രൂപ വരെ ഓരോ യണിറ്റിനും നൽകാവുന്നതും, പ്രസ്തുത തുക 12-18 തവണകളായി തിരികെ ഈടാക്കേണ്ടതുമാണ്.

**6. റിവോൾവിംഗ് ഫണ്ട്**

വായ്പാക്ഷമത ഉറപ്പാക്കിയ എസ്.എച്ച്ജികൾക്ക് തങ്ങളുടെ അംഗകുടുംബങ്ങൾക്ക് ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണ്. അനുവദിക്കുന്ന വായ്പ 12-18 ഗഡുക്കളായി തിരികെ പിടിക്കണം.

റൂറൽ സാനിറ്ററി മാർട്ട്-പ്രോജക്ട് കോസ്റ്റിന്റെ 5% പരമാവധി-1.50 കോടി

**7. പൊതുശുചിത്വ സമുച്ചയം**

വ്യക്തിഗത കക്കൂസുകൾ പണിയുന്നതിന് സൗകര്യമില്ലാത്ത പ്രദേശങ്ങൾ പൊതു ശുചിത്വ സമുച്ചയങ്ങൾ പണിയാവുന്നതാണ്. പ്രാദേശിക ആവശ്യത്തിന് അനുസൃതമായി മിതമായ എണ്ണം ടോയ്ലറ്റ് സീറ്റുകൾ, കുളിമുറികൾ, യൂറിനൽ കഴുകുവാനുള്ള പ്ലാറ്റ്ഫോറം, വാഷ് ബേസിൽ തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം പൊതുശുചിത്വ സമുച്ചയം. ഒരു പൊതുശുചിത്വ സമുച്ചയത്തിനുള്ള യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപയാണ്.

| | | |
|---|---|---|
| കേന്ദ്രവിഹിതം | – | 60% |
| സംസ്ഥാന വിഹിതം | – | 30% |
| ഗുണഭോക്തൃവിഹിതം | – | 10% |

കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സിന് ആവശ്യത്തിനുള്ള ജലലഭ്യത, ആയതിന്റെ നടത്തിപ്പിനും മെയിന്റനൻസിനുമുള്ള സംവിധാനം തുടങ്ങിയവയുടെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കായിരിക്കും. വൃത്തിയായി സൂക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി ഉപഭോക്താക്കളിൽനിന്നും ചെറിയൊരു ഫീസ് ഈടാക്കാവുന്നതാണ്.

**8. മാലിന്യ സംസ്കരണം**

എസി.ബി.എം. ന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് മാലിന്യസംസ്ക്കരണം. ഗ്രാമപഞ്ചായത്തിലെ വീടുകളുടെ എണ്ണത്തിനാനുപാതികമായാണ് സഹായം നൽകുന്നത്.

| | | |
|---|---|---|
| 150 വീടുകൾ വരെ | – | 7 ലക്ഷം |
| 300 വീടുകൾ വരെ | – | 12 ലക്ഷം |
| 500 വീടുകൾ വരെ | – | 15 ലക്ഷം |
| 500 ൽ കൂടുതൽ | – | 20 ലക്ഷം |

ഗാർഹിക തലത്തിൽ ഖരദ്രവമാലിന്യ സംസ്കരണം നടപ്പാക്കുന്ന പ്രോജക്ടുകളിൽ കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 75% തുക എസ്.ബി.എം വിഹിതമായും, 15% ഗ്രാമപഞ്ചായത്തു വിഹിതമായും 10% ഗുണഭോക്തൃ വിഹിതമായും വകയിരുത്തേണ്ടതാണ്.

ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% തുക എസ്.ബി.എം. വിഹിതമായും, 25% തുക ഗ്രാമപഞ്ചായത്തു വിഹിതമായും 10% ഗുണഭോക്തൃവിഹിതമായും വകയിരുത്തേണ്ടതാണ്.

ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% തുക എസ്.ബി.എം വിഹിതമായും, 25% തുക ഗ്രാമപഞ്ചായത്ത് വിഹിതമായും 25% തുക ഗുണഭോക്തൃവിഹിതമായും വകയിരുത്താവുന്നതാണ്. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ഖരമാലിന്യസംസ്കരണ സംവിധാനമാണ് ഈ പദ്ധതിപ്രകാരം സ്ഥാപിക്കേണ്ടത്.

പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് മുതലായവ സ്ഥാപിക്കാവുന്നതാണ്. Sewage Treatment Plant for CHC - 100% SBM Fund

## IV. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്)

ദേശീയ കാർഷിക വികസന ബാങ്ക് (നബാർഡ്) ഗ്രാമപ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 1995-96 ൽ ആരംഭിച്ചതാണ് ആർ.ഐ.ഡി.എഫ് പദ്ധതി.

നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല എംപവേർഡ് കമ്മിറ്റിയാണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. നബാർഡ് സഹായം ലഭിക്കുന്ന വകുപ്പുകൾക്ക് അവരുടെ വിഹിതം സംസ്ഥാന

തല എംപവേർഡ് കമ്മിറ്റി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്നും വാങ്ങി സർക്കാരിന്റെ അനുമതിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികൾക്ക് താഴെത്തലത്തിൽ, നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നു.

ഗ്രാമവികസന കമ്മീഷണർ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നു.ഈ മൂന്ന് തലത്തിലേക്കും പ്രോജക്ട് നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനും സർക്കാർ ലോൺ എന്നിവ ലഭ്യമാക്കുന്നതിനും കമ്മീഷണറേറ്റ് വഴിയാണ്.

## ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

**കൃഷിയും അനുബന്ധ വിഭാഗങ്ങളും**

1. ചെറുകിട ജലസേചന പദ്ധതികൾ
2. മണ്ണ് സംരക്ഷണം
3. വെള്ളപ്പൊക്ക നിവാരണം
4. നീർത്തട വികസനം
5. ഓട നിർമ്മാണം
6. വന വികസനം
7. ഗ്രാമീണ മാർക്കറ്റുകളും സംഭരണകേന്ദ്രങ്ങളും
8. കോൾഡ് സ്റ്റോറേജ്
9. തോട്ട വിളകളും പഴവർഗ്ഗങ്ങളുടെയും കൃഷി
10. വിത്ത്-ഉൽപ്പാദനം/വിതരണം
11. ഗ്രേഡിംഗ് സർട്ടിഫിക്കേഷനുള്ള പരീക്ഷണ ശാലകൾ
12. ഗ്രാമങ്ങളിലെ പൊതുകിണറുകൾ
13. മത്സ്യബന്ധനം
14. നദീജല മത്സ്യബന്ധനം
15. മൃഗസംരക്ഷണം
16. ആധുനിക അറവുശാലകൾ
17. ചെറുകിട ജലസേചന പദ്ധതികൾ
18. ചെറുകിട ജല വൈദ്യുതി പദ്ധതികൾ
19. വൻകിട ജലസേചന പദ്ധതികൾ
20. ഗ്രാമ വിവര വ്യാപന കേന്ദ്രങ്ങൾ
21. തീരപ്രദേശങ്ങളിലെ വനവത്കരണം
22. ഗ്രാമപ്രദേശങ്ങളിലെ വിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാന സൗകര്യങ്ങൾ

**സാമൂഹിക വിഭാഗം**

23. കുടിവെള്ളം
24. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ
25. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ
26. സ്കൂളുകളിൽ സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ

27. ഗ്രാമപ്രദേശങ്ങളിലെ ശുചിത്വ സംവിധാനം
28. അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം
29. ഗ്രാമവ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

**ഗ്രാമീണ ഗതാഗത സൗകര്യങ്ങൾ**

30. ഗ്രാമീണ റോഡുകൾ, പാലങ്ങൾ

**ഫണ്ട് വകയിരുത്തൽ**

കാർഷിക അനുബന്ധ പ്രോജക്ടുകൾക്ക് പ്രോജക്ട് ചിലവിന്റെ 95% തുക നബാർഡ് വായ്പയായി നൽകുന്നു. ബാക്കി വരുന്ന 5% സംസ്ഥാന വിഹിതം എന്ന നലയിൽ ഗ്രാമ/ബ്ലോക്ക്/ജില്ല/പഞ്ചായത്ത് പദ്ധതി വിഹിതത്തിൽനിന്ന് കണ്ടെത്തണം. സാമൂഹ്യ മേഖലാ പ്രോജക്ടുകൾക്ക് 85% ലോണും, 15% പദ്ധതി വിഹിതം എന്ന നിലയിലും റോഡ്, പാലം എന്നിവയ്ക്ക് 80% ലോണും 20% വിഹിതവും എന്ന നിലയിലും നടപ്പിലാക്കുന്നു. എം.എൽ.എയുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ചും സംസ്ഥാന വിഹിതം വഹിക്കാവുന്നതാണ്. അത്തരം പ്രവൃത്തികളുടെ കരാർ ഒപ്പിട്ടു കഴിഞ്ഞാൽ എം.എൽ.എയുടെ പ്രത്യേക വികസന ഫണ്ടിൽനിന്നുള്ള വിഹിതം പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

**കരട് നിർദ്ദേശം**

നബാർഡ് സെക്ടറൽ അലോക്കേഷൻ അനുവദിച്ചശേഷം സർക്കാർ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുമ്പോൾ ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾക്ക് പ്രോജക്ട് ഡയറക്ടർ മുഖാന്തിരം പദ്ധതി നിർദ്ദേശങ്ങൾ കമ്മീഷണർക്ക് നൽകാവുന്നതാണ്. പഞ്ചായത്ത് സമിതി തീരുമാനത്തിന്റെ പകർപ്പ്, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് എന്നിവയാണ് കരട് നിർദ്ദേശത്തിനായി സമർപ്പിക്കേണ്ട രേഖകൾ.

**വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ)**

സർക്കാരിന്റെ പ്രാഥമിക അംഗീകാരം ലഭ്യമാവുന്നപദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആർ) ബന്ധപ്പെട്ട പഞ്ചായത്തുകൾ തയ്യാറാക്കി സർക്കാരിന്റെയും നബാർഡിന്റെയും അംഗീകാരത്തിന് കമമീഷണറേറ്റ് മുഖാന്തിരം സമർപ്പിക്കുന്നു. താഴെ പറയുന്ന രേഖകളാണ് ഡിപിആറിൽ കാണുക.

1. വിശദമായ എസ്റ്റിമേറ്റ്
2. എസ്റ്റിമേറ്റ് റിപ്പോർട്ട്
3. ചെക്ക് ലിസ്റ്റ്
4. പഞ്ചായത്ത് ഭരണസമിതി തീരുമാനം
5. വിഡ്ത്ത് സർട്ടിഫിക്കറ്റ്
6. ഹെറിറ്റേജ് സർട്ടിഫിക്കറ്റ്
7. എൺവയോൺമെന്റ് സർട്ടിഫിക്കറ്റ്
8. നോൺ ഇൻക്യൂഷൻ സർട്ടിഫിക്കറ്റ്
9. ഫ്യൂച്ചർ മെയിന്റനൻസ് സർട്ടിഫിക്കറ്റ്
10. സൈറ്റ് പ്ലാൻ, ഡിസൈൻ, ഡ്രോയിംങ്ങ്
11. പി.ഇ.ആർ.റ്റി (പ്രോഗ്രാം ഇവാല്യൂവേഷൻ റിവ്യൂ ടെക്നിക്)
12. സോഷ്യോ ഇക്കണോമിക് അപ്രൈസൽ

**എസ്റ്റിമേറ്റ്**

1. നിലവിലുള്ള സി.പി.ഡബ്ല്യൂ.ഡി നിരക്ക് പ്രകാരം തയ്യാറാക്കണം
2. കരാറുകാരന്റെ ലാഭം ഉൾപ്പെടുത്താവുന്നതാണ്.

**നിർവ്വഹണ രീതി**

പ്രോജക്ടുകളുടെ നബാർഡ് അംഗീകാരവും സർക്കാർ അനുമതിയും ലഭിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഭരണാനുമതിയും സാങ്കേതിക സമിതിയിൽനിന്നും സാങ്കേതികാനുമതിയും വാങ്ങി പദ്ധതി നിർവ്വഹണം ആരംഭിക്കുന്നു.

പ്രവൃത്തികൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും പൊതുമരാമത്ത് വകുപ്പ് നിയമങ്ങളും പാലിച്ച് ടെണ്ടർ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ ടെണ്ടർ അനുവദിക്കുകയില്ല. നബാർഡ് അംഗീകരിച്ച എസ്റ്റിമേറ്റ് തുകയിലോ ഡിസൈനിലോ സർക്കാർ അനുമതി കൂടാതെ മാറ്റം വരുത്താൻ പാടില്ല.

70 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്ക് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ആവശ്യമാണ്. പ്രീ-ക്വാളിഫിക്കേഷൻ പരിശോധന സമിതി താഴെ പറയുന്ന പ്രകാരമായിരിക്കും.

| | | | |
|---|---|---|---|
| 1. | സൂപ്രണ്ടിംഗ് എഞ്ചിനിയർ | – | ചെയർമാൻ |
| 2. | എക്സിക്യൂട്ടീവ് എഞ്ചിനിയർ | – | അംഗം |
| 3. | സാങ്കേതിക അനുമതി നൽകിയ സാങ്കേതിക ഉപസമിതിയുടെ കൺവീനർ | – | കൺവിനർ |

എഗ്രിമെന്റ് വച്ച് സൈറ്റ് കോൺട്രാക്ടർക്ക് കൈമാറിക്കഴിഞ്ഞാൽ ഉടമ്പടി രേഖകളുടെ പകർപ്പ് (ഷെഡ്യൂളടക്കം) കമ്മീഷണർക്ക് അയച്ചുകൊടുക്കണം.

ഓരോ പ്രോജക്ടിന്റെയും പ്രവർത്തന കലണ്ടറും പുരോഗതി കാണിക്കുന്ന ബാർ ചാർട്ടും പഞ്ചായത്ത് അംഗീകരിച്ച് കരാറിന്റെ ഭാഗമായി വയ്ക്കേണ്ടതും അതനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായി ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് പദ്ധതി വിശദീകരിക്കുകയും സൈറ്റിൽ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിക്കുകയും വേണം.

റോഡുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഒരു സ്വതന്ത്ര ഏജൻസി ഉണ്ടായിരിക്കും. (ലാൽ ബഹദൂർ സാസ്ത്രി ശാസ്ത്ര സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്)

**ധനവിനിയോഗം**

കരാർ വെച്ച് പദ്ധതി ആരംഭിച്ചാലുടൻ ഉടമ്പടി രേഖയുടെ പകർപ്പോടെ സ്റ്റാർട്ട് അപ്പ് അഡ്വാൻസിനായി ഗ്രാമവികസന കമ്മീഷണർക്ക് അപേക്ഷ നൽകാവുന്നതും ആർ.ഐ.ഡി.എഫ് ലോണിന്റെ 20% തുക സർക്കാർ അനുവദിക്കുന്നതുമാണ്.

പ്രവൃത്തി പാർട്ട് ബിൽ വികസന ഫണ്ടിൽനിന്ന് മേഖലാ നിർദ്ദേശങ്ങൾക്ക് വിധേയമായി മുൻകൂർ അനുവദിക്കാവുന്നതാണ്. അത്തരത്തിൽ നൽകുന്ന തുയകയ്ക്കുള്ള റീ-ഇംബേഴ്സ്മെന്റ് ക്ലെയിം നബാർഡിൽനിന്ന് വാങ്ങിക്കാവുന്നതാണ്.

**(എ) റീ-ഇംബേഴ്സ്മെന്റ് ക്ലെയിം നൽകുമ്പോൾ അനുബന്ധമായി സമർപ്പിക്കേണ്ട രേഖകൾ**

1. അനക്സർ (3 കോപ്പി വീതം)
2. അനുമതി രേഖയുടെ (നബാർഡ്) പകർപ്പ്
3. വിഡ്ത്ത് സർട്ടിഫിക്കറ്റ്
4. ഭരണാനുമതിയുടെ പകർപ്പ്

5. സാങ്കേതികാനുമതിയുടെ പകർപ്പ്
6. ഫ്യൂച്ചർ മെയിന്റനൻസ് സർട്ടിഫിക്കറ്റ്
7. എഗ്രിമെന്റ് കോപ്പി (ഷെഡ്യൂളടക്കം)
8. ബാർ ചാർട്ട് (കൗണ്ടർ ഓഫ് ആക്ടിവിറ്റി)
9. ബിൽ കോപ്പി
10. പ്രവൃത്തിയുടെ നടത്തിപ്പ്, എക്സ്പെന്റിച്ചർ സ്റ്റേറ്റുമെന്റ്, ഫിസിക്കൽ പ്രോഗ്രസ്സ് ഇവയെ സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ്
11. പ്രോജക്ട് ഡയറക്ടറുടെ സർട്ടിഫിക്കറ്റ് /ആഡിറ്റ് സ്റ്റേറ്റുമെന്റ് അടക്കം

**(ബി) രണ്ട് മുതൽ അന്തിമ ക്ലെയിമിനു മുമ്പു വരെ**

1. അനക്സറുകൾ (3 കോപ്പി വീതം)
2. ബിൽ കോപ്പി
3. ബാർ ചാർട്ടനുസരിച്ചുള്ള പ്രോഗ്രസ്സ് റിപ്പോർട്ട്
4. കലണ്ടർ ഓഫ് ആക്ടിവിറ്റ്
5. സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്

**(സി) അന്തിമ ക്ലെയിം**

1. അനക്സറുകൾ (3 കോപ്പി)
2. ഫൈനൽ ബിൽ കോപ്പി
3. പ്രോഗ്രസ്സ് റിപ്പോർട്ട്
4. കലണ്ടർ ഓഫ് ആക്ടിവിറ്റി
5. സെക്രട്ടറിയുടെയും പ്രോജക്ട് ഡയറക്ടറുടെയും സർട്ടിഫിക്കറ്റ് (പി.ഒ.സി) /ആഡിറ്റ് സ്റ്റേറ്റുമെന്റ് ഉൾപ്പെടെ.
6. ക്വാളിറ്റി മോണിറ്ററിംഗ് റിപ്പോർട്ട് (എൽബിഎസ്-അന്തിമ പരിശോധനാ റിപ്പോർട്ട്)
7. പ്രോജക്ട് കംപ്ലീഷൻ റിപ്പോർട്ട് (സാങ്കേതികാനുമതി കമ്മിറ്റിയുടെ)
8. റിക്കവറി സ്റ്റേറ്റുമെന്റ്

**മറ്റു നിബന്ധനകൾ**

1. റോഡുകൾക്ക് ആറ് മീറ്റർ വീതി ഉണ്ടായിരിക്കണം
2. പദ്ധതി അനുമതി ലഭിച്ച് 1 വർഷം കഴിഞ്ഞിട്ടും പണി ആരംഭിച്ചില്ലെങ്കിൽ അത് നോൺ സ്റ്റാർട്ടർ പ്രോജക്ട് ആയി പരിഗണിക്കപ്പെടുന്നതും 2 വർഷത്തിനകം പണി ആരംഭിച്ചിട്ടില്ലെങ്കിൽ സ്വമേധയാ പദ്ധതി റദ്ദാക്കപ്പെടുന്നതാണ്.
3. 50 കോടിയോ അതിനു മുകളിലോ തുകയ്ക്കുള്ള വലിയ പ്രോജക്ടുകൾക്ക് 5 വർഷത്തെയും അതിനു താഴെയുള്ള പ്രോജക്ടുകൾക്ക് 23 വർഷത്തെ പൂർത്തീകരണ കാലാവധിയുമാണുള്ളത്.
4. രണ്ടു വർഷം വരെ കാലാവധിയുള്ള പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 5% വരെ തുക കോസ്റ്റ് എക്സലേഷൻ പ്രൊവിഷൻ ആയി വയ്ക്കാവുന്നതാണ്. 2 വർഷത്തിൽ അധികമുള്ള പ്രോജക്ടുകൾക്ക് ഇത് 10% വരെ ആകാം. ഇതിനു പുറമെ കണ്ടിജൻസി ഇനത്തിൽ 3% തുക വരെ എല്ലാ പ്രോജക്ടുകളിലും വെയ്ക്കാം. പ്രോജക്ട് കോസ്റ്റിന്റെ 1% വരെ ക്വാളിറ്റി ചെക്കിംഗിന് നീക്കി വെയ്ക്കാം. മേൽപ്പറഞ്ഞ ഇനങ്ങൾക്കൂടി ഉൾപ്പെടുത്തി വേണം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

5. റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിം ക്വാർട്ടർലി അടിസ്ഥാനത്തിൽ അയയ്ക്കുകയും മുഴുവൻ റീ-ഇമ്പേഴ്സ്മെന്റ് തുകയും പരമാവധി 4 ഇൻസ്റ്റാൾമെന്റുകളിലായി വാങ്ങിയിരിക്കുകയും വേണം.
6. ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ ഷെഡ്യൂൾ ഓഫ് റേറ്റ് മാറ്റം വഴിയും, പ്രവൃത്തിയുടെ ഏതെങ്കിലും ഘടകങ്ങളിൽ മാറ്റം വരുത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക ചെലവ് മുഖേനയും മാറ്റമുണ്ടാകുമ്പോൾ ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകളുടെ പ്ലാൻ ഉൾപ്പെടെയുള്ള വിഹിതത്തിൽ നിന്ന് അധികതുക വഹിക്കണമെന്ന നിബന്ധനയോടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനും പ്രവൃത്തിയുടെ അളവ് കുറവ് വരുത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എഞ്ചിനിയറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും, പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ഭരണസമിതി തീരുമാനം, പുതുക്കിയ എസ്റ്റിമേറ്റ്, കമ്പാരറ്റീവ് സ്റ്റേറ്റുമെന്റ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രവികസന കമ്മീഷണർക്ക് അപേക്ഷ നൽകാവുന്നതാണ്.
7. നബാർഡ് അംഗീകൃത തുകയ്ക്കുള്ളിൽ, ടെണ്ടർ സേവിംഗ്സ് കൂടി ഉൾപ്പെടുത്തി, പ്രവൃത്തി ആരംഭിച്ചശേഷം പഞ്ചായത്ത് തലത്തിൽ എസ്റ്റിമേറ്റ് പുതുക്കൽ അനുവദിക്കുന്നതല്ല.
8. ഏതെങ്കിലും കാരണവശാൽ അനുമതി ലഭിച്ച പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നാൽ അതിനിടയാക്കിയ സാഹചര്യം, പഞ്ചായത്ത് സമിതി തീരുമാനം എന്നിവയടക്കം പ്രോജക്ട് ഡയറക്ടറുടെ സാക്ഷ്യപത്രത്തോടു കൂടി പ്രവൃത്തി കാൻസൽ ചെയ്യുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അപേക്ഷ നൽകാവുന്നതാണ്. പ്രവൃത്തിക്ക് സ്റ്റാർട്ട് അപ്പ് അഡ്വാൻസ് വാങ്ങിയിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.
9. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണമല്ലാതെ മറ്റ് ഏതെങ്കിലും കാരണത്താൽ പ്രവൃത്തി സ്വമേധയാ നിറത്തിവെച്ച കോൺട്രാക്ടർമാർക്ക് യാതൊരു രീതിയിലുമുള്ള അധിക നിരക്ക് നൽകുന്നതല്ല. അത്തരം കോൺട്രാക്ടർമാരുടെ എഗ്രിമെന്റ്, റിസ്ക് ആന്റ് കോസ്റ്റിൽ അവസാനിപ്പിക്കേണ്ടതാണ്.
10. പ്രവൃത്തികളുടെ മോണിറ്ററിംഗ് ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തു തലത്തിൽ ബന്ധപ്പെട്ട സെക്രട്ടറിയുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ പ്രോജക്ട് ഡയറക്ടറുട നേതൃത്വത്തിലും നിർവ്വഹിക്കുന്നു. ജില്ലാ കളക്ടർ മാസംതോറും പദ്ധതി അവലോകനം നടത്തുന്നു.

## V. പ്രധാനമന്ത്രിയുടെ ഗ്രാമസടക് യോജന (പി.എം.ജി.എസ്.വൈ)

2000-01 ൽ പ്രധാനമന്ത്രിയുടെ ഗ്രാമസടക് യോജന സംസ്ഥാനത്ത് ഒറ്റപ്പെട്ട് കിടക്കുന്ന സങ്കേതങ്ങളെയും മലയോര പ്രദേശങ്ങളെയും പ്രധാന റോഡുകളുമായി ബന്ധപ്പെടുത്തുന്നതിന് ഉതകുന്ന വിധത്തിൽ എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ്. പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യപടി എന്ന നിലയ്ക്ക് ആവശ്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തി. പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽനിന്നും വിവരം ശേഖരിച്ച് ജില്ലാതല കരടു പ്ലാനുകൾ നാറ്റ്പാക്ക് തയ്യാറാക്കുന്നു. ഈ പദ്ധതിയനുസരിച്ച് ഒല്ലക്കര ബ്ലോക്ക് പഞ്ചായത്തിൽ മരോട്ടിച്ചാൽ-കൈനിക്കുന്ന റോഡ്, മരോട്ടിച്ചാൽ-കല്ലംനിരപ്പ് റോഡ്, വാരിയത്ത് കാട്-പൂവഞ്ചിറ റോഡ്, അത്തേക്കാട്-ശങ്കരൻചിറ-രാമവർമ്മപുരം റോഡ് എന്നീ 151.38 ലക്ഷം രൂപ അടങ്കൽ വരുന്ന നാല് പ്രവൃത്തികൾക്ക് അനുമതി ലഭിച്ച് പണി പൂർത്തീകരിച്ചു.

## VI. ദേശീയ സമ്പാദ്യപദ്ധതി

വികസന പ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യശീലത്തിനുള്ളത്. ധനിക -ദരിദ്രഭേദമെന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരതസർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യപരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യപദ്ധതി (നാഷണൽ സേവിംഗ്സ് സ്കീം). ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസനബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണ് ഉള്ളത്. പോസ്റ്റാഫീസ് ആവർത്തന നിക്ഷേപ (റെക്കറിംഗ് ഡെപ്പോസിറ്റ്) ത്തിലൂടെ ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നു.

ഇതിനായി എം.പി.കെ.ബി. (മഹിള പ്രധാൻ ക്ഷേത്രിയ ബചത് യോജന) ഏജന്റുമാരായ അർപ്പണ ബോധമുള്ള 37 വനിതകൾ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

പുതിയതായി ആരംഭിച്ച സ്റ്റുഡന്റ് സേവിംഗ്സ് സ്കീം കൂടാതെ കിസാൻ വികാസ് പത്ര ദേശീയ സമ്പാദ്യപദ്ധതി എട്ടാം ഇഷ്യു, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി, മാസവരുമാന പദ്ധതി, പോസ്റ്റാഫീസ് ടൈം ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ് സ്കീം 1992 എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് എസ്.എ.എസ് (സ്റ്റാന്റേഡൈസ്ഡ് ഏജൻസി സിസ്റ്റം) ഏജന്റുമാരെയും ബ്ലോക്കുകളിലൂടെ നിയമിച്ചുവരുന്നു. അഭ്യസ്തവിദ്യരായ വനിതകൾക്ക് ഉപജീവന മാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപകർക്ക് സുരക്ഷിതത്വവും നൽകുന്നു എന്നതാണ് ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രത്യേകത. ജില്ലയിൽ 2004-2005 സാമ്പത്തിക വർഷത്തിൽ 36.60 കോടി രൂപ സമാഹരിച്ച് ബ്ലോക്കുകളിൽ ഒന്നാംസ്ഥാനത്തെത്തുന്നതിന് ഒല്ലൂക്കര ബ്ലോക്കിന് കഴിഞ്ഞിട്ടുണ്ട്.

2025-26 സാമ്പത്തികവർഷം 70 കോടി രൂപയുടെ നിക്ഷേപ സമാഹരണമാണ് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുള്ളത്.

| പദ്ധതികൾ | പലിശനിരക്ക് |
|---|---|
| | 2026 ജനുവരി 1 മുതൽ 2026 മാർച്ച് 31 വരെ |
| സേവിംഗ് ഡെപ്പോസിറ്റ് | 4% (പ്രതിവർഷം) |
| ടൈം ഡെപ്പോസിറ്റ് | |
| 1 വർഷം | 6.9% (ത്രൈമാസം) |
| 2 വർഷം | 7.0% (ത്രൈമാസം) |
| 3 വർഷം | 7.1% (ത്രൈമാസം) |
| 5 വർഷം | 7.5% (ത്രൈമാസം) |
| 5 വർഷ റെക്കറിംഗ് ഡെപ്പോസിറ്റ് | 6.7% (ത്രൈമാസം) |
| 5 വർഷ സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീം | 8.2% (ത്രൈമാസം) |
| 5 വർഷ എംഐഎസ് (Monthly Income Scheme) | 7.4% (പ്രതിമാസം) |
| 5 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 7.7% (പ്രതിവർഷം) |
| പബ്ലിക്ക പ്രൊവിഡന്റ് ഫണ്ട് സ്കീം | 7.1% (പ്രതിവർഷം) |
| കിസാൻ വികാസ് പത്ര | 7.5% (പ്രതിവർഷം) |
| സുകന്യ സമൃദ്ധിയോജന | 8.2% (പ്രതിവർഷം) |
| സ്റ്റുഡന്റ് സേവിംഗ് സ്കീം | 4.0% (പ്രതിവർഷം) |

## VII സാക്ഷരത മിഷൻ പ്രവർത്തനങ്ങൾ

അതുല്യം പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയിലൂടെ ബ്ലോക്ക് പരിധിയിലുള്ള 4 ഗ്രാമപഞ്ചായത്തുകളെയും സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു. വിവിധ കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്കും സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്ക് വെച്ച് അവസാനിപ്പിച്ചവർക്കും തുടർപഠനം ഒരുക്കുക എന്ന ലക്ഷ്യത്തോടെ പഠിക്കുവാൻ താൽപര്യം കാണിച്ച 4055 പേർക്ക് ക്ലാസ്സുകൾ നൽകി. 7-ാം തുല്യത പരീക്ഷക്ക് ഇരുത്തി. നാളിതുവരെയായി ബ്ലോക്ക് പരിധിയിൽ 1825 പേർ പത്താംതരം പരീക്ഷ എഴുതി. ഹയർ സെക്കന്ററി വിഭാഗത്തിൽ 917 പേരും പരീക്ഷ എഴുതിയിട്ടുണ്ട്.

തുല്യതാ പരിപാടികൾക്ക് പുറമെ പഠിതാക്കൾക്കും ഗുണഭോക്താക്കൾക്കുമായി തയ്യൽ, ബ്യൂട്ടീഷ്യൻ, ജ്വല്ലറി മെയ്ക്കിങ്ങ് തുടങ്ങി 75ലധികം തൊഴിൽ പരിശീലനങ്ങൾ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നു. കൂടാതെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ മാറ്റി നിർത്തപ്പെട്ട്, ശരിയായ സമയത്ത് വിദ്യാഭ്യാസം ലഭിക്കാതെ പോയ സാക്ഷരതാ പഠിതാക്കൾക്ക് അവരുടെ കലാവാസനകൾ പ്രകടിപ്പിക്കുന്നതിനായി സാക്ഷരത കലോത്സവങ്ങളും നടത്തിവരുന്നു.

### സാക്ഷരാത വികസന വിദ്യാകേന്ദ്രം പ്രേരകുമാർ

കേന്ദ്രം 1 - നോഡൽ പ്രേരക് ഷീജ ജിജോ, വികസന വിദ്യാകേന്ദ്രം
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്. 9947996118

1. സാക്ഷരത
2. തുല്യത 4-ാംതരം - സാക്ഷരത നേടി പഠിതാക്കളെ പരീക്ഷയ്ക്കിരുത്തി 4-ാംതരം തുല്യതാ സർട്ടിഫിക്കറ്റ് ലക്ഷ്യമാക്കുന്നു. (രജിസ്ട്രേഷൻ എല്ലായ്പ്പോഴും)
3. തുല്യത 7-ാംതരം - നാലാംതരം പാസായ ആളുകളെ ഏഴാംതരം പരീക്ഷയ്ക്ക് തയ്യാറാക്കി പരീക്ഷക്കിരുത്തി ഏഴാംതരം തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നു. (പരീക്ഷ എല്ലാ വർഷവും ജൂലൈ മാസത്തിൽ)
4. തുല്യത 10-ാംതരം - ഏഴാംക്ലാസ്സ് പാസായ പത്താംക്ലാസ് തോറ്റ 17 വയസ് പൂർത്തിയായവർക്ക് എല്ലാ വർഷവും ജൂൺ മാസത്തിൽ അപേക്ഷ ക്ഷണിക്കുന്നു. 10 മാസമാണ് കോഴ്സ് കാലാവധി. ജനറൽ വിഭാഗത്തിന് 1950/- രൂപയുടെ ചലാൻ ബാങ്കിലടയ്ക്കണം. SC/ST വീഭാഗക്കാർക്ക് കോഴ്സ് ഫീ ഇല്ല. 2012 വരെ ഗ്രേഡിങ് സിസ്റ്റത്തിൽ പഠിച്ചവർക്കും അപേക്ഷിക്കാം.
5. തുല്യത ഹയർ സെക്കണ്ടറി - പത്താംതരം പാസായ 22 വയസ് തികഞ്ഞവർക്ക് അപേക്ഷിക്കാം. പത്താംതരം തുല്യതാ പഠിതാക്കൾക്ക് 17 വയസ്സ് പൂർത്തിയായാൽ മതി. കാലാവധി 2 വർഷം. ഹുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകൾ. ഫീസ് - ജനറൽ: 2600/- രൂപ SC/ST : 300/- രൂപ
6. സർട്ടിഫിക്കറ്റ് കോഴ്സുകൾ : പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ചീ ഹിന്ദി എന്നീ 4 മാസം ദൈർഘ്യമുള്ള കോഴ്സുകൾക്ക് 2500/- രൂപ ഫീസ് - വിദ്യാർത്ഥികൾക്കും അവസരം

7. തൊഴിൽ പരിശീലനങ്ങൾ : ജെ.എസ്.എസ് മായി സഹകരിച്ച് ടൈലറിംഗ്, ബ്യൂട്ടീഷൻ, ജ്വല്ലറി മേക്കിംഗ്, കാറ്ററിംഗ്, പപ്പടം, യോഗ, അച്ചാർ, സോപ്പ്, കുട, സാരി പെയിന്റിങ്, സോഫ്റ്റ് ടോയ്സ്, ഡാൻസ് തുടങ്ങി അമ്പതോളം തൊഴിൽ പരിശീലനങ്ങൾ നൽകി സർട്ടിഫിക്കറ്റ ലഭ്യമാക്കുന്നു. ആവശ്യങ്ങൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും ചെയ്തു കൊടുക്കുന്നു.

| പഞ്ചായത്ത് | പ്രേരക് | കേന്ദ്രം |
|---|---|---|
| 1. മാടക്കത്ര | കുമാരി കെ,എൽ. | തുടർവിദ്യാകേന്ദ്രം<br>പടിഞ്ഞാറെ വെള്ളാനിക്കര ഗ്രാമീണവായനശാല |
| 2. നടത്തറ | പ്രീതി ബാബു<br>9744786292 | പയ്യനം അംഗൻവാടി<br>തുടർവിദ്യാകേന്ദ്രം<br>ചേരുംകുഴി |
| | ഷീബ കെ.ആർ.<br>8606865204 | മുളയം സി.ഇ.ഡി. |
| 3. പാണഞ്ചേരി | മിനി സി.ജി.<br>9745818011 | തെക്കുംപാടം തുടർവിദ്യാകേന്ദ്രം<br>നവജ്യോതി വായനശാല<br>പി.ഒ. പട്ടിക്കാട് |
| | ഷെജീന കെ.എം.<br>9562266773 | അടുക്കളപ്പാറ<br>അംഗൻവാടി സി.ഇ.സി<br>വാണിയംപാറ |
| 4. പുത്തൂർ | ഷിജി വി.ബി<br>9567041599 | പുത്തൂർ പഞ്ചായത്ത്<br>തുടർവിദ്യാകേന്ദ്രം |

## VIII മുതിർന്നവർക്കുള്ള കമ്മ്യൂണിറ്റി കം ഡേ കെയർ സെന്റർ

യൗവ്വനകാലം കുടുംബത്തിനും സമൂഹത്തിനും സർക്കാരിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തവർ പ്രായമാകുമ്പോൾ അവഗണിക്കപ്പെടുകയും വാർദ്ധക്യത്തിന്റെ നിസ്സഹായാവസ്ഥയിലേക്ക് വഴുതി വീഴുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. 56 വയസ്സിൽ റിട്ടയർ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ബഹുഭൂരിപക്ഷവും ഏറ്റവും ബുദ്ധിപരമായി ചിന്തിക്കാൻ കഴിവുള്ളവരും കാര്യശേഷിയുള്ളവരും പുതുതലമുറയെ നയിക്കാൻ കഴിവുള്ളവരാണ്. അതുകൊണ്ടുതന്നെ മുതിർന്നവരുടെ ഒരു സംഘടനാ സംവിധാനത്തിന് 2015-16 സാമ്പത്തികവർഷം മുതൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്. മാസത്തിലൊരിക്കലെങ്കിലും ഒന്നിച്ചിരിക്കാം.ആരോഗ്യപരിശോധനകൾ സംഘടിപ്പിക്കാനും, ഞങ്ങളുടെ കഴിവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താനും ഈ സംഘടനാ സംവിധാനത്തിലൂടെ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## IX വയോമിത്രം

2020 മാർച്ച് 8ന് 20 ക്ലിനിക്കുകൾ ആയി ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പുകൾ ആരംഭിച്ചാണ് വയോമിത്രം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിൽ തുടങ്ങിയത്. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ രോഗപരിശോധനയും സൗജന്യ മരുന്ന് വിതരണവും സാമൂഹ്യസുരക്ഷാ മിഷന്റെ സഹായത്തോടെ നടപ്പാക്കുന്നതിനാവശ്യമായ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. 2023 ൽ എത്തിനിൽക്കുമ്പോൾ 22 ക്ലിനിക്കുകളും 4 ഓർഫനേജുകൾക്കും വയോമിത്രം വഴി സേവനം നൽകിവരുന്നു.

### നൽകിവരുന്ന സേവനങ്ങൾ

- സൗജന്യ വൈദ്യസഹായവും മരുന്നുകളും
- വയോജനങ്ങൾക്കുള്ള കൗൺസലിംഗ്
- പരസഹായമില്ലാതെ ജീവിക്കാൻ ബുദ്ധിമുട്ടുന്ന വയോജനങ്ങളുടെ പുനരധിവാസം
- ക്യാമ്പുകളിൽ വരുന്ന വയോജനങ്ങളുടെ രക്തസമ്മർദ്ദവും പ്രമേഹവും പരിശോധിക്കുന്നു.
- വയോജനങ്ങൾക്കാവശ്യമായ ഡിമെൻഷ്യ, ഫിസിയോതെറാപ്പി തുടങ്ങിയ സേവനങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സഹായത്തോടെ നൽകി വരുന്നു.
- ഒറ്റപ്പെട്ടവരും അഗതികളുമായവരുടെ വീടുകളിൽ പോകുകയും അവർക്കാവശ്യമായ സേവനങ്ങൾ നൽകി വരികയും ചെയ്യുന്നു.

ഇത്തരം പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിന്റെ ഫലമായി 2023 ലെ വയോജന സേവനത്തിനുള്ള സംസ്ഥാനതലത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് കരസ്ഥമാക്കി. ബ്ലോക്ക് പഞ്ചായത്തിലെയും, പഞ്ചായത്തിലെ പ്രസിഡന്റുമാർ, കൗൺസിലർമാർ, ഉദ്യോഗസ്ഥർ, ഐസിഡിഎസ് ഓഫീസ്, അംഗൻവാടി ജീവനക്കാർ എന്നിവരുടെ പിൻതുണയും സഹകരണത്തോടുകൂടി വയോമിത്രം പദ്ധതി മികച്ച രീതിയിൽ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു.

**വയോമിത്രം ക്യാമ്പുകൾ**

| | 2024-25 |
|---|---|
| മാടക്കത്ര | 3019 |
| നടത്തറ | 3115 |
| പാണഞ്ചേരി | 3171 |
| പുത്തൂർ | 7471 |
| ആകെ | 16776 |

### പ്രധാനപ്പെട്ട ദിനാചരണങ്ങൾ

* വിവിധ ആരോഗ്യ ധപാധാന്യം ഉൾകൊണ്ടുള്ള ദിനാചരണങ്ങൾ
* വയോജനദിനാചരണം
* വയോജന ചൂഷണ വിരുദ്ധ ബോധവത്ക്കരണ ദിനാചരണം
* ഓണം, ക്രിസ്തുമസ്, ന്യൂ ഇയർ ആഘോഷങ്ങൾ
* സാമൂഹ്യ പ്രാധാന്യമുള്ള ദിനാചരണങ്ങൾ
* ഡിമൻഷ്യ,സ്ക്രീനിംഗ്, തുടർ ചികിത്സക്കായി CHC ക്ലിനിക്കിലേക്ക് റഫർ ചെയ്യുന്നു.

# ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ചുമതലാവിഭജനം

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | പ്രവർത്തനം |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 1 | ഓഫീസ് മേധാവിയായി പ്രവർത്തിച്ചുവരുന്നു. ബ്ലോക്കിലെ പ്രവർത്തനങ്ങൾക്ക് പൊതുവായ മേൽനോട്ടവും നേതൃത്വവും നൽകുന്നു. |
| 2 | ജോയിന്റ് ബിഡിഒ (ഇ.ജി.എസ്) | 1 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ സെക്രട്ടറിയെ/ബിപിഒയെ സഹായിക്കുന്നു. ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല, പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല |
| 3 | ജോയിന്റ് ബിഡിഒ (ആർ.എച്ച്) | 1 | ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതല പുത്തൂർ ഗ്രാമപഞ്ചായത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല |
| 4 | എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിങ്ങ് & മോണിറ്ററിങ്ങ്) നടത്തറ ഗ്രാമപഞ്ചായത്ത് | 1 | ബ്ലോക്കിന്റെ അടിസ്ഥാന വിവരങ്ങളുടെ ക്രോഡീകരണം, പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ, നടപ്പാക്കുന്ന പദ്ധതികളുടെ റിപ്പോർട്ടിങ്ങ്, സ്റ്റാഫ് മീറ്റിംഗ്, ബ്ലോക്ക് ജനറൽ കമ്മിറ്റി മിനുട്ട്സ്, വി. സ്റ്റിയറിംഗ് കമ്മിറ്റി മിനിറ്റ്സ് തയ്യാറാക്കൽ, ആവാസ് സോഫ്റ്റ് ഡാറ്റാ എൻട്രി മോണിറ്ററിംഗ്, വി.ഇ.ഒ മാരുടെ ടൂർ ഡയറി, അഡ്വാൻസ് ടൂർ പ്രോഗ്രാം എന്നിവ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കും സെക്രട്ടറിയെ സഹായിക്കുന്നു. പുത്തൂർ ഗ്രാമപഞ്ചായത്ത് 15 മുതൽ 23 വരെ വാർഡുകളുടെ കേന്ദ്രവിഷ്കൃത പദ്ധതിയുടെ ചുമതല. |
| 5 | എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 | ഇപിഐപി പദ്ധതി നടപ്പാക്കുന്നതിൽ സെക്രട്ടറിയെ സഹായിക്കുന്നു. വനിതാ മേഖലയിലെ പ്രവർത്തന റിപ്പോർട്ടുകളുടെ ക്രോഡീകരണം, ബിപിഎൽ സർട്ടിഫിക്കറ്റ് നൽകൽ എന്നിവയ്ക്ക് സെക്രട്ടറിയെ സഹായിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല, മാടക്കത്ര ഗ്രാമപഞ്ചായത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല, ബ്ലോക്കിലെ ഗ്രീൻ പ്രോട്ടോകോൾ പദ്ധതിയുടെ ചുമതല. |

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | പ്രവർത്തനം |
|---|---|---|---|
| 6 | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | ദേശീയ സമ്പാദ്യ പദ്ധതി, ജനകീയാസൂത്രണ പരിപാടി പ്ലാൻ കോ-ഓർഡിനേറ്റർ, ടി.എസ്.സി ചാർജ്ജ് ഓഫീസർ, സാക്ഷരതാ പ്രവർത്തനം, കേരളോത്സവം, ഗ്രാമവികസനവാരം, ദേശീയ ദിനാചരണങ്ങൾ, ഇൻഫർമേഷൻ സെന്റർ പ്രവർത്തനം, ഓഫീസിന്റെയും ആസ്തികളുടെയും സംരക്ഷണം എന്നീ ബ്ലോക്ക് പഞ്ചായത്തിന്റെ പരിപാടികളിലും, ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ പൊതുവായ കാര്യങ്ങളിലും സെക്രട്ടറിയെ സഹായിക്കുന്നു. പാണഞ്ചേരി ഗ്രാപഞ്ചായത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല. |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | ഗ്രാമവികസന പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ വ്യാപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ നിശ്ചയിക്കപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>വാർഷിക പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായി പ്രവർത്തിക്കുന്നു. |
| 8 | ഹെഡ് ക്ലാർക്ക് | 1 | ഓഫീസ് പ്രവർത്തനങ്ങളിൽ എല്ലാ സെക്ഷൻ ക്ലാർക്കുമാരുടെയും ഫയലുകളുടെയും മേൽനോട്ടം വഹിക്കുന്നു. പണമിടപാടുകൾ നടത്തുന്നതിനും സെക്രട്ടറിയെ സഹായിക്കുന്നു. |
| 9 | ഹെഡ് അക്കൗണ്ടന്റ് | 1 | പ്ലാൻ, കേന്ദ്രാവിഷ്കൃതപദ്ധതി, ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ എല്ലാ പദ്ധതികളുടെയും കണക്കുകൾ തയ്യാറാക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, ചെലവുകൾ ഓൺലൈൻ എൻട്രി നടത്തൽ, അക്കൗണ്ടിംഗ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല, എംഎൽഎ, എം ഫ്ളഡ് വർക്കുകൾ, വിവരാവകാശം, ഇലക്ഷൻ, എജി ഓഡിറ്റ്, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി എന്നിവ കൈകാര്യം ചെയ്യുന്നു. |
| 10 | സീനിയർ ക്ലാർക്ക് | 2 | ജീവനക്കാര്യം, എംഎൽഎ, എം ഫ്ളഡ് വർക്കുകൾ, വിവരാവകാശം, ഇലക്ഷൻ, എജി ഓഡിറ്റ്, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി എന്നിവ കൈകാര്യം ചെയ്യുന്നു. |

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | പ്രവർത്തനം |
|---|---|---|---|
| 11 | സീനിയർ ക്ലാർക്ക് | | പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്യൽ, പ്ലാൻ കോ-ഓർഡിനേറ്ററെ സഹായിക്കൽ, ജനറൽ പർപ്പസ് ഗ്രാന്റ് പദ്ധതി ചിലവുകൾ, ഇ-ഗ്രാമ സ്വരാജ്, ഹെൽത്ത് ഗ്രാന്റ്, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി എന്നിവ കൈകാര്യം ചെയ്യുന്നു. |
| 12 | ക്ലാർക്ക് | 1 | എഞ്ചിനിയറിംഗ് പ്രവൃത്തികളുടെയും മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെയും ഓഡിറ്റിങ്ങിന്റെയും ചുമതല, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി |
| 13 | സീനിയർ ക്ലാർക്ക് (പുനർവിന്യാസം) | 1 | ഭവനനിർമ്മാണപദ്ധതിയുടെ ഫയലുകൾ, സേവനാവകാശം, ബി.പി.എൽ. സർട്ടിഫിക്കറ്റ് കൈകാര്യം ചെയ്യൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് തയ്യാറാക്കൽ, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി |
| 14 | ടൈപ്പിസ്റ്റ് | 1 | വിവിധ റിപ്പോർട്ടുകൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് അയയ്ക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നു. ഡിസ്ട്രിബ്യൂഷൻ, ഫെയർകോപ്പി, ഡെസ്പാച്ച് സ്റ്റേഷനറി, ഇ-ഓഫീസ് എന്നിവയുടെ ചുമതല |
| 15 | ഡ്രൈവർ | 1 | ബ്ലോക്കിലെ ജീപ്പ് ഓടിക്കുന്നു. |
| 16 | ഡ്രൈവർ (ദിവസക്കൂലി) | 1 | ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം ഓടിക്കുന്നു. |
| 17 | ഓഫീസ് അറ്റൻഡർ | 2 | ബ്ലോക്കിലെ ദൈനംദിന പ്രവർത്തനങ്ങളൽ എല്ലാ സെക്ഷനുകളേയും സഹായിക്കുന്നു. |
| 18 | പാർട്ട് ടൈം സ്വീപ്പർ | 1 | ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. |

# 1. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

## ഘടക സ്ഥാപനങ്ങൾ

## കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്

**0487-2370581**

### 1. കൃഷി സമൃദ്ധി - കാർഷിക വിളകളുടെ സംരക്ഷണവും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ അവയുടെ വിപണന സാധ്യത മെച്ചപ്പെടുത്തൽ

**ആമുഖം**

തൃശൂർ ജില്ലയിലെ മലയോര മേഖല അടങ്ങുന്ന ഒരു സുപ്രധാന കാർഷികമേഖല യാണ് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്. നാല് പഞ്ചായത്തുകളിലായി ഏകദേശം 9500 ഹെക്ടർ കൃഷി വിസ്തൃതിയുള്ള ഒല്ലൂക്കര ബ്ലോക്കിൽ പ്രധാന കാർഷികവിളകൾ നേന്ത്രവാഴ, പച്ചക്കറി കൾ മുതലായവയാണ്. ഇവ കൂടാതെ തെങ്ങ് അടിസ്ഥാനമായുള്ള മിശ്രവിള സമ്പ്രദായമാണ് ഒട്ടു മിക്ക കൃഷിയിടങ്ങളിലും അവലംബിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെങ്ങ് അടിസ്ഥാനമായുള്ള കൃഷിയിടങ്ങളിൽ വാണിജ്യ സാധ്യതയുള്ള കൃഷി ഇടവിളകൾ പരമാവധി ഉൾക്കൊള്ളിക്കുക എന്നുള്ളതാണ് കർഷകന്റെ വരുമാന വർദ്ധനവിന് സാധ്യമായ മാർഗ്ഗം. ഭക്ഷ്യസുരക്ഷ പരമപ്ര ധാന ലക്ഷ്യമായതിനാൽ ഇടവിളകളായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നത്. ഏറ്റവും ഉചിതമാണ്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് കൃഷി അഭിവൃദ്ധിക്കായി ജനകീയാസൂത്രണ പദ്ധതി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ പഴവർഗ്ഗ ക്ലസ്റ്ററുകൾ സ്ഥാപിക്കൽ എന്നത് കൃഷി സമൃദ്ധി പദ്ധതിക്ക് കീഴിൽ വരുന്നതാണ്. പോഷക സമൃദ്ധി മിഷന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്നു.

**ലക്ഷ്യങ്ങൾ**

1. തദ്ദേശീയവും വിദേശീയുമായ പഴവർഗ്ഗ ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.
2. പച്ചക്കറി, മറ്റു ഭക്ഷ്യോല്പന്നങ്ങളുടെ കാർഷിക വിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക. അഃ വഴി അവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക.
3. വീട്ടുവളുപ്പുകളിൽ നിന്നു തന്നെ സുരക്ഷിതമായി ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക.
4. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.
5. കൃഷികൂട്ടങ്ങൾ കർഷക ഗ്രൂപ്പുകൾ എന്നിവ ശക്തിപ്പെടുത്തി കൃഷി മെച്ചപ്പെടുത്തുക.
6. മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക
7. ഫെഡറേഷൻ രൂപീകരിച്ച് വിപണനം മെച്ചപ്പെടുത്തുക.

## കൂൺ ഗ്രാമം

**ആമുഖം**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയുമായി ചേർന്ന് കൂൺ കൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് അധിക വരുമാനം പ്രദാനം ചെയ്യുന്നതിനുമായി ഒല്ലൂക്കര ബ്ലോക്കിന് കീഴിൽ കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. ചെറുകിട കൂൺ കൃഷി ഉല്പാദക യൂണിറ്റുകൾ, വാണിജ്യ അടിസ്ഥാനത്തിലുള്ള കൂൺ ഉല്പാദക യൂണിറ്റുകൾ, കൂൺ വിത്ത് ഉല്പാദക യൂണിറ്റുകൾ , കംപോസ്റ്റ് യൂണിറ്റുകൾ മുതലായവ കൂൺ ഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

**ലക്ഷ്യങ്ങൾ**

1. ബ്ലോക്ക് പഞ്ചായത്തുകൾ / മുനിസിപ്പാലിറ്റികൾ / കോർപ്പറേഷനുകൾ / എന്നിവിടങ്ങളിൽ കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുക എന്ന ആശയം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയു ടെ ലക്ഷ്യം. കൂൺ ഉല്പാദന യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ്, പേക്ക് ഹൗസ്, ഉപയോഗിച്ച കൂൺ ബഡ് കൊണ്ടുള്ള കംപോസ്റ്റ് നിർമ്മാണം എന്നിവക്ക് പിന്തുണ നൽകുന്നതിലൂടെ ഈ ഗ്രാമങ്ങൾ കേരളത്തിലെ കൂൺ കൃഷിയുടെ സമഗ്രമായ വികസനം പ്രോത്സാഹിപ്പിക്കും.
2. സംസ്ഥാനത്ത് 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുക
3. പ്രദേശിക ഉപഭോക്താവിന് കൂണുകളുടെയും അതിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും എളുപ്പത്തിലുള്ള ലഭ്യത ഉറപ്പാക്കുക.
4. സുരക്ഷിതമായ ഭക്ഷണം എന്ന ആശയം പ്രോത്സാഹിപ്പിക്കുക, അതുവഴി ഭക്ഷ്യസുരക്ഷയും പോഷക സുരക്ഷയും പിന്തുണക്കുക
5. കൃഷി കൂടുംബങ്ങളുടെ സംരംഭക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
6. അർദ്ധനഗര, ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ നൽകുന്നതിനും പ്രദേശിക സാമ്പത്തിക വികസനം സ്ഥാപിക്കുന്നതിനും
7. പ്രദേശീക ഗ്രമീണ കർഷകസ്ത്രീകൾക്കിടയിൽ ഒരു സംരംഭകമായും സാമ്പത്തിക ശാക്തീകരണത്തിന് അനുയോജ്യമായ ഒരു സമീപനമായും കൂൺ കൃഷി വികസിപ്പിക്കുക. തൊഴിൽ രഹിതരായ യുവാക്കളെയും, വീട്ടമ്മമാരെയും പ്രത്യേകിച്ച് ബി പി എൽ കുടുംബങ്ങളിൽ നിന്നുള്ളവരെ ഒരു സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ ഈ മേഖലയിലേക്ക് ആകർക്ഷിക്കാൻ കഴിയും.

II. കൃഷിയധിഷ്ഠിത ആസൂത്രണ വികസന സമീപനം (ഫാം പ്ലാൻ) കൃഷിയധിഷ്ഠിത ആസൂത്രണ ഉല്പാദന പരിപാടികളുടെ ഉല്പാദനം പൂർണ്ണ പിന്തുണ ഉൾപ്പടെ

വിളയധിഷ്ഠിത കൃഷി സമ്പ്രദായത്തിൽ നിന്നും മാറി സംയോജിത ബഹുവിളകൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ കൈവശഭൂമി വികസിപ്പിക്കുകയും, കൃഷിയിടത്തെ അടിസ്ഥാനയൂണിറ്റുകളായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായ രീതിയിൽ ഉപയോഗപ്പെടുത്തികൊണ്ട് കർഷകരുടെ വരുമാനം പരമാവധി വർധിപ്പിക്കുകയും, അതിലൂടെ

സംസ്ഥാനത്തിന്റെ ഉൽപ്പാദക സമ്പത്ത്ഘടനയിൽ ഗണ്യമായ സംഭാവന നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2022-23 സാമ്പത്തിക വർഷം ആരംഭിച്ച കൃഷിയധിഷ്ഠിത ആസൂത്രണ വികസന സമീപനം 2025-26 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നു.

സംയോജിത ബഹുവിളകൃഷി സമ്പ്രദായത്തെ അടിസ്ഥാനമാക്കിയുള്ള വികനത്തിനായിരിക്കും പദ്ധതി ഊന്നൽ നൽകുന്നത്. വീടും മറ്റുകൊട്ടിടങ്ങളും നിൽക്കുന്ന സ്ഥലം ഒഴികെ 10 മുതൽ 200 സെന്റ് വരെ വിസ്തൃതിയുള്ള കൃഷിയിട യൂണിറ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സംയോജിത കൃഷി സമ്പ്രദായിക മാതൃകകളോടൊപ്പം നാളീകേരം, സുഗന്ധവിളകൾ, പഴവർഗ്ഗവിളകൾ, പച്ചക്കറിവിളകൾ എന്നിവ അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മാതൃക കൃഷിയിട യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു.

**ഓൺ ലൈൻ മുഖേന ലഭിക്കുന്ന സേവനങ്ങൾ**

1. എയിംസ് വിള -ഇൻഷുറൻസ്, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യം
2. PMFBY / RWBCIS കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി - നെല്ല്, പച്ചക്കറിവിളകൾ എന്നീ വിളകൾക്ക് പരിരക്ഷലഭിക്കുന്നു.
3. പി.എം. കിസാൻ-പ്രധാനമന്ത്രിയുടെ കർഷകർക്കുള്ള ധനസഹായം

## കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്. ഒല്ലൂക്കര

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | നെൽകൃഷി വികസനത്തിനായി പാടശേഖര സമിതികൾ വഴി വിത്ത്, വളം, കീടനാശിനി മുതലായ ഉൽപാദനോപാധികൾക്ക് ധനസഹായം വിതരണം ചെയ്യുന്നു | പാടശേഖരത്തിലെ ചെറുകിട-പരിമിത കർഷകർ | പാടശേഖരസമിതികൾ വഴി കൃഷിഭവനിൽ അപേക്ഷ നൽകുക | നികുതി അടച്ച രേഖ | അതാതു സീസണിൽ തന്നെ ലഭ്യമാകും | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 2 | മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് ആനുകൂല്യം | ചെറുകിട പരിമിത കർഷകർ | കൃഷിഭവനിൽ നേരിട്ട് | നികുതി അടച്ച രേഖ | അതാതു സീസണിൽ തന്നെ ലഭ്യമാകും | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 3 | പച്ചക്കറി കൃഷിക്ക് ആനുകൂല്യം | ചെറുകിട പരിമിത കർഷകർ | പച്ചക്കറിസംഘങ്ങൾ വഴി കൃഷിഭവനിൽ | നികുതി അടച്ച രേഖ | അതാതു സീസണിൽ തന്നെ ലഭ്യമാകും | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 4 | ബയോഗ്യാസ് നിർമ്മാണത്തിൽ ആനുകൂല്യം | ചെറുകിട പരിമിത കർഷകർ | ഓൺലൈൻ | നികുതി അടച്ച രേഖ | അതാതു സീസണിൽ തന്നെ ലഭ്യമാകും | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 5 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ പദ്ധതി വഴി പച്ചക്കറി, വാഴ, പുഷ്പകൃഷി, ഇഞ്ചി, മഞ്ഞൾ, ജാതി, കവുങ്ങ് എന്നീ വിളകൾക്കും കൂൺകൃഷി, മണ്ണിര, നിർമ്മാണ യൂണിറ്റ്, ഗ്രീൻ ഹൗസ്, ഷേഡ് നെറ്റ് മുതലായവക്ക് ധനസഹായം വിതരണം ചെയ്യുന്നു | ചെറുകിട പരിമിത കർഷകർ | ഓൺലൈൻ | നികുതി അടച്ച രേഖ | അതാതു സീസണിൽ തന്നെ ലഭ്യമാകും | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |

## കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്. ഒല്ലൂക്കര

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 6 | ആത്മ പദ്ധതി വഴി പരിശീലനങ്ങൾ, പഠനയാത്ര | ചെറുകിട - പരിമിത കർഷകർ | കൃഷിഭവനിൽ നേരിട്ട് | | ഫണ്ടിന്റെ പദ്ധതിയുടെ ലഭ്യത അനുസരിച്ച് | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 7 | കീടനാശിനി, വളം എന്നിവ വിൽക്കുന്നതിനുള്ള ലൈസൻസും ഗുണനിലവാര പരിശോധനയും | വളം, കീടനാശിനി വ്യാപാരികൾ | കൃഷിഭവനിൽ നേരിട്ട് | നിശ്ചിത ഫീസ് അടച്ചതിന്റെ രശീത്, പഞ്ചായത്ത് ലൈസൻസ് | 20 ദിവസം | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 8 | കൃഷിക്ക് സൗജന്യ വൈദ്യുതി സഹായം | ചെറുകിട പരിമിത കർഷകർ | കൃഷിഭവൻ വഴി | നികുതി രശീതി മുതലായവ | 30 ദിവസം | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 9 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | ചെറുകിട പരിമിത കർഷകർ | കൃഷിഭവൻ വഴി | നികുതി രശീതി മുതലായവ | ഫണ്ട് ലഭിക്കുന്ന മുറക്ക് | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 10 | വിത്ത്, നേഴ്സറി എന്നിവക്കുള്ള ലൈസൻസും ഗുണനിലവാര പരിശോധനയും | വിത്ത്, നടീൽ വസ്തു വ്യാപാരികൾ | കൃഷിഭവനിൽ നേരിട്ട് | നികുതി രശീതി ചലാൻ, പഞ്ചായത്ത് ലൈസൻസ് | 30 ദിവസം | 7 ദിവസം | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |



സേവനാവകാശ രേഖ

## കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്. ഒല്ലൂക്കര

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 11 | തെങ്ങ് കർഷകർക്ക് ഉത്പാദനോപാധികൾ, തെങ്ങ് വെട്ടിമാറ്റി പുതിയ തൈ നടൽ, രോഗകീട നിയന്ത്രണം, മൂല്യവർദ്ധനവ് എന്നിവയ്ക്ക് കേരഗ്രാമം പദ്ധതി വഴി ധനസഹായം | ചെറുകിട-പരിമിത കർഷകർ | കൃഷിഭവനിൽ നേരിട്ട് | | ഫണ്ടിന്റെ പദ്ധതിയുടെ ലഭ്യത അനുസരിച്ച് | അനുസരിച്ച് | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 12 | വിളയിടാധിഷ്ഠിത പ്രവർത്തനം | ഫാം പ്ലാൻ | കൃഷിഭവനിൽ നേരിട്ട് | | 20 ദിവസം | അനുസരിച്ച് | കൃഷിഭവൻ വഴിയാണ് ആനുകൂല്യം ലഭിക്കുന്നത് |
| 13 | പ്ളാൻ ഹെൽത്ത് ക്ലിനിക് | എല്ലാ കർഷകരും | കൃഷിഭവൻ വഴി | ബാധകമല്ല | | | |
| | | | | | | | |
| | | | | | | | |



സർക്കാർ ഉത്തരവ്

# 2. ക്ഷീരവികസന ഓഫീസ് - ഒല്ലൂക്കര ബ്ലോക്ക്പഞ്ചായത്ത്

**0487 2370007**

ഒല്ലക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഏകദേശം രണ്ടായിരത്തോളം ക്ഷീരകർഷക രുടെ വരുമാനമാർഗ്ഗമാണ് ക്ഷീരോൽപാദനവും വിതരണവും. 2024-25 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ക്ഷീകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയിലേക്കായി 23ലക്ഷം രൂപ വകയിരുത്തുക യുണ്ടായി. ബ്ലോക്ക് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന 1325 ക്ഷീരകർഷ കർക്ക് 2023-24 സാമ്പത്തികവർഷം പാലിന് സബ്സിഡി നൽകുവാൻ സാധിച്ചിട്ടുണ്ട്.

ക്ഷീരവികസനവകുപ്പ് മിൽക്ക് ഷെഡ് വികസനപദ്ധതി, തീറ്റപ്പുൽ കൃഷി വികസനം പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ക്ഷീര സാന്ത്വന ഇൻഷു റൻസ് പദ്ധതി മുതലായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധി യിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, ഓണ മധുരം, ക്ഷീരസാന്ത്വാനം, ഇൻഷൂറൻസ് പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

ക്ഷീരവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് ക്ഷീരകർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും അതുവഴി ആരോഗ്യമുള്ളതും ശുചിത്വമുള്ളതുമായ പാൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ക്ഷീര മേഖലയുടെ ആസ്തി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

## I ലഭിക്കുന്ന സേവനങ്ങൾ

1. വ്യക്തിഗത പുൽകൃഷി തോട്ടങ്ങൾ
2. ഹ്രസ്വകാല വിളയായ വൻപയർ, മക്കചോളം എന്നിവയുടെ കൃഷി
3. അസോള
4. ജലസേചനസൗകര്യം ഒരുക്കുന്നതിന് ധനസഹായം
5. തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണം പദ്ധതി
6. വൃക്ഷവിളകളുടെ കൃഷി
7. ഹൈഡ്രോ പോണിക്സ് യൂണിറ്റ്
8. തരിശുഭൂമിയിൽ തീറ്റപുൽകൃഷി
9. ക്ഷീരസംഘം മുഖേന തീറ്റപുൽ വിതരണം

## II മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി

1. ഡയറി യൂണിറ്റികൾ (01, 02, 05, 10 പശു)
2. കിടാരി യൂണിറ്റുകൾ (05, 10 കിടാരി)

3. തൊഴുത്ത് നിർമ്മാണം
4. ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി
5. കറവയന്ത്രം
6. ക്ഷീര ഗ്രാമം

III **ക്ഷീരസംഘങ്ങളുടെ നവീകരണം**

1. ആവശ്യാധിഷ്ഠിത ധനസഹായം
2. FSSAI മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള ധനസഹായം
3. ക്ഷീരം സംഘം മുഖേന വൈക്കോൽ വിതരണം
4. AMCU
5. പാൽസംഭരണമുറി നിർമ്മാണം
6. ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം
7. ക്ഷീര സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി

## ക്ഷീരവികസന യൂണിറ്റിലെ തസ്തികകൾ

1. ക്ഷീര വികസന ഓഫീസർ
2. ഡയറി ഫാം ഇൻസ്ട്രക്ടർ - 2
3. ക്ലാർക്ക്
4. ഓഫീസ് അസിസ്റ്റന്റ്
5. ഡയറി പ്രൊമോട്ടർ (താൽക്കാലികം)
6. കാഷ്വൽ സ്വീപ്പർ (ദിവസകൂലി)
7. വുമൺ കാറ്റിൽ കെയർ വർക്കർ (താൽക്കാലികം)
8. ക്ഷീരവികസന ഓഫീസർ തിങ്കൾ, ബുധൻ, വെള്ളി എന്നീ ദിവസങ്ങളിൽ ഓഫീസിൽ ഉണ്ടായിരിക്കും.
9. ഡയറി ഫാം ഇൻസ്ട്രക്ടർ തിങ്കൾ, വ്യാഴം, ശനി എന്നീ ദിവസങ്ങളിൽ ഓഫീസിൽ ഉണ്ടായിരിക്കും.

# 3. സീനിയർ വെറ്ററിനറി സർജന്റെ ഓഫീസിൽനിന്നുള്ള സേവനങ്ങൾ (വാണിയമ്പാറ)

**0487-2687047**

**ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

| | | | |
|---|---|---|---|
| 1) | സീനിയർ വെറ്ററിനറി സർജൻ | - | ഡോ. സാജിത |
| 2) | ലൈവ സ്റ്റോക്ക് ഇൻസ്പെക്ടർ | - | മിഥുൻ പി.ആർ |
| 3) | അറ്റന്റന്റ് | - | ജോൺ മത്തായി |
| 4) | പാർട്ട് ടൈം സ്വീപ്പർ | - | അജിത കെ. ആർ |

**സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ**

1) വിദഗ്ധ ചികിത്സ
2) പശു, എരുമ, ആട് എന്നിവയ്ക്കുള്ള കൃത്രിമബീജദാനം നടത്തിക്കൊടുക്കുന്നു
3) ഓമന മൃഗങ്ങൾക്കുള്ള ചികിത്സ (25 രൂപ നിരക്കിൽ)
4) മൃഗങ്ങൾക്കും കോഴി, താറാവ്, മുതലായവയ്ക്കുള്ള പ്രതിരോധ കുത്തിവെയ്പ് സൗകര്യം (കുളമ്പുരോഗം, കുരളടപ്പൻ, കോഴിവസന്ത, പേവിഷബാധ മുതലായവ)
5) വിജ്ഞാനവ്യാപനയൂണിറ്റ്
6) മൃഗസംരക്ഷണ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കൽ

# 4. സാമൂഹ്യാരോഗ്യകേന്ദ്രം, വെള്ളാനിക്കര

**0487-2374088**

കേരള കാർഷികസർവ്വകലാശാലയോട് ചേർന്ന് തോട്ടപ്പടിയിൽ തട്ടിൽ കൊച്ചുവറീത് സംഭാവന ചെയ്ത ഒരേക്കറോളം വരുന്ന സ്ഥലത്ത് വെള്ളാനിക്കര സാമൂഹ്യാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്നു. പത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള ഈആശുപത്രിയിൽ ഓട്ട് പേഷ്യന്റ് വിഭാഗവും പ്രവർത്തിക്കുന്നു. പ്രതിദിനം ശരാശരി 350 രോഗികൾ ചികിത്സക്കായി ഈ സ്ഥാപനത്തെ ആശ്രയിക്കുന്നു. ദേശീയപാത 47 ന് അരികിലായി സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിന്റെ വികസനത്തിന് സ്ഥലപരിമിതി പ്രധാന പ്രശ്നമാണ്. ഈ സ്ഥാപനത്തിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന വ്യത്യസ്ത വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

| ക്രമനമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1. | സിവിൽ സർജൻ | 2 |
| | (സീനിയർ സിവിൽ സർജൻ ആശുപത്രി സൂപ്രണ്ടിന്റെ ചുമതല വഹിക്കുന്നു) | |
| 2 | അസി. സർജൻ | 2 |
| 3 | ഡെന്റൽ സർജൻ | 1 |

| | | |
|---|---|---|
| 4 | സ്റ്റാഫ് നേഴ്സ് | 1 |
| 5 | നേഴ്സിങ് അസിസ്റ്റന്റ് | 2 |
| 6 | ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് II | 1 |
| 7 | ഡെന്റൽ ഹൈജീനിസ്റ്റ് | 1 |
| 8 | ഹെഡ് ക്ലാർക്ക് | 1 |
| 9 | യുഡി ക്ലാർക്ക് | 1 |
| 10 | എൽഡി ക്ലാർക്ക് | 2 |
| 11 | പ്യൂൺ | 2 |
| 12 | ഫാർമസിസ്റ്റ് | 1 |
| 13. | ലാബ് ടെക്നീഷ്യൻ | 1 |
| 14 | ഓപ്താൽമിക് അസിസ്റ്റന്റ് | 1 |
| 15 | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 16 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 1 |
| 17 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| 18 | ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 |
| 19 | ജൂനനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II | 3 |
| 20 | ഡ്രൈവർ | 1 |
| 21 | പാർട്ട്ടൈം സ്വീപ്പർ | 1 |
| | ആകെ | 29 |

**പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ**

1 ജനറൽ ഒ.പി.
2 ദന്തവിഭാഗം ഒ.പി
3 ജീവിതശൈലി വിഭാഗം ഒ.പി.
4 നേത്രപരിശോധന
5 ഗർഭിണികൾക്കുള്ള ക്ലിനിക്ക്
6 കൗമാര സൗഹൃദ ക്ലിനിക്ക്
7 കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്
8 ഒ.പി (ഒബ്സർവേഷൻ)(എല്ലാ ദിവസവും)
9 ഓഫീസ്
10 ലാബ് സൗകര്യങ്ങൾ
11 പൊതുജനാരോഗ്യ സേവനങ്ങൾ (ഫീൽഡ് വിഭാഗം, ഓഫീസ്)
12 മാതൃശിശു സംരക്ഷണ സേവനങ്ങൾ
13 ഫീൽഡ് വിഭാഗം ഓഫീസ്

14 ആർബിഎസ്കെ.-ഡിഇഐസി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് സേവനങ്ങൾ
15 ഫിസിയോ തെറാപ്പി (സാന്ത്വന പരിചരണ വിഭാഗം)
16 സ്പെഷ്യൽ എഡ്യുക്കേറ്റർ സൈക്കോളജിസ്റ്റ് (18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക്)
17 ന്യൂറോപതി
18 കൗമാരസൗഹൃദ ക്ലിനിക്ക്
19 പുകവലി നിരോധന ക്ലിനിക്ക്
20 ഡിമൻഷ്യ ക്ലിനിക്ക്

## ദേശീയ പരിപാടി നടത്തിപ്പ്

| | | |
|---|---|---|
| 1 | പ്രജനന ശിശു ആരോഗ്യപരിപാടി | ഗർഭിണികളുടെ പരിശോധന തിങ്കളാഴ്ച<br>ഉച്ചയ്ക്ക് 2 മുതൽ 4 വരെ |
| 2 | പ്രതിരോധ കുത്തിവെയ്പ്പുകൾ | ബുധനാഴ്ച രാവിലെ 10 മുതൽ 12 വരെ |
| 3 | ക്ഷയരോഗ നിയന്ത്രണം | ഒ.പി സമയം |
| 4 | അന്ധതാ നിവാരണം | ഒ.പി.സമയം |
| 5 | കുഷ്ഠരോഗ നിവാരണം | ഒ.പി. സമയം |
| 6 | സ്കൂൾ ഹെൽത്ത്<br>സ്കൂൾ വിദ്യാർത്ഥികൾക്ക്<br>ആരോഗ്യപരിശോധന | വാർഷികപരിപാടി |
| 7 | പകർച്ചവ്യാധി നിയന്ത്രണം | |
| 8 | പൊതുജനാരോഗ്യ പ്രശ്നങ്ങളിലെ<br>പരാതികൾ തീർപ്പാക്കൽ | പരാതി ലഭിച്ച് 5 ദിവസത്തിനുള്ളിൽ |
| 9 | പട്ടികവർഗ്ഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് | മാസത്തിലൊരിക്കൽ |
| 10 | എയ്ഡ്സ് രോഗ നിയന്ത്രണ പരിപാടി | |
| 11 | വ്യാപാര സ്ഥാപനങ്ങൾക്ക് സാനിട്ടേഷൻ-<br>അപേക്ഷ ലഭിച്ച് 10 ദിവസത്തിനുള്ളിൽ<br>സർട്ടിഫിക്കറ്റ് നൽകൽ | |
| 12 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | |
| 13 | വാക്സിനേഷൻ | |
| 14 | സ്വാബ് കളക്ഷൻ | |
| 15 | ഡൊമിസിലിയറി കെയർ സെന്റർ (ഡിസിസി) | |

# 5. ഐസിഡിഎസ് പ്രോജക്ട് ഒല്ലൂക്കര,

**0487-2375756**

**പ്രവർത്തന മേഖല**

ഒല്ലൂക്കര ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ വരുന്ന നാല് ഗ്രാമപഞ്ചായത്തുകളും തൃശൂർ കോർപ്പറേഷൻ പ്രദേശത്തെ ഒല്ലൂക്കര മേഖലയും

പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്ന അംഗൻവാടികൾ

| ഗ്രാമപഞ്ചായത്ത് | അനുവദിച്ചവ | പ്രവർത്തിക്കുന്നവ |
|---|---|---|
| മാടക്കത്ര | 25 | 25 |
| പാണഞ്ചേരി | 50 | 50 |
| പുത്തൂർ | 52 | 52 |
| നടത്തറ | 30 | 30 |
| ആകെ | 157 | 157 |

**ഗുണഭോക്താക്കൾ**

പ്രോഷകാഹാര പരിപാടിക്ക് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ (31/3/2022)

| 0 മാസം മുതൽ 6 മാസം | 3 വയസ്സ് | ഗർഭിണികൾ | മുലയൂട്ടുന്ന അമ്മമാർ | കൗമാരപ്രായക്കാരായ പെൺകുട്ടികൾ | ആകെ |
|---|---|---|---|---|---|
| 3725 | 4241 | 472 | 495 | 7649 | 16582 |

**പ്രീ സ്കൂൾ വിദ്യഭ്യാസം - പ്രവർത്തനസമയം**

എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ 3.30 വരെ
3.30 മുതൽ 4.30 വരെ

**ഭരണസംവിധാനം**

**അങ്കണവാടി തലം**

1. അങ്കണവാടി വർക്കർ
2. അങ്കണവാടി ഹെൽപ്പർ
3. അങ്കണവാടി ക്ഷേമ കമ്മിറ്റി

വാർഡ് മെമ്പർ/ കൗമസിലർ ചെയർമാനും അങ്കണവാടി വർക്കർ കൺവീനറുമായി 11 പേർ അടങ്ങുന്ന അങ്കണവാടി മോണിറ്ററിങ്ങ് & സപ്പോർട്ടിങ്ങ് കമ്മിറ്റി അങ്കണവാടിയുടെ പ്രവർത്തനം ദേശീയമായി നിരീക്ഷിച്ചുവരുന്നു.

**സെക്ടർതലം**
**ഐ.സി.ഡി.എസ് സൂപ്പർവൈസർ**
**പ്രോജക്ട് ഓഫീസ് തലം**
**ശിശുവികസന പദ്ധതി ഓഫീസർ**

**ബ്ലോക്ക് പഞ്ചായത്ത് തലം**

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഭരണസമിതി അംഗങ്ങൾ, അതാത് പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

**കോർപ്പറേഷൻ / പഞ്ചായത്ത് തലം**

കോർപ്പറേഷൻ മേയർ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ഭരണസമിതി അംഗങ്ങൾ
വാർഡ് മെമ്പർ/ഡിവിഷൻ കൗൺസിലർ
കോ-ഓർഡിനേഷൻ കമ്മിറ്റി

ഐസിഡിഎസ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് പ്രോജക്ട് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഓ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നു. പ്രോജക്ട് തലത്തിൽ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സിഡിപിഒ.മെമ്പർ/കൺവീനറുമായുള്ള കമ്മിറ്റിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പിഎച്ച്സി മെഡിക്കൽ ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസി. ഡയറക്ടർ(കൃഷിവകുപ്പ്), വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രതിനിധി എന്നിവർ അംഗങ്ങളാണ്.

ഗ്രാമപഞ്ചയത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഐസിഡിഎസ് സൂപ്പർ വൈസർ കൺവീനറുമായുള്ള കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ ഹെൽത്ത് സെന്റർ, എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ, അംഗൻവാടി വർക്കർ, വനിതാ ക്ഷേമഓഫീസർ എന്നിവർ അംഗങ്ങളാണ്.

**ഐ.സി.ഡി.എസ് ചരിത്രം**

ഭാവിയുടെ വിധിതാക്കളെ വാർത്തെടുക്കുന്നതിനുവേണ്ടി 1975 ഒക്ടോബർ 2-ാംതീയതി തുടക്കം കുറിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവനപദ്ധതി (ഐ.സി.ഡിഎസ്). സമഗ്ര മാതൃശിശുവികസനം ഉറപ്പാക്കുന്നതിനുവേണ്ടി വിവിധ സേവനങ്ങൾ പ്രാദേശിക തലത്തിൽ അങ്കണവാടിയിലൂടെ ലഭ്യമാക്കുന്നു.കേരളത്തിൽ 258 പ്രോജക്ടുകളിലായി അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു.ഐസിഡിെസ് പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 2000-ാംമാണ്ടിലാണ് ഒല്ലൂക്കര ഐസിഡിഎസ് പ്രോജക്ട് നിലവിൽ വന്നത്. പദ്ധതിയിൽ കഴിൽ 157 അങ്കണവാടികൾ അനുവദിച്ചതിൽ 157 എണ്ണം പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 157 അങ്കണവാടികൾ പ്രോജക്ടിന്റെ കീഴിൽ അനുവദിച്ചിട്ടുള്ളത്.

**ഐസിഡിഎസ് ദർശനം**

മുഴുവൻ കുഞ്ഞുങ്ങൾക്കും ആരോഗ്യവും സന്തഷവും സംരക്ഷണവും സുരക്ഷയും പ്രദാനം ചെയ്ത് സമഗ്ര ശിശു വികസനം സാധ്യമാക്കാവുന്ന ശിശുസൗഹൃദപരമയ സാഹചര്യം ഉറപ്പുവരുത്തുക

1 0-6 വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യ-പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുക
2 കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക
3 രോഗാതുരത, മരണനിരക്ക്, പോഷണക്കുറവ്, സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോകൽ എന്നിവ കുറയ്ക്കുക
4 ശിശുസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
5 കുഞ്ഞിന്റെ ആരോഗ്യ പോഷണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്ന രീതിയിൽ അമ്മമാരുടെ ശേഷി വർദ്ധിപ്പിക്കുക

## അങ്കണവാടി അടിസ്ഥാന സൗകര്യം - വിവരങ്ങൾ

| ക്രമ നമ്പർ | ജില്ലയുടെ പേര് | മാടക്കത്ര | പാണഞ്ചേരി | പുത്തൂർ | നടത്താറ | ആകെ |
|---|---|---|---|---|---|---|
| 1 | ആകെ അങ്കണവാടികൾ | 25 | 50 | 52 | 30 | 157 |
| 2 | പ്രവർത്തിക്കുന്ന അംഗൻവാടികൾ | 25 | 50 | 52 | 30 | 157 |
| 3 | സ്വന്തമായി കെട്ടിടം ഉള്ളത് | 24 | 49 | 46 | 28 | 147 |
| | ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥത | | | | | |
| | ഗവൺമെന്റ് കെട്ടിടം | 5 | 13 | 5 | 15 | 38 |
| | ST ബ്ലോക്ക് കെട്ടിടം | – | – | 1 | – | 1 |
| | MP കെട്ടിടം | 6 | 5 | 1 | 4 | 19 |
| | LDCI കെട്ടിടം | 3 | 9 | 9 | 2 | 26 |
| | AWCCR കെട്ടിടം | 5 | 19 | 13 | 4 | 44 |
| | പഞ്ചായത്ത് കെട്ടിടം | 1 | – | – | – | 1 |
| | MCP കെട്ടിടം | 1 | 1 | 1 | – | 3 |
| | MLA കെട്ടിടം | – | 3 | – | 2 | 5 |
| | State Plan കെട്ടിടം | – | – | 16 | 1 | 10 |
| | സ്വന്തമായി കെട്ടിടമുള്ള സൗകര്യങ്ങൾ | 25 | 50 | 52 | 30 | 157 |
| | കിണർ | 6 | 12 | 10 | 3 | 31 |
| | കിച്ചൻഷെഡ് | 7 | 9 | 10 | 1 | 27 |
| | മരുന്നുകിറ്റ് | 12 | 29 | 35 | 26 | 102 |
| | ടോയ്ലറ്റ് | 25 | 50 | 52 | 30 | 157 |
| | മറ്റുള്ളവ (ടോയ്ലറ്റ് ലഭ്യത) | – | – | 1 | – | – |
| | കുടിവെള്ളം | 22 | 48 | 40 | 23 | 133 |
| | ഗുരുതര കുറവുകൾ | 25 | 50 | 52 | 30 | 157 |
| | പ്രധാനപ്പെട്ട കുറവുകൾ | 10 | 13 | 2 | 5 | 30 |
| | ഇലക്ട്രിക് കണക്ഷൻ | 24 | 47 | 48 | 28 | 147 |
| | പ്രീസ്കൂൾ സപ്ലൈ ലഭ്യമായത് | – | – | – | – | – |

**അങ്കണവാടിയിലൂടെ പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങൾ**

| | പോഷകാഹാര പരിപാടി | സമയം | അളവ് |
|---|---|---|---|
| 1 | 6 മാസം - 3 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് അനുപൂരക പോഷകാഹാര വിതരണം | THRS വിതരണം മാസത്തിൽ 25 ദിവസം | 500 കലോറി ഊർജ്ജം 12-15 ഗ്രാം പ്രോട്ടീൻ |
| 2 | അംഗൻവാടി പ്രീസ്കൂൾ കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാര പരിപാടി | 3.30 pm | ” |
| 3 | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കുള്ള അനുപൂരക പോഷകാഹാര പരിപാടി | THRS വിതരണം (Take Home Ration) 3.30 pm | 600 കലോറി ഊർജ്ജം 18-20 ഗ്രാം പ്രോട്ടീൻ |
| 4 | ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾക്ക് ചികിത്സാർത്ഥം നൽകേണ്ട അനുപൂരക പോഷകാഹാര പരിപാടി | (Double Ration) | 800 കലോറി ഊർജ്ജം 20-25 ഗ്രാം പ്രോട്ടീൻ |
| 5 | അംഗൻവാടി പ്രീ സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം | 12.30 pm | 300 കലോറി ഊർജ്ജം 10 ഗ്രാം പ്രോട്ടീൻ |

**I അർഹതാ മാനദണ്ഡങ്ങൾ**

1. പ്രദേശത്തെ 6 മാസം മതൽ 3 വയസ്സു വരെ പ്രായമുള്ള കുട്ടികൾ
2. പ്രദേശത്തെ  എല്ലാ ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഫ്രണ്ടിന്റെ ലഭ്യ അനുസരിച്ച്)
3. മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിലുള്ള കുട്ടികൾ
    1. അംഗൻവാടി പ്രീസ്കൂൾ പഠിക്കുന്നവർ
4. കൗമാരപ്രായക്കാരായ കുട്ടികൾ (10-19 വയസ്സ്)
    1. BMI 17.5 ൽ താഴെയുള്ളവർ

**II അപകട സാധ്യത പട്ടികയിൽപെടുന്ന കുട്ടികൾ**

1. ഗുരുതരമായ പോഷഹാരക്കുറവുള്ളവർ
2. അടുപ്പിച്ച് മൂന്നുമാസം തുക്കം കൂടാത്ത കുട്ടികൾ
3. 2.5 കിലോവിൽ കുറവ് ജനനഭാരമുള്ള കുട്ടികൾ
4. ഇരട്ടക്കുട്ടികൾ
5. രണ്ടോ അതിലധികമോ കൂടപ്പിറപ്പുകൾ (ഒരു വയസ്സിനു മുമ്പായി) മരണപ്പെട്ടിട്ടുള്ള കുട്ടികൾ
6. മാതാവോ, പിതാവോ അതോ രണ്ടുപേരുമോ മരണപ്പെട്ടിട്ടുള്ള കുടുംബത്തിലെ കുട്ടികൾ
7. അഞ്ചാംപനിയോ, വില്ലൻചുമയോ വന്നിട്ടുള്ള കുട്ടികൾ

8. മൂത്തകുട്ടി ജനിച്ച് രണ്ടു വർഷം തികയുന്നതിന് മുമ്പ് ജനിക്കുന്ന കുട്ടികൾ

9. നീണ്ട ദാമ്പത്യജീവിതത്തിനു ശേഷം ജനിക്കുന്ന കുട്ടികൾ

III പോഷകക്കുറവുകൾക്കെതിരായ പ്രതിരോധ നടപടികൾ (ലോകബാങ്ക് പദ്ധതി പ്രകാരം ലഭ്യമാകുന്നത്)

| | | | |
|---|---|---|---|
| 1 | അയേൺ ഗുളിക വിതരണം | അളവ് | കാലയളവ് |
| | കുട്ടികൾ | | ഒരു വർഷത്തിൽ 100 ദിവസം |
| | ഗർഭിണികൾ | | 100 ദിവസം |
| | കൗമാരപ്രായക്കാരുടെ പെൺകുട്ടികൾ | | 100 ദിവസം |
| 2. | വിറ്റാമൻ എ (പിഎച്ച്സി മുഖേന 3 വയസ്സ് വരെയുള്ള കുട്ടികൾ | | 6 മാസത്തിലൊരിക്കൽ |
| 3 | വിര നിയന്ത്രണ ഗുളിക (ഐസിഡിഎസ് മുഖേന) | | 6 മാസത്തിലൊരിക്കൽ 2 തവണ മൂന്ന് ദിവസം |

**എ. വളർച്ച നിരീക്ഷണം**

| | | |
|---|---|---|
| 1. | ഗുരുതരമായ പോഷണ വൈകല്യമുള്ള കുട്ടികൾ | രണ്ടാഴചയിലൊരിക്കൽ |
| 2. | മൂന്ന് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | മാസത്തിലൊരിക്കൽ |
| 3 | 3 വയസ്സിനും 5 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾ | 3 മാസത്തിലൊരിക്കൽ |
| 4. | കൗമാരപ്രാ.ക്കാരായ പെൺകുട്ടികൾ (BMI) | |

**ബി. ആരോഗ്യരക്ഷാസേവനങ്ങൾ**

| | | |
|---|---|---|
| 1. | പ്രതിരോധ കുത്തിവെയ്പ്പുകൾ | സബ് സെന്റർ/പിഎച്ച്സി വഴി |
| 2. | ആരോഗ്യ പരിശോധന/പരാമർശസേവനങ്ങൾ | ജെപിഎച്ച്എൻ -എല്ലാ മാസവും<br>മെഡിക്കൽ ഓഫീസർ-3 മാസത്തിലൊരിക്കൽ |
| 3. | ശിശുരോഗങ്ങളും വൈകല്യങ്ങളും മുൻകൂട്ടി തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ ക്രമീകരണങ്ങൾ | |
| | വൈകല്യനിർണ്ണയ/തുടർപരിശോധനാ ക്യാമ്പ് | വർഷത്തിലൊരിക്കൽ |
| | തുടർ സേവനങ്ങൾ | തുടർച്ചയായി |
| 4. | ആരോഗ്യ കാർഡ് / പരാമർശ കാർഡ് | |
| 5. | ചെറിയ രോഗങ്ങൾക്കുള്ള ചികിത്സ | |

1. പാരസെറ്റമോൾ (ഗുളിക)
2. പാരസെറ്റമോൾ (സിറപ്പ്)
3. ബെൻസൈൻ ബെൻസോറ്റ് അപ്ലിക്കേഷൻ ഐ.വി
4. ക്ലോറാഫെനിക്കോൾ ഐ ഓയിൻമെന്റ് ഐ.പി.
5. സൾഫാസെറ്റാമൈഡ് സോഡയം ഐഡ്രോപ്സ്
6. ജെൻഷൻ വയലറ്റ്

7. പൊവഡോൺ അയോഡിൻ

8. അബ്സോർബന്റ് കോട്ടൺ

9. കോട്ടൺ ബാന്റേജ്

6. ആരോഗ്യപോഷണ വിദ്യാഭ്യാസം

1) കൗമാരപ്രയക്കാരായ പെൺകുട്ടികൾ 2) രക്ഷിതാക്കൾ 3) ശൈവപൂർവ്വ പരിചരണവും വിദ്യാഭ്യാസവും 4) അംഗൻവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിങ്ങ് കമ്മിറ്റി

**സി. പ്രീസ്കൂൾ വിദ്യാഭ്യാസം**

മൂന്ന് മുതൽ ആറു വയസ്സുവരെയുള്ള കുട്ടികൾ

1. തീമാറ്റിക് അപ്രോച്ച് പ്രകാരം പ്രീസ്കൂൾ വിദ്യാഭ്യാസം എല്ലാ പ്രവൃത്തിദിവസവും രാവിലെ 9.30 മുതൽ 3.30 വരെ
2. സാമൂഹ്യ സമ്പർക്ക പരിപാടികൾ ആഴ്ചയിലൊരു ദിവസം

**പ്രീസ്കൂൾ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ**

1. ശാരീരിക ചാലക വികസനം
2. ഭാഷാ വികാസം
3. വൈജ്ഞാനിക വികാസം
4. സാമൂഹിക വികാസം
5. വൈകാരിക വികാസം

കുഞ്ഞിന്റെ ശാരീരികവും സാമൂഹികവുമായ വളർച്ചയ്ക്ക് ശരിയായ അടിത്തറ പാകുന്നു. ഒന്നാം ക്ലാസ്സിലേയ്ക്കുള്ള പ്രവേശനം സുഗമമാക്കുന്നു.

**ഡി. കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള സേവനങ്ങൾ**

1. കുമാരി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ
2. തൊഴിൽ പരിശീലനങ്ങൾ
3. കരിയർ ഗൈഡൻസ്

**കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബ്ബിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ**

1. നേതൃത്വശേഷി വർദ്ധിപ്പിക്കുന്നു
2. അംഗങ്ങളുടെ സാമൂഹ്യപദവി ഉയരുന്നു
3. സർഗ്ഗാത്മക കഴിവുകളുടെ വികാസം ഉണ്ടാകുന്നു
4. സാമൂഹിക വൈകാരിക വികാസത്തിന് വേദിയാകുന്നു
5. ആത്മവിശ്വാസം നേടുന്നു
6. തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവ് വർദ്ധിക്കുന്നു
7. കുടുംബജീവിതം വിഭാവനം ചെയ്യുവാൻ സാധിക്കുന്നു
8. ആരോഗ്യപോഷണ വിദ്യാഭ്യാസത്തിലൂടെ അറിവ് വർദ്ധിക്കുന്നു
9. പോഷകാഹാരക്കുറവ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ
10. കളികൾക്കും വിനോദത്തിനുമുള്ള കൂട്ടായ അവസരങ്ങൾ

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | <u>സാമൂഹ്യക്ഷേമം</u><br><br>മിശ്രവിവാഹിതർക്ക് സാമ്പത്തികസഹായം | വാർഷിക വരുമാനം 20000/- രൂപയിൽ കവിയാത്ത നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്ത, വിവാഹത്തിനു ശേഷം ഒരു വർഷത്തിനുശേഷം രണ്ടു വർഷത്തിനകം അപേക്ഷ സമർപ്പിക്കുന്ന ദമ്പതികൾ | നിർദ്ദിഷ്ട ഫോറത്തിൽ ദമ്പതികൾ സമൂഹ്യക്ഷേമ ഓഫീസർക്ക് നൽകേണ്ടതാണ്. | 1 വരുമാനസർട്ടിഫിക്കറ്റ്<br>2 മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്<br>3 ജാതി തെളിയിക്കുന്നതിന് വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്<br>4 ദമ്പതികൾ ഒരു വർഷമായി ഒരുമിച്ച് കഴിഞ്ഞുവരികയാണെന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥനോ എം.പിയോ എംഎൽഎയോ നൽകിയത്) | അപേക്ഷയിന്മേൽ ജില്ലാ സാമൂഹ്യക്ഷേമ ഓപീസർ പരിശോധന നടത്തി റിപ്പോർട്ട് സഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപനം മേധാവിക്കു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുകയും ചെയ്യുന്നു. | ഒരാഴ്ച | |

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 2. | ആശ്വാസകിരണം | ശാരീരിക മാനസിക വെല്ലുവിളികൾ മൂലം അവശതഅനുഭവിക്കുന്നവരെ പരിചരിക്കുന്നവർക്ക് | നിർദ്ദിഷ്ട ഫോറത്തിൽ ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. | 1 സർക്കാർ, വയോമിത്രം, NHRM, ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിരിക്കണം.<br>2 വരുമാനം തെളിയിക്കാൻ റേഷൻ കാർഡിന്റെ കോപ്പിയോ പഞ്ചായത്ത് മുൻസിപ്പാലിറ്റി കോർപ്പറേഷൻ സെക്രട്ടറിയിൽനിന്നുള്ള അല്ലെങ്കിൽ ബിപിഎൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.<br>3 അപേക്ഷകന്റെ ആധാർകാർഡിന്റെ കോപ്പി അല്ലെങ്കിൽ ആധാർ രജിസ്ട്രേഷൻ സ്ലിപ്പിന്റെ കോപ്പി ഉള്ളടക്കം ചെയ്തിരിക്കണം.<br>4 അപേക്ഷകന്റെ പേരിൽ ഏതെങ്കിലും നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ ആരംഭിച്ച പാസ്ബുക്കിന്റെ കോപ്പി | അപേക്ഷയിന്മേൽ ബന്ധപ്പെട്ട സൂപ്പർവൈസർ അന്വേഷണം നടത്തി റിപ്പോർട്ട് ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ CDPO റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷന് അയച്ചുനൽകുകയും മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. | ഒരാഴ്ച | |



സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 3 | സമാശ്വാസം പദ്ധതി | 1 ഡയാലിസിസ് രോഗികൾക്ക്<br>2 വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കു വിധേയമായ രോഗികൾക്ക്<br>3 ഹിമോഫീലിയ രോഗികൾക്ക് | നിർദ്ദിഷ്ട ഫോറത്തിൽ ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. | 1 അപേക്ഷകന്റെ പേരിൽ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കന്റെ പേര്, ബ്രാഞ്ചിന്റെ പേര്, എന്നിവ അപേക്ഷയോടൊപ്പം ചേർക്കണം.<br>2 ആധാർ കാർഡിന്റെ കോപ്പി<br>3 അപേക്ഷാഫോറത്തനോടൊപ്പമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ നിശ്ചിത ഫോറത്തിൽ സർക്കാർ/സ്വകാര്യആശുപത്രിയിലെ വൃക്ക രോഗ വിദഗ്ധനിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്<br>4 ഹീമോഫീലിയ രോഗികൾ ഗവ. മെഡിക്കൽ കോളേജിലെ മെഡിസിൻ പഡിയാട്രിക്സ്, ഹെമറ്റോളജി ഡിപ്പാർട്ട്മെന്റിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. | അപേക്ഷയിന്മേൽ ബന്ധപ്പെട്ട സൂപ്പർവൈസർ അന്വേഷണം നടത്തി റിപ്പോർട്ട് ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ CDPO റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷന് അയച്ചുനൽകുകയും മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. | ഒരാഴ്ച | |



സർക്കാർ ഉത്തരവുകൾ

| ക്രമ നമ്പർ | പദ്ധതി | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 4. | പ്രധാനമന്ത്രി മാതൃവന്ദന യോജന (PMMVY) | ആദ്യപ്രസവം | നിർദ്ദിഷ്ട ഫോമിൽ അംഗൻവാടികളിൽ നൽകേണ്ടതാണ്. | 1) മാതൃശിശുസംരക്ഷണ കാർഡ് കോപ്പി, 2) ഗർഭിണിയുടെയും ഭർത്താവിന്റെയും ആധാർകാർഡ് കോപ്പി 3) ഗർഭിണിയുടെ ബാങ്ക് അക്കൗണ്ട് കോപ്പി 4) ആധാർ സീഡിംങ് ചെയ്ത രേഖ 5) കുട്ടിയുടെ ജനനസർട്ടിഫിക്റ്റ് 6) ജനനി സുരക്ഷാ യോജന (JSY) രേഖ | അപേക്ഷ ലഭ്യമായി 30 ദിവസത്തിനകം | |
| 5. | മംഗല്യപദ്ധതി | നിയമപരമായ വിവാഹമോചനം നേടിയ സാധുക്കളായ വിധവകളുടെ പുനർവിവാഹ പദ്ധതി | നിർദ്ദിഷ്ട ഫോമിൽ അംഗൻവാടികളിൽ നൽകേണ്ടതാണ്. | 1) 18നും 50നും മദ്ധ്യേ പ്രായം 2) പുനർവിവാഹം നടന്ന് 6 മാസത്തിനകം 3) ബിപിഎൽ വിഭാഗം 4) ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ് 5) നിയമപരമായി വിവാഹമോചനം നേടിയ രേഖ 6) ബാങ്ക് പാസ് ബുക്ക് കോപ്പി 7) പുനർവിവാഹിത സർട്ടിഫിക്കറ്റ് | ഒറ്റത്തവണ 25,000/- രൂപ വർഷത്തിലൊരിക്കൽ | |
| 6. | പടവുകൾ | വിധവകളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള ധനസഹായം | നിർദ്ദിഷ്ട ഫോമിൽ അംഗൻവാടികളിൽ നൽകേണ്ടതാണ്. | 1) മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്ഥാപനത്തിൽ പ്രവേശനം നേടിയ രേഖ 2) വാർഷിക വരുമാന പരിധി 3) ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ കോപ്പി 4) ബാങ്ക് പാസ്ബുക്ക് കോപ്പി | ഒറ്റത്തവണ 25,000/- രൂപ വർഷത്തിലൊരിക്കൽ | |

**ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

ഗുണഭോക്താക്കൾ : ഒന്നാംക്ലാസ് മുതൽ ബിരുദാനന്തര ബിരുദ തലം വരെയുള്ള വിദ്യാർത്ഥി ധനസഹായം

കാറ്റഗറി : 1 മുതൽ 4 വരെ 300
5 മുതൽ 10 വരെ 500
11 മുതൽ 12 വരെ 750
ഡിഗ്രി1000

രേഖകൾ : 40% കുറയാത്ത വികലാംഗ സാക്ഷ്യപത്രം, (മുൻവർഷത്തെ) മാർക്ക്ലിസ്റ്റിന്റെ പകർപ്പ്

**ഭിന്നശേഷിക്കാരായവർക്കുള്ള വിവാഹ ധനസഹായം**

ഗുണഭോക്താക്കൾ : ഭിന്നശേഷിക്കാരായവരുടെ പെൺമക്കൾ, ഭിന്നശേഷിക്കാരായ പെൺകുട്ടികൾ

ധനസഹായം : 10,000/-രൂപ മാത്രം

രേഖകൾ : കുടുംബവാർഷിക വരുമാനം 36000/- രൂപയിൽ താഴെ, റേഷൻ കാർഡ്, ജനന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബി.പി.എൽ. വികലാംഗ സർട്ടിഫിക്കറ്റ്

**മന്ദഹാസം (ദന്തനിര നൽകുന്ന പദ്ധതി**

ഗുണഭോക്താക്കൾ : 60 വയസ്സ് കഴിഞ്ഞ മുതിർന്നവർ

ധനസഹായം : 5000/- രൂപ മാത്രം

രേഖകൾ : ആധാർ കാർഡ്, റേഷൻ കാർഡ്, ദന്തഡോക്ടറിൽനിന്നുള്ള സാക്ഷ്യപത്രം

**മിശ്രവിവാഹതിർക്കുള്ള ധനസഹായം SC/ST**

ഗുണഭോക്താക്കൾ : മിശ്രവിവാഹിതർ **SC/ST** വിഭാഗത്തിൽ ഉൾപ്പെടാത്തവർ, വരുമാനപരിധി 50000/- രൂപയിൽ താഴെ

ധനസഹായം : 30,000/- രൂപ മാത്രം

രേഖകൾ : വിവാഹം കഴിഞ്ഞ് 1 വർഷത്തിനും 2 വർഷത്തിനും ഇടയിൽ അപേക്ഷിക്കണം. വിവാഹ രജിസ്ട്രേഷൻ സാക്ഷ്യപത്രം, ആധാർകാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോ-ലിവിങ്ങ് സാക്ഷ്യപത്രം, ബാങ്ക് പാസ്സ് പകർപ്പ്.

**അഭയകിരണം**

ഗുണഭോക്താക്കൾ : വിധവകൾ/അ്ഗതികൾ എന്നിവരെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് നൽകുന്ന ധന സഹായം

ധനസഹായം : പ്രതിമാസം 1000/- രൂപ

രേഖകൾ/മാനദണ്ഡങ്ങൾ : 50 വയസ്സിന് മുകളിൽ പ്രായമുള്ള അഗതികൾ/വിധവകൾ എന്നിവരെ സംരക്ഷിക്കുന്നവർ ആധാർകാർഡ്, വരുമാനപരിധി 100000/- ൽ താഴെയുള്ള വരുമാനസർട്ടിഫിക്കറ്റ്,സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കാത്തവരാകണം. വിധവകൾക്ക് പ്രായപൂർത്തിയായവരും തൊഴിൽ ചെയ്യുന്നവരുമായ മക്കൾ ഉണ്ടായിരിക്കുവാൻ പാടില്ല. ആശ്വാസകിരണം, സമാശ്വാസം ധനസഹായങ്ങൾ ലഭിക്കുന്നവരുമായിരിക്കരുത്. ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധി/വില്ലേജ് ഓഫീസറുടെ സർട്ടഫിക്കറ്റ്

അപേക്ഷ ലഭിക്കുന്ന/
സമർപ്പിക്കുന്ന കാര്യാലയം : ജില്ലാ സാമൂഹ്യനീതി ഓഫീസ്

**വിദ്യാകിരണം**

ഗുണഭോക്താക്കൾ : ഭിന്നശേഷിക്കാരായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് പരമാവധി 10 മാസം

ധനസഹായം കാറ്റഗറി : 1 മുതൽ 4 വരെ പ്രതിമാസം 300
5 മുതൽ 10 വരെ പ്രതിമാസം 500
11 മുതൽ 12 വരെ പ്രതിമാസം 750
ഡിഗ്രി/പി.ജി. പ്രതിമാസം 1000

രേഖകൾ : ബിപിഎൽ കുടുംബം, വികലാംഗ സാക്ഷ്യപത്രം, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് പകർപ്പ്

**വിദ്യാജ്യോതി**

ഗുണഭോക്താക്കൾ : സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ

ധനസഹായം കാറ്റഗറി : 9 മുതൽ 10 വരെ പഠനോപകരണങ്ങൾക്ക് -500, യൂണിഫോം - 2000
+1 മുതൽ +2 വരെ പഠനോപകരണങ്ങൾക്ക് - 2000 രൂപ, യൂണിഫോം 2000
ഡിഗ്രി/പിജി പഠനോപകരണങ്ങൾക്ക് - 3000

രേഖകൾ/മാനദണ്ഡങ്ങൾ: സർക്കാർ/സർക്കാർ സഹായത്തോടെയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥിയായിരിക്കണം, വികാലംഗ സാക്ഷ്യപത്രം

അപേക്ഷ ലഭിക്കുന്ന/
സമർപ്പിക്കുന്ന കാര്യാലയം: ജില്ലാ സാമൂഹ്യനീതി ഓഫീസ്

**സ്വാശ്രയ-സ്വയം തൊഴിൽ ധനസഹായം**

ഗുണഭോക്താക്കൾ : ഭർത്താവ് ഉപേക്ഷിച്ചതും തീവ്രശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന മക്കളുള്ളതുമായ സ്ത്രീകൾ

ധനസഹായം : 35,000

രേഖകൾ/മാനദണ്ഡങ്ങൾ: ബിപിഎൽ കുടുംബം, 8-ാംക്ലാസ് ജയിച്ചിരിക്കണം, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, സ്വയംതൊഴിൽ സംബന്ധിച്ച പദ്ധതിരേഖ

**ട്രാൻസ്ജെന്റർ**

തൊഴിൽ പരിശീലനം :
സ്കോളർഷിപ്പ് :
തിരിച്ചറിയൽ കാർഡ് :
ഡ്രൈവിംഗ് പരിശീലനം :

**വികലാംഗ ദുരിതാശ്വാസ നിധി (ഭിന്നശേഷിക്കാർക്കുള്ള ചികിത്സാ ധനസഹായം)**

ഗുണഭോക്താക്കൾ : തുടർചികിത്സ തേടുന്ന ഭിന്നശേഷിക്കാർ

ധനസഹായം : 5000/- രൂപ

രേഖകൾ/മാനദണ്ഡങ്ങൾ: വരുമാനപരിധി /- രൂപ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, തുടർ ചികിത്സ ആവശ്യമാണെന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, വരുമാന സർട്ടഫിക്കറ്റ്

അപേക്ഷ ലഭിക്കുന്ന/
സമർപ്പിക്കുന്ന കാര്യാലയം: ജില്ലാ സാമൂഹ്യനീതി ഓഫീസ്

**വിദൂര വിദ്യാഭ്യാസം തേടുന്ന ഭിന്നശേഷിക്കാർക്കുള്ള ധനസഹായം**

ഗുണഭോക്താക്കൾ : പ്രൈവറ്റ് രജിസ്ട്രേഷൻ വഴി ഓപ്പൺ യൂണിവേഴ്സിറ്റി മുഖേന ബിരുദം, ബിരുദാനന്തര ബിരുദ കോഴ്സിന് ചേർന്ന് പഠിക്കുന്ന ഭിന്നശേഷിക്കാർക്ക് കുടുംബവരുമാനം 100000/- രൂപ

ധനസഹായം : പരമാവധി 10,000/- രൂപ വരെ. രജിസ്ട്രേഷൻ, ട്യൂഷൻഫീസ്, പരീക്ഷാ ഫീസ്, പഠനസാമഗ്രികൾ എന്നിവയ്ക്ക് (ബില്ലുകൾ രശീതി ഹാജരാക്കണം)

രേഖകൾ/മാനദണ്ഡങ്ങൾ : അപേക്ഷ, രജിസ്ട്രേഷൻ രേഖ, ബില്ലുകൾ, വരുമാന സർട്ടഫിക്കറ്റ്

അപേക്ഷ ലഭിക്കുന്ന/

സമർപ്പിക്കുന്ന കാര്യാലയം : ജില്ലാ സാമൂഹ്യനീതി ഓഫീസ്

**ഭിന്നശേഷിക്കാർക്കായുള്ള 10-ാംതരം, 11, 12 പരീക്ഷാ ധനസഹായം**

ഗുണഭോക്താക്കൾ : ഭിന്നശേഷിക്കാരായ തുല്യതാ പരീക്ഷ എഴുതുന്നവർ

ധനസഹായം : പരീക്ഷാഫീസ് 10-ാംതരം 1600
കോഴ്സ് ഫീസ് 300 രൂപ
+1, +2 ക്ലാസ്സുകൾ 2250 രൂപ
കോഴ്സ് ഫീസും 500 രൂപ പരീക്ഷാഫീസും

രേഖകൾ/മാനദണ്ഡങ്ങൾ : പഠനം പൂർത്തിയാക്കി സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ

അപേക്ഷ ലഭിക്കുന്ന/

സമർപ്പിക്കുന്ന കാര്യാലയം : ശിശു വികസന പദ്ധതി ഓഫീസ്

**കാഴ്ച വൈകല്യമുള്ള വക്കീലന്മാർക്കുള്ള ധനസഹായം**

ഗുണഭോക്താക്കൾ : കേരളത്തിൽ ജനിച്ചു വളർന്നവരായിരിക്കണം. കേരളത്തിലെ കോടതികളിൽ പ്രാക്ടീസു ചെയ്യുന്ന വക്കീലാവണം. 100000/- രൂപയിൽ കുറവു വാർഷിക കുടുംബ വരുമാനമുള്ളവരായിരിക്കണം.

ധനസഹായം : പുസ്തകങ്ങൾ വാങ്ങുന്നതിന് 3000/- രൂപ
വായന സഹായിക്കായി 4000/- രൂപ
പ്രതിമാസം 8 വർഷത്തേക്ക്

രേഖകൾ/മാനദണ്ഡങ്ങൾ : വരുമാന സർട്ടഫിക്കറ്റ്, കോടതിയിൽനിന്നുള്ള സാക്ഷ്യപത്രം, കണ്ണുരോഗ വിദഗ്ധനിൽനിന്നുള്ള സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ

അപേക്ഷ ലഭിക്കുന്ന/

സമർപ്പിക്കുന്ന കാര്യാലയം : സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം

# 6. വ്യവസായ വികസന ഓഫീസർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | പി.എം.ഇ.ജി.പി സ്കീം | 18 വയസ്സ് തികഞ്ഞിരിക്കണം. വരുമാന പരിധി ബാധകമല്ല. വ്യവസായങ്ങൾക്ക് 5 ലക്ഷം. സേവനമേഖലയ്ക്ക് 20 ലക്ഷം രൂപ. 10 ലക്ഷം രൂപക്ക് മുകളിലുള്ള വ്യവസായ സംരംഭങ്ങൾക്ക് 5 ലക്ഷത്തിനു മുകളിലുള്ള സേവന സംരംഭങ്ങൾക്കും അപേക്ഷകർ 8-ാം ക്ലാസ്സ് പാസ്സായിരിക്കണം. വ്യക്തികൾക്കും അപേക്ഷിക്കാം. | പ്രിന്റഡ് ഫോം/ ഓൺ ലൈൻ | പ്രോജക്ട് റിപ്പോർട്ട്, ക്വട്ടേഷൻ, റേഷൻ കാർഡ് കോപ്പി. വിദ്യാഭ്യാസ/ വയസ്സു തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, വാടക കരാർ/ലീസ് ഡീഡ്, താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഗ്രാമീണ മേഖലാ സാക്ഷ്യപത്രം. | | | പാൻ, പുകയില, സിഗരറ്റ് അടിസ്ഥാനമാക്കിയിട്ടുള്ള സംരംഭങ്ങൾ, പ്ലാസ്റ്റിക് റീപ്രോസസ്സിങ്, 20 മൈക്രോൺ താഴെയുള്ള അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, കൃഷി, ഓട്ടോസർവ്വീസ് തുടങ്ങിയ വയ്ക്ക് അർഹതയില്ല |
| 2 | ഉദ്യം രജിസ്ട്രേഷൻ | എല്ലാ വ്യവസായ സംരംഭകർക്കും | ഓൺ ലൈൻ | ആധാർ, പാൻ,ബാങ്ക് പാസ്സ് ബുക്ക്, നിക്ഷേപ വിവരങ്ങൾ | | | ആധാർ അധിഷ്ഠിത OTP നിർബന്ധം |
| 3 | DMFME സ്കീം | 1.നിലവിലുള്ളതും /പുതിയതുമായ സൂക്ഷ്മ മേഖല ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക്<br>2. ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രമെ അർഹതയുള്ളു<br>3.18വയസ്സ്പൂർത്തിയാവണം<br>4.കുറഞ്ഞത് 8-ാം ക്ലാസ്സ് | ഓൺ ലൈൻ/ പ്രിന്റ് ഫോം(ഓരോ ജില്ലയിലും പദ്ധതി ക്കായി റിസോഴ്സ് പേഴ്സൺ സേവനം ലഭ്യമാണ്) | 1. പ്രൊജക്ട് റിപ്പോർട്ട്<br>2. ക്വട്ടേഷൻ<br>3. ആധാർ<br>4. പാൻകാർഡ്<br>5. വാടക കരാർ ലീസ് ഡീഡ് | | | 1.സ്ഥിരനിക്ഷേപത്തിന്മേലുള്ള വായ്പയാണ് ഈ പദ്ധതി പ്രകാരം സബ്സിഡി ലഭിക്കുന്നത് എങ്കിലും പ്രവർത്തനമൂലധനത്തിന് OFOE പദ്ധതി വഴി പലിശ സബ്സിഡി |

| | | | | | | | |
|---|---|---|---|---|---|---|---|
| | യോഗ്യത<br>5.പ്രൊജക്ട് തുകയുടെ 10% സ്വന്തം വിഹിതമായി കണ്ടെത്തണം | | | 6. വിദ്യാഭ്യാസം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | | | ലഭിക്കുന്നതാണ്<br>2.F D O, SHG എന്നിവർക്കും ഈ പദ്ധതി വഴിഅപേക്ഷിക്കാവുന്നതാണ് |
| 4 | മിഷൻ 1000 | 1.മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ച് വരുന്ന സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് ഉയർത്തുന്നതിന്<br>2.ഉൽപ്പാദക സേവന സംരംഭങ്ങൾക്കായി | ഓൺലൈൻ അപേക്ഷ | | 1.അവസാന മൂന്ന് വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്<br>2. ഉദ്യം<br>3. ആധാർകാർഡ്<br>4. പാൻകാർഡ്<br>5. സ്ഥാപനം നിയമപരമായി രജിസ്റ്റർ ചെയ്തത്തിന്റെ രേഖകൾ<br>6. സിബിൽ റിപ്പോർട്ട്<br>7.സർട്ടിഫിക്കേഷനുകൾ/ അനുമതി പത്രങ്ങൾ | | 1.സ്ഥിരാസ്തിക്കും, പ്രവർത്തന മൂലധനത്തിനും സബ്സിഡി |
| 5 | MSME - ഇൻഷുറൻസ് | 1. ഉൽപ്പാദാന, സേവന, കച്ചവടസംരംഭങ്ങൾക്ക്<br>2. 01-02-2023 നു ശേഷം പോളിസി എടുത്ത സ്ഥാപനങ്ങൾക്ക് വാർഷിക പ്രീമിയത്തിന്റെ 50% അല്ലെങ്കിൽ 5000രൂപ (ഏതാണോ കുറവ്) തിരികെ ലഭിക്കുന്നു.<br>3. IRDAI അംഗീകൃത ഇൻഷുറൻസ് സ്ഥാപനങ്ങളിൽ | | 1. പോളിസി ഡോക്യുമെന്റ്<br>2. വാർഷിക പ്രീമിയം അടച്ചതിന്റെ രസീത്<br>3. ഉദ്യം രജിസ്ട്രേഷൻ<br>4. ബാങ്ക് അക്കൗണ്ട് | | | |



ഇതൊരു സർക്കാർ രേഖയാണ്

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | പി.എം. വിശ്വകർമ്മ | 1. 18 വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കരകൗശല പരമ്പരാഗത വിഭാഗങ്ങളിൽപ്പെടുന്ന തൊഴിലാളികൾ<br>2. 18 വയസ്സ് പൂർത്തീകരിക്കണം<br>3. ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രം അർഹത | സിഎസ്സി സെന്ററുകൾ | 1. ആധാർ<br>2. പാൻകാർഡ്<br>3. റേഷൻ കാർഡ്<br>4. ബാങ്ക് പാസ്ബുക്ക് | | | സൗജന്യ പരിശീലനത്തോടൊപ്പം, വായ്പയും കുറഞ്ഞ പലിശ നിരക്കിൽ |
| 7 | ED Club<br>സംരംഭകത്വ വികസന ക്ലബുകൾ | 1. ഹൈസ്കൂൾ, ഹയർ സെക്കന്ററി. ഐ.ടിഐ, പോളിടെക്നിക്കുകൾ എന്നിവയിൽ സംരംഭകത്വ പ്രോത്സാഹനത്തിനും ക്ലബുകൾ രൂപീകരിക്കുന്നതിന്(കുറഞ്ഞത് 25 അംഗങ്ങളെങ്കിലും വേണം) | ഓൺലൈൻ | 1.25 അംഗങ്ങളുടെ വിവരങ്ങൾ (നിശ്ചിത ഫോർമാറ്റിൽ ) വിദ്യാർത്ഥി -അധ്യാപക കോർഡിനേറ്ററുടെ ബയോഡാറ്റാ, ജോയിന്റ് അക്കൗണ്ട് പാസ്ബുക്ക് കോപ്പി) | | | |
| 8 | OFOE<br>ഒരു കുടുംബം ഒരു സംരംഭം | 6% വരെ ഒടങ്ങജ വായ്പകളിൽ പലിശ ഇളവ് ലഭിക്കുന്ന സംസ്ഥാന സർക്കാർ പദ്ധതി | ഓൺലൈൻ | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വ്യവസായ സംരംഭങ്ങൾക്കുള്ള വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ശുപാർശ കത്ത് | ചെറുകിട വ്യവസായ സംരംഭങ്ങൾ | വെള്ളക്കടലാസിൽ അപേക്ഷ | താൽക്കാലിക ചെറുകിട വ്യവസായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൃഷ്ടേഷൻ, പ്രോജക്ട്, റിപ്പോർട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ | ബ്ലോക്കിൽനിന്നും താലൂക്ക് വ്യവസായ ഓഫീസിൽനിന്നും ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും ശുപാർശ ചെയ്യുന്നു. | | 25 ലക്ഷം വരെ താലൂക്ക് വ്യവസായ ഓഫീസർ, 25 ലക്ഷത്തിനുമുകളിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും |
| 10 | ഏകജാലക സംവിധാനം | ചെറുകിട വ്യവസായ സംരംഭങ്ങൾ | പ്രിന്റഡ് ഫോറത്തിൽ അപേക്ഷ. നിക്ഷേപ ത്തിനനുസരിച്ച് | ബന്ധപ്പെട്ട അപേക്ഷകളും ആവശ്യമായ രേഖകളും | സമയബന്ധിതമായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നു. | | |
| 11 | എന്റർപ്രണർ സപ്പോർട്ട് സ്കീം (ESS) - സ്റ്റാർട്ട് അപ്പ് സപ്പോർട്ട് | ഉൽപാദക വ്യവസായ സംരംഭങ്ങൾ | ഓൺലൈൻ | ബാങ്ക് പ്രോജക്ട് റിപ്പോർട്ട്, ആധാർ കാർഡ് , ബാലൻസ് ഷീറ്റ് മുതലായവ | | | ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും |
| 12 | ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് | ഉൽപാദക വ്യവസായ സംരംഭങ്ങൾ | ഓൺലൈൻ | പ്രോജക്ട് റിപ്പോർട്ട്, ഓഡിറ്റഡ് ബാലൻസ് ഷീറ്റ്, ബില്ലുകൾ, രസീറ്റുകൾ മുതലായവ | | | ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും |
| 13 | വ്യവസായിക്ക് ലോണിന്മേൽ പലിശ സബ്സിഡി, | എപ്രിൽ 1ന് ശേഷം ആരംഭിച്ച ഉൽപാദക വ്യവസായ സംരംഭങ്ങൾ | ഓൺലൈൻ | പ്രോജക്ട് റിപ്പോർട്ട്, താൽക്കാലിക രജിസ്ട്രേഷൻ, ബാങ്കിന്റെ ഓഫർ ലെറ്റർ മുതലായവ | | | ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും |
| 14 | ഇഡിസി., ഇഎസി, സെമിനാറുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി ക്ലീനിങ്ങ്, മെഷീനറി, എക്സിബിഷൻ, ഇതര എക്സിബിഷനുഖൾ മുതലായവയും വ്യവസായ സംരംഭകർക്കായി നടത്തിവരുന്നു | | | | | | |

വ്യവസായ വികസന ഓഫീസർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരെ സംബന്ധിച്ച വിവരം

| ക്രമനമ്പർ | തസ്തികയുടെ പേര് | എണ്ണം | ജോലിസംബന്ധമായ വിവരം |
|---|---|---|---|
| 1 | വ്യവസായ വികസന ഓഫീസർ | 1 | ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പ്രദേശത്തിന്റെ വ്യവസായ വികസനം സംബന്ധിച്ച കാര്യങ്ങൾ തിങ്കൾ, ബുധൻ ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഉണ്ടായിരിക്കും. |

# 7. പട്ടികജാതി വികസന ഓഫീസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | നൽകിവരുന്ന സേവന സർട്ടിഫിക്കറ്റുകൾ മുതലായവ | അർഹത | അപേക്ഷ നൽകേണ്ട രീതി | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കുവാൻ എടുക്കുന്ന കാലയളവ് | അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന സമയം |
|---|---|---|---|---|---|---|
| 1 | ലാപ്സം ഗ്രാന്റ് | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കണം | അപേക്ഷ (ഓൺലൈൻ) | ജാതി സർട്ടിഫിക്കറ്റ് | ഫണ്ടിന്റെ ലഭ്യതക്കു വിധേയമായി സ്കൂൾ തുറന്നു ആദ്യ വാരം ബന്ധപ്പെട്ട സ്കൂളുകൾ മുഖേന ലഭ്യമാക്കുന്നു. | ബാധകമല്ല |
| 2 | പാരലൽ കോളേജ് | പട്ടികവിഭാഗത്തിൽ ഉൾപ്പെട്ടിരിക്കണം.റഗുലർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും (പ്രവേശനം ലഭിക്കാത്തതായിരിക്കണം) | പട്ടികജാതി വികസന ഓഫീസർ | ജാതി സർട്ടിഫിക്കറ്റ്, പ്രൈവറ്റ് രജി. സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം റഗുലർ സ്ഥാപനത്തിൽ അപേക്ഷ നൽകിയിട്ട് (പ്രവേശനം ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനമേധാവിയിൽനിന്നുള്ള സാക്ഷ്യപത്രം, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപെടുത്തിയ പകർപ്പ് | അനുമതി ഉത്തരവിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കു വിധേയം | അർഹത രേഖകൾ ആവശ്യപ്പെട്ടാൽ അടുത്തപ്രവർത്തി ദിവസം കൈപ്പറ്റു രശീതിയിൽ മേൽ മടക്കിനൽകും. |
| 3 | മിശ്രവിവാഹ ധനസഹായം | ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലുൾപ്പെട്ടിരിക്കണം. വിവാഹം ചെയ്ത് ഒരു വർഷത്തിനുശേഷവും 3 വർഷത്തിനുമുമ്പായും അപേക്ഷിച്ചിരിക്കണം. 100000/- രൂപയിൽ കവിയാത്ത വരുമാനം 75000രൂപ ധനസഹായം | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ | ജാതി സർട്ടഫിക്കറ്റ്, വരുമാന സർട്ടഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹവാസ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന രേഖ | അനുമതി ഉത്തരവിന്റെയും ഫണ്ടിന്റെയും ഉദ്യതയ്ക്കു വിധേയം | അർഹത രേഖകൾ ആവശ്യപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം കൈപ്പറ്റു രശീതിയിൽ മേൽ മടക്കി നൽകും |
| 4 | പ്രൈമറി എഡ്യുക്കേഷൻ എയ്ഡ് | 2000/- രൂപ ധനസഹായം നൽകുന്നു. പട്ടികജാതി വിഭാഗത്തിൽ വരുന്ന 1 മുതൽ 8വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം. | അപേക്ഷ ഓൺലൈൻ. സ്കൂൾ അധികൃതർ നൽകുന്ന ലിസ്റ്റ് പ്രകാരം ധനസഹായം അനുവദിക്കുന്നു. | ബാധകമല്ല | അനുമതി ഉണ്ട്. ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക വിധേയം | ബാധകമല്ല |

| | | |
|---|---|---|
| 5 | പട്ടിക ജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധന സഹായം | 1.വധുവിന്റെ ജാതി സർട്ടിഫിക്കറ്റ്, 2.വധുവിന്റെ ആധാർ കാർഡ്, 3.സ്കൂൾ സർട്ടിഫിക്കറ്റ്, 4.മാര്യേജ്, സർട്ടിഫിക്കറ്റ്, 5.രക്ഷിതാവിന്റെ ജാതി വരുമാന സർട്ടിഫിക്കറ്റ്, 6.രക്ഷിതാവിന്റെ ബാങ്ക് സർട്ടിഫിക്കറ്റ് (പാസ്സ്ബുക്ക്), 7.റേഷൻ കാർഡ്, 8.അപേക്ഷ |
| 6 | ഭൂരഹിത പുനഃരധിവാസ പദ്ധതി - 5 സെന്റ് സ്ഥലം 3,75,000/- രൂപ അനുവദിക്കും | 1. ജാതി സർട്ടിഫിക്കറ്റ്, 2.വരുമാനം 100000/-താഴെ,3.ഭാര്യ/ ഭർത്താവിന്റെയും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ടി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം (ഗ്രാമ ബ്ലോക്ക് ജില്ലാപഞ്ചായത്തിൽ നിന്ന്),4.ആധാർകാർഡ് കോപ്പി, 5.റേഷൻകാർഡ് കോപ്പി, 6.ഫോട്ടോ, 7. വില്ലേജ് ഓഫീസിൽ നിന്നും അപേക്ഷകനോ, കുടുംബത്തിനോ സ്വന്തമായി ഭൂമി ഇല്ലായെന്നുള്ള സാക്ഷ്യപത്രം (ഭാര്യയുടേയും ഭർത്താവിന്റെയും അതാത് വില്ലേജിൽ നിന്ന് മാതാപിതാക്കളുടെ പേരിലുള്ള ഭൂമിയുടെ വിവരങ്ങളും ലഭ്യമാക്കണം) |
| 7 | പഠനമുറി | 1. രക്ഷിതാവിന്റെ ജാതി, ആധാർ, വരുമാനം (ഒരുലക്ഷത്തിനു താഴെ), 2. കൈവശാവകാശ സർട്ടിഫിക്കറ്റ്, 3.ഉടസ്ഥാവകാശ സർട്ടിഫിക്കറ്റ്, 4.കുട്ടിയുടെ ജാതി, ആധാർ, 5.ജനനസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 6.സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം,7.റേഷൻകാർഡ് കോപ്പി, 8.നിലവിലുള്ള വീടിന്റെ പ്ലാൻ (പുതിയപഠനമുറിയുടെ പ്ലാൻ ഉൾപ്പെടുത്തണം)9.ബാങ്ക് അക്കൗണ്ട് കോപ്പി, 10.ഫോട്ടോ രക്ഷിതാവിന്റെയും, കുട്ടിയുടെയും, 11. ഗ്രാമബ്ലോക്ക്,ജില്ലാപഞ്ചായത്തിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, 12.നിലവിലുള്ള കെട്ടിടത്തിനോടനുബന്ധിച്ച് താഴത്തെ നിലയിൽ 120 സ്കയർഫീറ്റിൽ മുറി പണിയുന്നതിനുള്ള സൗകര്യമില്ലെങ്കിൽ മാത്രം മുകളിൽ പണിയേണ്ടതാണ്. 120 സ്കയർഫീറ്റിൽ മുറി പണിയുന്നതിനുള്ള സൗകര്യമുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, 13. നിലവിലുള്ളവീട് 800 സ്കയർ ഫീറ്റിൽ താഴെയായിരിക്കണം |

| | | |
|---|---|---|
| 8 | സ്പെഷ്യൽ ഇൻസെന്റീവ് സ്കീം എസ്.സി സ്റ്റുഡന്റ് | 1. ജാതി സർട്ടിഫിക്കറ്റ്, 2. വരുമാന സർട്ടിഫിക്കറ്റ്, 3. ബാങ്ക് അക്കൗണ്ട് കോപ്പി, 4. റേഷൻകാർഡ് കോപ്പി, 5. ആധാർ കോപ്പി, 6. അപേക്ഷ, 7. ഇ-ഗ്രാന്റ്സ് (ഓൺലൈൻ), 8. മാർക്ക്ലിസ്റ്റ് കോപ്പി (അറ്റസ്ഡ്) |
| 9 | എൻട്രൻസ് വിഷൻ | 1. ജാതി സർട്ടിഫിക്കറ്റ്, 2. വരുമാന സർട്ടിഫിക്കറ്റ്, 3. ബാങ്ക് അക്കൗണ്ട് കോപ്പി, 4. റേഷൻ കാർഡ് കോപ്പി, 5. ആധാർ കോപ്പി, 6. 10,+2 സർട്ടിഫിക്കറ്റ്, 7. എട്രൻസിനു പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് |
| 10 | ദുർബലവിഭാഗ പുനഃരധിവാസ ധനസഹായം | 1. റിപ്പയറിംഗ്, 2. കൃഷിഭൂമി, 3. സ്വയം തൊഴിൽ, 4. ഭൂമി, 5. വീട്, 6. ടോയ്ലറ്റ്, 7. സ്റ്റഡിറൂം. 8. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, അധാർ കോപ്പി, റേഷൻകാർഡ് കോപ്പി, ബാങ്ക് അക്കൗണ്ട് കോപ്പി |
| 11 | ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം | 1. ആധാർ കോപ്പി, റേഷൻകാർഡ്കോപ്പി, ബാങ്ക് അക്കൗണ്ട് കോപ്പി.,2. ജാതി സർട്ടിഫിക്കറ്റ്, 3. വരുമാന സർട്ടിഫിക്കറ്റ്, 4. കുടുംബത്തിലെ ഏകവരുമാനദായകൻ ആയിരുന്നു എന്ന് തഹസിൽദാരിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം, 5. മരണസർട്ടിഫിക്കറ്റ്, 6. പൂരിപ്പിച്ച അപേക്ഷ, 7. മരണപ്പെട്ടയാളുടെ ആധാർകാർഡ്കോപ്പി, 8. മരണപ്പെട്ടയാളുടെ ജാതി സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ്. |
| 12 | സ്വയം തൊഴിൽ ധനസഹായം<br>(പരമാവധി 3 ലക്ഷം രൂപ വരെ വായ്പ. ഒരു ലക്ഷം രൂപ സബ്സിഡി) | 1. ജാതി, 2. റേഷൻ കാർഡ്, 3. ആധാർ, 4. പ്രേജക്ട്, 5. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നു (എസ് സി/ എസ് ടി കോർപ്പറേഷൻ ജില്ലാ വ്യവസായകേന്ദ്രം ബ്ലോക്ക് പഞ്ചായത്ത്) ടി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, 6. 7-ാം ക്ലാസ്സ്/ അതിനുമുകളിൽ വിജയിച്ച സർട്ടിഫിക്കറ്റ്, 7. ജനനതിയ്യതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, 8. സ്വയം തൊഴിൽ ധനസഹായം 50 വയസ്സയ വരെ |
| 13 | വിദേശ തൊഴിൽ ധനസഹായം<br>(ഒരു ലക്ഷം രൂപ) | 1. ജാതി സർട്ടിഫിക്കറ്റ്, 2. വരുമാന സർട്ടിഫിക്കറ്റ്, 3. പാസ്പോർട്ട് കോപ്പി ഒറിജിനൽ, 4. ജോബ് വിസ കോപ്പി, 5. റേഷൻ കാർഡ് കോപ്പി, 6. ആധാർ കാർഡ് കോപ്പി, 7. ബാങ്ക് അക്കൗണ്ട് കോപ്പി, 8. ഫോട്ടോ, 9. വിമാനടിക്കറ്റിന്റെ കോപ്പി, 10. വിസ തൊഴിൽ കരാർപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്. |

| | | |
|---|---|---|
| 14 | ചികിത്സ ധനസഹായം | 1. റേഷൻ കാർഡ് കോപ്പി, 2. ആധാർ കാർഡ് കോപ്പി, 3. ബാങ്ക് അക്കൗണ്ട് കോപ്പി, 4. ജാതി, വരുമാന സർട്ടിഫിക്കറ്റ്, 5. മെഡിക്കൽ സർട്ടിഫിക്കറ്റ്, 6. അപേക്ഷ, 7. ടി ഗ്രാന്റ് ഓൺ ലൈൻ |
| 15 | മിശ്ര വിവാഹ ധനസഹായം | ഭാര്യ ഭർത്താവിന്റെ<br>1. ജാതി സർട്ടിഫിക്കറ്റ്, 2. വരുമാനസർട്ടിഫിക്കറ്റ്, 3. ആധാർ കാർഡ് കോപ്പി, 4. റേഷൻ കാർഡ് കോപ്പി, 5. വിവാഹ സർട്ടിഫിക്കറ്റ്, 6. ഫോട്ടോ, 7. സഹവാസ സർട്ടിഫിക്കറ്റ്. |
| | | |

# 8. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം

**0487 – 2370430**

ഈ ഓഫീസ് ബ്ലോക്ക് പഞ്ചായത്തിൻഖെ കാമ്പസ്സിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഓഫീസിന്റെ മേധാവി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറാണ്. ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ ഈ പ്രദേശത്ത് വിവിധ മേഖലകളിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുകയാണ് ഈ ഓഫീസിന്റെ ചുമതല. താഴെ പറയുന്ന തസ്തികകളിൽ ഉള്ള വിവിധ ജീവനക്കാർ ആണ് പ്രവർത്തനം ഏകോപിപ്പിക്കുന്നത്.

| ക്രമ നമ്പർ | തസ്തികകളുടെ പേര് | തസ്തികകളുടെ എണ്ണം | പ്രവർത്തനം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഉമ ടി. എൻ 9447772742 | 1 | ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടെയും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ DDO നിലയിലുള്ള ചുമതലകളും പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വണത്തിന്റെ മേൽനോട്ടവും ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രവൃത്തികളുടെ സങ്കേതികാനുമതി നൽകൽ പ്രവൃത്തികൾ, ബില്ലുകൾ ചെക്ക് മെഷർ ചെയ്യൽ |
| 2 | അസി.എഞ്ചിനിയർ ജയ ഒ. ആർ 7510118577 | 1 | ബ്ലോക്ക് തല പ്രവൃത്തികളുടെ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ, ബില്ലുകൾ തയ്യാറാക്കൽ, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കൽ, മുതലായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കൽ, ബില്ലുകൾ തയ്യാറാക്കൽ |
| 3 | ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ | 1 | ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ഗ്രാമപഞ്ചായത്ത് പ്രവൃത്തികളുടെ ബില്ലുകൾ ചെക്ക് മെഷൻ ചെയ്യുന്നതിന് അസി. എക്സി.എഞ്ചിനിയറെ സഹായിക്കൽ |
| 4. | സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്മാൻ | 1 | ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ഗ്രാമപഞ്ചായത്ത് പ്രവൃത്തികളുടെ ബില്ലുകൾ ചെക്ക് മെഷൻ ചെയ്യുന്നതിന് അസി. എക്സി.എഞ്ചിനിയറെ സഹായിക്കൽ |
| 5 | ക്ലാർക്ക് | 1 | ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ നോക്കുന്നു. ശമ്പളബില്ലുകൾ തയ്യാറാക്കുന്നു. പ്രവൃത്തിയുടെ ബില്ലുകൾ പരിശോധിക്കുന്നു. ഓഫീസ് സംബന്ധമായ എഴുത്തുകുത്തുകൾ നടത്തുന്നു. |
| 6 | പ്യൂൺ | 1 | ഓഫസിലെ വിവിധ ജീവനക്കാർക്കവശ്യമാ നിർദ്ദേശിക്കപ്പെട്ട ജോലികൾ |
| 7 | കാഷ്വൽ സ്വീപ്പർ | 1 | ഓഫീസും പരിസരവും ശുചിയായി സൂക്ഷിക്കൽ |

## അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 4 പഞ്ചായത്തുകളിൽ നിന്നും 257 അതിദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തി ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ക്ലേശഘടകങ്ങൾ അതിജീവിക്കാനാവശ്യമായ പദ്ധതികൾ തയ്യറാക്കി നടപ്പിലാക്കി. 2025 നവംബർ 1 അതിദാരിദ്ര മുക്ത കേരളം ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

## RRF

പുനഃരുപയോഗം സാധ്യമല്ലാത്ത തരം പ്ലാസ്റ്റിക് പൊടിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഈ യൂണിറ്റിൽ മൂന്ന് ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. ക്ലീൻ ആർമി സ്വയം തൊഴിൽ സംരംഭക യൂണിറ്റിനാണ് ഇതിന്റെ മേൽനോട്ട ചുമതല

**RGSA** ബ്ലോക്ക് കോഡിനേറ്റർ അജയ പി,

## തീമാറ്റിക് എക്സ്പെർട്ട് (BPRC) റാഷിദ കെ.എ

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഞഏടഅ യുടെ ഭാഗമായി പലവിധേനയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളിൽ മാലിന്യമുക്ത നവകേരളം ക്യമ്പയിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, അതിദാരിദ്ര രജിസ്റ്റർ തയ്യറാക്കൽ കേരളത്തിലെ പൗരൻമാരെ ഡിജിറ്റൽ സാക്ഷരത എന്ന പദ്ധതിയുടെ ഭാഗമായ ഡിജി കേരളം ഏകോപിപ്പിക്കൽ, നാഷണൽ പഞ്ചായത്ത് അവാർഡിന് വേണ്ടി ഗ്രാമപഞ്ചയത്ത്, ബ്ലോക്ക് പഞ്ചാത്ത് എന്നവയുമായി ബന്ധപ്പെട്ട പോർട്ടലിന്റെ ഏകോപനം വിവിധ ഐ ഇ സി എന്നി പ്രവർത്തികൾ നടത്തുന്നു.

## വിജ്ഞാന കേരളം

വിജ്ഞാനകേരളം, വിജ്ഞാന തൃശ്ശൂർ പ്രവർത്തനങ്ങളുടെ ഭാഗമായി ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ജോബ് സ്റ്റേഷൻ 2025 ഏപ്രിൽ 27ന് പ്രവർത്തനം ആരംഭിച്ചു. 2025 ആഗസ്റ്റ് 23 ന് "ഉയർച്ചക്കായ്" എന്ന പേരിൽ സംഘടിപ്പിച്ച ജോബ് ഫെയറിൽ 20-ഓളം തൊഴിൽ ദാതാക്കളിൽ നിന്നും 198 ജോലികൾ കണ്ടെത്തുകയും 86-ഓളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു.

## പ്രധാനപ്പെട്ട ടെലഫോൺ നമ്പറുകൾ

| | |
|---|---|
| ബ്ലോക്ക് ഓഫീസ് ഒല്ലൂക്കര | 2370430 |
| പോലിസ് സ്റ്റേഷൻ മണ്ണുത്തി | 2370280 |
| പോസ്റ്റ് ഓഫീസ്, മണ്ണുത്തി | 2370320 |
| ഇടിസി മണ്ണുത്തി | 2370209 |
| ബിഎസ്എൻഎൽ, മണ്ണുത്തി | 2372198 |
| കെഎസ്ഇബി മാടക്കത്തറ | 2695660 |
| പട്ടികജാതി വികസന ഓഫീസർ, ഒല്ലൂക്കര | 8547630105 |
| സെക്രട്ടറി, ഒല്ലൂക്കര ബ്ലോക്ക്, പഞ്ചായത്ത് | 8281040587 |
| കില | 2204097 |
| ആർഡിഒ | 2360100 |
| അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) | 2361819 |
| ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൃശൂർ | 2365720 |
| താലൂക്ക് ഓഫീസ് | 2322171 |
| നിർമ്മിതി കേന്ദ്രം | 2366121 |
| National Savings District Office | 2361566 |
| CDPO | 2375756 |
| ADA | 2370581 |
| CHC Vellanikkara | 2374088 |
| SVS Vaniyampara (മൃഗാശുപത്രി) | 0487 2687047 |
| DEO () | 2370007 |
| Asst. EXe.Engineer LSGD Ollukkara | 9447152545 |
| AE LSGD Ollukkara | 9562450040 |
| IEO (വ്യവസായ വികസന ഓഫീസർ) | 8301824272 |
| സാക്ഷരതാ പ്രേരക്, ഒല്ലൂക്കര | 9947996118 |

# പരാതി പരിഹാര മാർഗ്ഗങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനത്തെക്കുറിച്ചോ, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ചോ ഉള്ള പരാതികൾ പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് നേരിട്ടോ തപാൽ മാർഗ്ഗമോ ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടി വഴിയോ നൽകാവുന്നതാണ്. ലഭിക്കുന്ന പരാതികൾ വിശദമായ അന്വേഷണം നടത്തേണ്ടുന്നപക്ഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്യുകയും അന്വേഷണം നടത്തുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതുമായിരിക്കും.

**ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്**

**ഒല്ലൂക്കര : 680 655**

**ഫോൺ നമ്പർ : 0487 2370430**

Email:bdoollukkara@gmail.com

**വലിച്ചെറിയലല്ല തിരിച്ചറിയലാണ് മാറ്റം**

# ശുചിത്വ പ്രതിജ്ഞ

എന്റെ നാടിനോടും ഞാൻ ജീവിക്കുന്ന സമൂഹത്തോടും പരിസ്ഥിതിയോടും ജീവന്റെ ഉറവിടമായ ഭൂമിയോടും അങ്ങേയറ്റം നന്ദിയും കടപ്പാടും പ്രതിബദ്ധതയും ഞാൻ കാത്തുസൂക്ഷിക്കുന്നതായിരിക്കും. എന്റെ ആരോഗ്യത്തിനും ജീവന്റെ നിലനിൽപ്പിനും ഞാൻ ഉൽപാദിപ്പിക്കുന്ന ജൈവമാലിന്യം പൊതുസ്ഥലങ്ങളിലോ ജലസ്രോതസ്സുകളിലോ വലച്ചെറിയാതെ എന്റെ വീട്ടിലോ ഞാൻ പ്രവർത്തിക്കുന്ന സ്ഥാപനത്തിലോ വളമാക്കി മാറ്റുന്നതാണ്. പ്രകൃതിയെ നശിപ്പിക്കുന്ന എല്ലാത്തരം വസ്തുക്കളുടെ ഉപയോഗവും ഞാൻ പരമാവധി കുറയ്ക്കുമെന്നും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കളെ വലിച്ചെറിയാതെ കത്തിക്കാതെ വൃത്തിയാക്കി പുനഃചംക്രമണത്തിന് കൈമാറുന്നതുമാണ്. ഇതിലൂടെ എന്റെ നാടിന് ഉണ്ടാകുന്ന സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക ആരോഗ്യ നേട്ടങ്ങളെക്കുറിച്ചും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും ഞാൻ ബോധവാനാകുകയും മറ്റുള്ളവരിലേയ്ക്ക് ഈ സന്ദേശം എത്തിക്കുന്നതിനായി ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. ഞാൻ ഉൽപ്പാദിപ്പിക്കുന്ന മാലിന്യം എന്റെ ഭൂമിയുടെ ഹരിതശോഭയ്ക്ക് കോട്ടം വരുത്തുവാനോ എന്റെയും സമൂഹത്തിന്റെയും ആരോഗ്യം നശിപ്പിക്കുവാനോ വരുംതലമുറകൾക്ക് ബാധ്യതയാകുവാനോ ഇടനൽകാതെ സംസ്കാരിക്കുന്നതിന് ഞാൻ തന്നെ മുൻകൈ എടുക്കുന്നതാണ്. ഈ പ്രവൃത്തികൾ ഞാൻ തന്നെ ചെയ്തില്ലെങ്കിൽ ഇനിയൊരു തലമുറയ്ക്ക് ഈ ഭൂമിയിലെ ജീവിതം അസാധ്യമോ ക്ലേശകരമോ ആകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇപ്പോൾ ഞാൻ പ്രവർത്തിച്ചു തുടങ്ങിയില്ലെങ്കിൽ ഇനി ആർക്കും ഇത് സാധ്യമായേക്കില്ല എന്നും ഞാൻ മനസ്സിലാക്കുന്നു.

**"എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം"**